# മുഖം തേടുന്ന മനുഷ്യൻ



With the Best Compliments
from J.T.M

# മുഖം തേടുന്ന മനുഷ്യൻ

ജെ. ടി. മേടയിൽ

# മുഖം തേടുന്ന മനുഷ്യൻ

ജെ. ടി. മേടയിൽ

പ്രസാധകർ

പ്രകാശം പബ്ളിക്കേഷൻസ്

ബീച്ച്-ആലപ്പുഴ-688001

P. P. 59/1600

*(Malayalam)*

MUKAM THEADUNNA MANUSHIYAN

By

J. T. MEDAYIL

DHARMARAM COLLEGE BANGALORE. 560029

First published

December 30, 1976

Printed at Mar Mathews Press, Muvattupuzha

Price Rs. 2.50

Copy right

PRAKASAM PUBLICATIONS

ALLEPPEY. 688001

Paper used for the Printing of this Book has been made available by the Govt. of India at concessional Rate

# മുഖക്കുറിപ്പ്

മനുഷ്യൻ ഒരു അത്ഭുതപ്രതിഭാസമാണ്. പുറത്തു കാണുന്ന സ്ഥൂലപ്രപഞ്ചത്തിന്റെ (Macrocosm) ഒരു ചെറുപ്പതിപ്പാണവൻ. ചുരുക്കത്തിൽ അവൻ തന്നിൽ ത്തന്നെ ഒരു സൂക്ഷ്മപ്രപഞ്ചം ഒരുക്കുന്നു. (Microcosm) സ്ഥലകാലപരിമിതികളിൽ വസിക്കുന്ന മനുഷ്യന്റെ സഹയാത്രികനാണ് വേദന. ഹൃദയം നൊന്തപ്പോൾ യുവകവിയായ ചങ്ങമ്പുഴ പാടി.

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം" എന്ന്. പക്ഷേ അകത്തെ വേദനയുടെ പേരിൽ പുറത്തെ ലോകത്തെപ്പ ഴിക്കുകയായിരുന്നു കവി.

എന്നാൽ "മനുഷ്യാ നീ നിന്നെത്തന്നെ അറിയുക" എന്നു സോക്രട്ടീസ് പറഞ്ഞപ്പോൾ സത്യാന്വേഷണം– വേദനയുടെ രഹസ്യം–ശരിക്കുമറിയണമെങ്കിൽ, 'സ്ഥൂല പ്രപഞ്ചത്തിൽനിന്നു സൂക്ഷ്മപ്രപഞ്ചത്തി'ലേക്കുകൂടി കട ന്നു ചെല്ലണമെന്ന പൊതുതത്വം ഉന്നയിക്കുകയായിരുന്നു. മനുഷ്യൻ നിരന്തരമായ അന്വേഷണ വ്യഗ്രതയിലാണ്. തന്റെ 'മുഖം'–ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനുള്ള അന്വേഷണം. ആധുനിക മനുഷ്യനു മുഖം നഷ്ടപ്പെട്ടിരി ക്കുകയാണെന്നു പറയാം. 'മുഖം' തേടിയലയുന്ന–യോഗി മുതൽ പരിഷ്ക്കാരത്തിന്റെ ഇങ്ങേത്തലക്കലെത്തിയ ഹിപ്പിയുടെവരെ–ശ്രമകരമായ അന്വേഷണ പ്രക്രിയ– ചുരുക്കത്തിൽ, ആനുകാലികമായും അസ്തിത്വപരമായും വരച്ചു കാണിക്കാനുള്ള ശ്രമമാണീ ചെറുഗ്രന്ഥം.

ഈ ഗ്രന്ഥരചനയെക്കുറിച്ചു ചിന്തിക്കുമ്പോൾ ചില രെ മറക്കാനാവില്ല. ആരംഭം മുതൽ നിശബ്ദമായി എല്ലാ പ്രോത്സാഹനവും തന്നനുഗ്രഹിച്ച നിസ്വാർത്ഥ മതിയായ ഡോ. തോമസ് കാലായിക്കു എൻെറ നമോ വാകം. എൻെറ ഈ ശ്രമം പുസ്തകരൂപത്തിലാക്കാൻ നിരന്തരം എനിക്കു പ്രചോദനം തന്നുകൊണ്ടിരുന്ന ജോസ് ആനിത്തോട്ടത്തോടുള്ള കടപ്പാട് നിസ്സീമ മാണ്. ഒരു പക്ഷേ ആ സുഹൃത്തില്ലായിരുന്നെങ്കിൽ ഈ ഗ്രന്ഥം പുറത്തു വരില്ലായിരുന്നു. ഇതിൻെറ കൈ യ്യെഴുത്തുപ്രതി ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ഡോ. ഫ്രാൻസീസ് വടക്കേ ത്തലക്കും മിനുക്കു പണികൾക്കു സഹായിച്ച സെഡ്. എം. മൂഴൂരിനും ആത്മാർത്ഥമായ നന്ദി. മററു പലവിധ ത്തിൽ സഹായിച്ചവരുടെ പേരുകൾ എടുത്തു പറഞ്ഞാൽ തീരില്ല. അവർക്കെല്ലാം കൃതജ്ഞതയുടെ പൂച്ചെണ്ട്. ഇതിൻെറ പ്രസിദ്ധീകരണം മുഴുഹൃദയത്തോടെ ഏറെറ ടുത്ത പ്രകാശം പബ്ളിക്കേഷൻസിൻെറ ജനയിതാവ് ഹൊർമ്മീസച്ചനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുക്കാ നാവില്ല. ആ സ്നേഹധനന് സ്നേഹത്തിൻെറയും കൃത ജ്ഞതയുടെയും കൂപ്പുകൈ.

ജെ. ടി. മേടയിൽ

ധർമ്മാരാം കോളേജ്
ബാംഗ്ളൂർ. 560029

# അവതാരിക

മനുഷ്യൻ എന്ന പ്രതിഭാസം ഒരു രഹസ്യമാണു്. അവനിയിൽ അവൻ കാൽകുത്തിയനാറംതൊട്ടു് അണു യുഗം പിറന്ന ഇന്നാറംവരെയും അവൻ സ്വയം അന്വേഷിച്ചു, അപഗ്രഥിച്ചു, സ്വന്തമുഖം തേടിതെരഞ്ഞു നടന്നു. ഇന്നും മനുഷ്യൻ ഒരു രഹസ്യമായിത്തന്നെ അവശേഷിച്ചിരിക്കുന്നു.

കഥകളിലൂടെയും കവനങ്ങളിലൂടെയും അവൻ സ്വന്തം രൂപം തേടി. മുഖംമൂടിയ ആത്മരൂപത്തിന്റെ തനിരൂപം ആരാഞ്ഞുകൊണ്ടു് കലയും കവിതയും പുറത്തു വന്നു. ശാസ്ത്രവും ദർശനവും അതിനു കൂട്ടുനിന്നു. മനുഷ്യനെ തേടിയുള്ള മനുഷ്യന്റെ പരക്കംപാച്ചിലിനു് ഒരവസാനവും ഉണ്ടായില്ല. ഇന്നും അവൻ ആരായുകയാണു്; സ്വന്തമുഖം തേടുകയാണു്.

ഇരുപതാംനൂററാണ്ടിന്റെ ചന്തകളിലും ചിന്തകളിലും, കഥകളിലും കവിതകളിലും മുററിനില്ക്കുന്ന മനുഷ്യമുഖം അപഗ്രഥിക്കുകയാണു് ജെ.ടി. ഈ ലഘുഗ്രന്ഥത്തിലൂടെ. ഇതു് ഒരു പുതിയ അവതരണരീതിയാണു്. മനുഷ്യജീവിതമെന്ന പ്രതിഭാസത്തെ അസ്തിത്വാത്മകമായി അവന്റെ ആന്തരികസത്തയിലേയ്ക്കു് ഉൾദർശനം നല്കുകയാണു് ഇതിന്റെ ധർമ്മം. നോവലുകളിലെ നൂതനദർശനം ഇതിന്റെ ഒരംശമാണു്. അവയിൽനിന്നുള്ള നവ്യപാഠങ്ങളും, അവയോടൊത്തു ഞെട്ടിപ്പിക്കുന്ന വാർത്തകളും, ഞെളിപിരികൊള്ളിക്കുന്ന സംഭവകഥകളും തന്മയത്വത്തോടെ കോർത്തിണക്കി അവയിലൂടെ ഇന്ന

ത്തെ മനുഷ്യൻെറ യഥാത്ഥമുഖം അവതരിപ്പിക്കുന്നതിൽ മേടയിൽ പ്രശസ്തമായി വിജയിച്ചിട്ടുണ്ട്. "ഗോദോവിനുവേണ്ടിയുള്ള കാത്തിരുപ്പ്" എന്ന ബെക്കററിൻെറ നാടകത്തിലൂടെ അവതരിപ്പിക്കപ്പെടുന്ന ആധുനികമനുഷ്യൻെറ മുഖമിതാ: "ആത്തനായി, വിവശനായി, പീഡിതനായി, സംഘർഷങ്ങൾക്കിടയിൽപ്പെട്ട് അടങ്ങാത്ത നിരത്ഥകാഭിലാഷങ്ങളും പേറിനടക്കുന്ന അവനു നിരാശയാണ് കൈമുതൽ. ഈ നിരാശയെപ്പററിയുള്ള അവബോധത്തെക്കുറിച്ച് നിരന്തരം സംസാരിച്ച് അതിൽനിന്നു രക്ഷനേടാൻ അവൻ വൃഥാ ശ്രമിക്കുന്നു."

ഈ ദശ്നം മുഖമോ, മുഖംമൂടിയോ എന്നതാണു പ്രശ്നം. ഗ്രന്ഥകത്താവിനു് ഒരു വാക്കുകൂടി പറയാനുണ്ട്: "ഇതിലെ മനുഷ്യർ മുഖം അന്വേഷിക്കുന്നവരാണ്. മുഖം പ്രതിബിംബിക്കണമെങ്കിൽ മുഖക്കണ്ണാടി വേണം. തൻെറതന്നെ മുഖം കാണാൻ മനുഷ്യനു കഴിവില്ലല്ലൊ."

എവിടെ കിട്ടും ഈ മുഖകണ്ണാടി? അതാ ഇന്നിൻെറ മനുഷ്യനു പററിയ, ചെറുതെങ്കിലും തെളിവുള്ള ഒരു മുഖകണ്ണാടി. "മുഖം തേടുന്ന മനുഷ്യൻ." ഈ മുഖക്കണ്ണാടിയിലൂടെ നോക്കിയാൽ നിങ്ങളുടെ തനിരൂപം കാണുവാൻ കഴിയും. നിങ്ങളുടെ ചന്തവും ചിന്തയും ഇതിൽ നിഴലിക്കുന്നുണ്ട്. നിങ്ങളുടെ കവികളും കലാകാരന്മാരുമാണ് ഇതിലൂടെ ഉടനീളം സംസാരിക്കുന്നതു്. നിങ്ങൾക്കു ചുററും നടക്കുന്ന അനുദിനസംഭവങ്ങളാണ് ഇതിൻെറ സാരാംശം. നിങ്ങളുടെ യുവതീയുവാക്കന്മാർ കരുപ്പിടിപ്പിക്കുന്ന ജീവിതരീതിയാണ് ഇതിലെ പ്രതിപാദ്യവിഷയം. ഇതു നിങ്ങളുടെ മുഖകണ്ണാടിയാണ്.

"ഭയവും ദുഃഖവും മോഹവും മോഹഭംഗവും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന" ഈ ലോകത്തിൽ മനുഷ്യൻെറ,

''ഉറക്കാമ്പു കണ്ടെത്തുവാനുള്ള വ്യഗ്രതയും, നെട്ടോട്ടവും നടക്കുന്ന'' ഈ ലോകത്തിൽ, മുഖം തേടിയുഴലുന്ന മനുഷ്യനുള്ള ഒരു മുഖകണ്ണാടിയായിരിക്കട്ടെ മേടയിലിന്റെ ''മുഖംതേടുന്ന മനുഷ്യൻ.'' ഗ്രന്ഥകർത്താവിനു് എന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ.

ഡോ. ഫ്രാൻസീസ് വടക്കേത്തല.

'Be not in Agony any more'

എന്നു പറഞ്ഞവർക്കു്

"നോക്കു, ഈ കരിശു ധരിക്കു;

നമുക്കൊരുമിച്ചു സർവ്വവും സഹിക്കാം"

എന്നു പറയുന്നവർക്കു്

# 1

## മുഖമെവിടെ ?

മനുഷ്യജീവനെന്ന പ്രതിഭാസം:

അതു സ്ത്രീയുടേതാകട്ടെ പുരുഷൻേറതായിക്കൊള്ളട്ടെ, പല മുഖങ്ങളണിയുന്നു.

പ്രകാശവീചിയെക്കാറം വേഗതയിൽ ചലിച്ചുകൊണ്ടിരിക്കുന്ന, ലോകം. വർദ്ധിച്ച ചലനാത്മകതയുടെ അടിയൊഴുക്കിൽപ്പെട്ട മനുഷ്യൻ. നിലയില്ലാത്ത കയത്തിലെ നീർച്ചുഴിയിൽപ്പെട്ട മരക്കഷണം കണക്കെ ചുററി കറങ്ങുകയല്ലേ, മാനവസമൂഹംതന്നെ. കരകയറാൻ തുടിച്ചുനീന്തി ശ്രമിക്കവെ, തന്നെത്തന്നെ ഉറപ്പിച്ചിരുന്ന അടിസ്ഥാനശിലകളായ മതം, രാഷ്ട്രം, കുടുംബം, സമൂഹം എന്നിവയെല്ലാം കുലംകുത്തി പായുന്നതായി അവനു തോന്നുന്നു. ഇതാണു് മനുഷ്യൻെറ ദുർവിധി. മനുഷ്യപ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന, സ്നേഹിക്കാനുള്ള മൗലികപ്രവണതയിലൂടെ താനാകുന്ന വലയത്തെ ഭേദിച്ചു്, സ്വന്തം പരിത്യക്താവസ്ഥ നീക്കി, അയൽക്കാരനുമായി ഒന്നായിത്തീരാൻ പരിശ്രമിക്കുമ്പോഴും മനുഷ്യൻ ചില യവസരങ്ങളിൽ ഒററപ്പെട്ട വ്യക്തിയായി നില്ക്കുന്നു. സമൂഹജീവിയെന്നു മനുഷ്യനെ വിശേഷിപ്പിക്കുന്ന, സാമൂഹ്യ

ശാസ്ത്രജ്ഞന്മാർ. അടിസ്ഥാനപരമായി ഒററപ്പെടൽ അനുഭവിക്കുന്ന മനഃശാസ്ത്രത്തിൻെറ 'വ്യക്തി', ബന്ധത്തിലൂടെ ഒന്നാകാൻ കുതിക്കുമ്പോൾ ബന്ധനത്തിൽ കുടുങ്ങുന്ന മനുഷ്യൻ. എട്ടുകാലിയെപ്പോലെ എട്ടുകാലും വിടർത്തി പടർന്നുപന്തലിക്കുമ്പോഴും, സ്വാർത്ഥതയുടെ കൊച്ചു ചക്രച്ചുരുളിലേക്കു് എല്ലാററിനെയും ചുരുക്കിക്കൂട്ടാൻ വെമ്പുന്ന സ്വാതന്ത്ര്യം പരോന്മുഖനുമായ ജീവി. മോഹമായി ഉയർന്നിട്ടു്, മോഹഭംഗത്തിലമരുന്ന വിരതിയുടെ മനുഷ്യൻ. രാഗമായി പടർന്നു് വിരാഗമായി പതിയുന്ന രാഗസുധ. അടുക്കാൻ മോഹിക്കുന്നു. അടുത്താലകലാൻ ശ്രമിക്കുന്നു. ഇണക്കം. പിന്നെ പിണക്കം. തുടക്കം പിന്നെ മുടക്കം. പ്രപഞ്ചത്തിലെ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും പേറി മനുഷ്യൻ ഇന്നൊരു ദുരവസ്ഥയിലാണു്: മാറി മാറി പ്രത്യക്ഷപ്പെടുന്നു മനുഷ്യൻെറ മുഖങ്ങൾ! ആധുനികമനുഷ്യൻെറ മാനസിക സംഘട്ടനങ്ങളെ വരച്ചുകാണിക്കുന്ന ഒരു നാടകമാണു് സാമുവൽ ബെക്കററിൻെറ "ഗോദോവിനുവേണ്ടിയുള്ള കാത്തിരിപ്പു്". പ്രസ്തുത നാടകം അദ്ദേഹത്തിനു രാജ്യാന്തരപ്രശസ്തി നേടിക്കൊടുക്കുകയുണ്ടായി.

വ്ളാഡ്മീർ, എസ്ത്രഗോൻ എന്ന രണ്ടു ഭിക്ഷാംദേഹികളാണു് ഈ നാടകത്തിലെ പ്രധാന പാത്രങ്ങൾ.

ഇവർ വിജനമായ റോഡിനരികിലുള്ള ഒരു തണൽമരത്തിൻെറ ചുവട്ടിൽ ഗോദോവിനെ പ്രതീക്ഷിച്ചിരിക്കുകയാണു്. ആരാണീ ഗോദോവു്?

ദൈവമോ? അതോ അവരുടെതന്നെ സങ്കല്പസൃഷ്ടിയായ ഒരു മിത്തോ? അതെല്ലാം അനന്തം. അജ്ഞാതം!

ഒന്നുമാത്രം അവർക്കു് ഉറപ്പുണ്ടു്: ഗോദോവിനെ പ്രതീക്ഷിച്ചു് അവർ കാത്തിരിക്കണമെന്നു്. ഒന്നുകിൽ ബോറടിച്ചു് മുഷിഞ്ഞു് കാത്തിരിക്കുക;

അല്ലെങ്കിൽ,

ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കുക. ഇതിലുപരിയായി ഒന്നും തെരഞ്ഞെടുക്കാനില്ലവർക്ക്.

ആത്മഹത്യ സാദ്ധ്യമല്ലെന്ന് അവർതന്നെ പറയുന്നു. അവർക്ക് അന്യോന്യം വേർപെടാനാവില്ലതന്നെ. അപരനിൽനിന്നും വിട്ടുമാറി തനിയെ ആകാനുള്ള ശ്രമമെല്ലാം പരാജയത്തിലാണ് കലാശിക്കുന്നത്. കാരണം, കലഹിച്ചും ബോറടിച്ചും നിത്യം പിറുപിറുത്തും കഴിയാൻ വിധിക്കപ്പെട്ടവരാണ് അവർ എന്നതുകൊണ്ട്.

ഈ രണ്ടു കഥാപാത്രങ്ങളും ഇങ്ങനെ മനംമടുപ്പിക്കുന്ന കാത്തിരുപ്പിൽ കഴിയുമ്പോഴാണ് ധനികനും ക്രൂരനുമായ പൊസ്സോ എന്ന ഒരു മല്ലൻ ആ വഴി കടന്നുവരുന്നു—

അയാൾ ലക്കി എന്ന അടിമയെ ഓടിച്ചുകൊണ്ടു പോകുകയാണ്. ഒരു നീണ്ട യാത്രയിലാണവർ. വ്ളാഡ്മീറിനെയൊ എസ്ട്രഗോനെയൊപോലെയല്ലവർ. ഒരു ലക്ഷ്യമുണ്ട് പൊസ്സോയിക്കും ലക്കിക്കും.

എന്നാൽ നാടകത്തിന്റെ രണ്ടാം രംഗത്തിൽ പൊടുന്നനെ പൊസ്സോ തിരിച്ചുവരുന്നു. തന്റെ ജീവിതത്തിന്റെ ലക്ഷ്യം ഒരു മിഥ്യയായിരുന്നെന്ന ബോദ്ധ്യത്തോടുകൂടിയാണ് ആ തിരിച്ചുവരവ്. തന്നെയുമല്ല, പൊസ്സോ അന്ധനും, അയാളുടെ അടിമ ഊമനുമായിതീർന്നിരിക്കുന്നു. ഭിക്ഷാംദേഹികൾ അവരുടെ നീണ്ട കാത്തിരുപ്പ് തുടരുന്നു. വ്ളാഡ്മീറിനു് മിക്കവാറും ബോദ്ധ്യമായി ഗോദോവ് ഇനി ഒരിക്കലും വരാൻ പോകുന്നില്ലെന്ന്.

അതാ ഒരു പയ്യൻ ഓടിക്കിതച്ചുവരുന്നു. ഗോദോവ് നാളെ വരും. അതാണ് അവനു കൊടുക്കാനുള്ള സന്ദേശം.

ഈ സന്ദേശം എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ അനന്തമായ കാത്തിരുപ്പിൻെറ മാനസികവേദന ശക്തിപ്പെടുത്താനേ ഉപകരിക്കുന്നുള്ളു.

നീണ്ട കാത്തിരുപ്പ് അല്ലെങ്കിൽ ആത്മഹത്യ. ആത്മഹത്യ എന്ന ഏകപ്രതിവിധിയെ, മനംപിരട്ടുന്ന കാത്തിരുപ്പ് എന്ന സമസ്യക്കുള്ളു. ആത്മഹത്യയ്ക്കു് ഒരുങ്ങി, തൂങ്ങിമരിക്കാൻ നോക്കിയപ്പോഴും കയറില്ല; അതിനൊരു വിദ്യ കണ്ടുപിടിച്ചു എസ്ട്രഗോൻ. അരയിൽ കെട്ടിയിരുന്ന ബെൽററ് അഴിച്ചെടുത്തു. കഷ്ടം; അയാളുടെ നിക്കർ നിലത്തു് ഊർന്നുവീണുപോയി. എങ്കിലും ബെൽററ് ഉപയോഗിച്ചു് ജീവിതം അവസാനിപ്പിക്കാനുള്ള ശ്രമത്തിലാണയാൾ. അതാ ബെൽററ് പൊട്ടി ആ ഹതഭാഗ്യൻ നിലത്തുവീഴുന്നു; നിരാശരായി അവർ പൂർവ്വസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചു. കൊള്ളാം, നമുക്കിനി ഇവിടെനിന്നും പോകാം എന്നു് വ്ളാഡിമീർ പറയുന്നു. പോകാൻ തീരുമാനിച്ചു് അവർ എഴുന്നേല്ക്കുമ്പോഴും അവസാനത്തെ രംഗനിർദ്ദേശം—അവർക്കനങ്ങാൻ സാധിക്കുന്നില്ല.

ആധുനിക നാടകങ്ങളിലൂടെ, ജീവിതത്തിൻെറ ഉപരിപ്ലവതലങ്ങളെ ഭേദിച്ചു് ജീവിതാനുഭവങ്ങളുടെ അഗാധതലങ്ങളെ അനാവരണംചെയ്യാനും അന്വേഷിച്ചുകണ്ടെത്താനുമുള്ള പരിശ്രമമാണിവിടെ നടക്കുക. ഈശ്വരനില്ലാത്ത ലോകത്തിലാണു് നാമൊക്കെ ജീവിക്കുന്നതെന്നു് കഥാപാത്രങ്ങളും കഥാകൃത്തും വിശ്വസിക്കുന്നു.

> ജീവിതം നിരർത്ഥകമാണു്. വിശ്വാസം പ്രത്യാശ, ജീവിതലക്ഷ്യം എന്നിവയെല്ലാം മിഥ്യാധാരണകൾ.

സോദ്ദേശകമല്ലാത്ത ജീവിതം 'ഒരു നിലനില്പാണു്.' ഭൂരിഭാഗവും 'നിലനില്പായി' ജീവിതം തള്ളി

നീക്കന്നേതു് സ്വയം നശിപ്പിക്കാൻ അശക്തരായതുകൊണ്ടാണെന്നു് അദ്ദേഹം കരുതുന്നു. അതോ 'ജീവിതം ജീവിക്കാൻ' പഠിക്കാത്തതുകൊണ്ടോ? അതിനു ശ്രമിക്കാത്തതുകൊണ്ടോ?

ബെക്കററ്റ് തുടൻ പറയുന്നു. ആധുനിക മനുഷ്യനു് കെല്പില്ല; ജീവിതത്തിനു് പൂൎണ്ണവിരാമമിടാൻ; അതു തുടരാനുള്ള ശക്തിയുമില്ല. നിതാന്തശൂന്യതയിലാണവൻ അസ്തിത്വം പൂണ്ടിരിക്കുന്നതുതന്നെ. ഏതുസമയത്തും അവനെ തകൎത്തുകളയാവുന്ന അജ്ഞാതശക്തികളുടെ ബലിയാടാണവൻ.

ആൎത്തനായി, വിവശനായി, പീഡിതനായി–സംഘൎഷങ്ങൾക്കിടയിൽപ്പെട്ടു് അടങ്ങാത്ത നിരൎത്ഥകാഭിലാഷങ്ങളും പേറിനടക്കുന്ന അവനു് നിരാശതയാണു് കൈമുതൽ. ഈ നൈരാശ്യത്തെപ്പററിയുള്ള അവബോധത്തോടെ നിരന്തരം സംസാരിച്ചു് അതിൽനിന്നും രക്ഷ നേടാൻ അവൻ വൃഥാ ശ്രമിക്കുന്നു.

ആധുനിക മനുഷ്യൻെറ മാനസികപ്രത്യേകതകളുടെ തനി രൂപം കുറെയൊക്കെ വരച്ചുകാണിക്കുന്നതാണീ നാടകം. ശരിതന്നെ. എന്നാൽ ഇതു് മനുഷ്യൻെറ യഥാൎത്ഥ രൂപമല്ല. ഈ ചിത്രങ്ങൾ അയഥാൎത്ഥമാണു്. ഇതിലെ മനുഷ്യർ മുഖം അന്വേഷിക്കുന്നവരാണു്. മുഖം പ്രതിബിംബിക്കണമെങ്കിൽ മുഖക്കണ്ണാടി വേണം. തൻെറ തന്നെ മുഖം കാണാൻ മനുഷ്യനു കഴിയുകയില്ലല്ലോ?

ഇവർ യഥാർത്ഥ മുഖം നഷ്ടപ്പെടുത്തിയവരാണു്. മുഖംമൂടി അണിയുന്നതു് ഭീരുത്വമാണു്.

തന്മയെ (Identity) യഥാൎത്ഥമുഖത്തെ–മററുള്ളവർ കാണാതിരിക്കാൻ പരിശ്രമിക്കുന്നവരാണു് മുഖം മൂടി (mask) അണിയുക.

കവർച്ചക്കാരും, വിമാനം റാഞ്ചികളും, മ്യൂണിക്കിലെ ഒളിമ്പിക്ഗ്രൗണ്ടിൽ കടന്നാക്രമണം നടത്തിയ ഗറില്ലകളും അണിഞ്ഞത്ു് മുഖം മൂടിയാണ്.

സ്വയം മററുള്ളവരിൽനിന്നും മറച്ച്, മറയുടെ കീഴിൽ, വൃത്തികേടുകൾ കാണിച്ചവർ ഭീരുക്കളാണ്.

അവരെ സാമൂഹ്യവിരുദ്ധരും വിശ്വാസവഞ്ചകരുമായി സമൂഹം തള്ളിക്കളയുന്നു.

മുഖം മറയ്ക്കുന്നത്ു് അപകടകരമാണ്. മനുഷ്യനു പിണഞ്ഞിരിക്കുന്ന വലിയ പിശകും ഇതുതന്നെ. പലരും അണിഞ്ഞിരിക്കുന്നത്ു് പൊയ്മുഖങ്ങളാണ്. വിമാന റാഞ്ചികളുടെയൊ കവർച്ചക്കാരുടെയൊ, ഭീകരപ്രവർത്തകരുടെയൊ മുഖം മൂടി ആകണമെന്നില്ല. പക്ഷെ പലരുടെയും യഥാർത്ഥമായ മുഖം നഷ്ടപ്പെട്ടിരിക്കുകയാണ്.

എന്നാണീ മുഖം നഷ്ടപ്പെട്ടത്ു്?
പരസ്ത്രീയുമായി ശയിച്ചപ്പോഴാണോ?
കള്ളപ്പണം അടിച്ചിറക്കിയപ്പോഴോ?
കരിഞ്ചന്തയും കള്ളക്കടത്തും ആരംഭിച്ചപ്പോൾ?
കണ്ണടച്ച് ഇരുട്ട് സൃഷ്ടിച്ച് സത്യം ഏതെന്നു ചോദിച്ചപ്പോൾ?
ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനല്ല എന്നു പറഞ്ഞപ്പോൾ?
സത്യത്തിനും നീതിക്കും നിരക്കാതെ പ്രവർത്തിച്ചപ്പോൾ?
രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തിയപ്പോൾ?
അയൽക്കാരനെ വഞ്ചിച്ചപ്പോൾ?
സഹോദരനോട്ു് അവിശ്വസ്തമായി പെരുമാറിയപ്പോൾ?
ആത്മവഞ്ചനയിലൂടെ സ്വയം അന്ധനായപ്പോൾ?

നിൽക്കൂ; ഒരു നിമിഷം; ഈ പൊയ്മുഖങ്ങൾ ഓരോന്നായി മാററിയെടുക്കാം. പക്ഷെ നിങ്ങളുടെ മുഖം ശോഭയുള്ളതായിരിക്കാം, നഗ്നനായി–അസ്തിത്വത്തിൻെറ നഗ്നതയിൽ–താനായിരിക്കുന്ന യഥാർത്ഥരൂപത്തിൽ ഒരു നിമിഷം നില്ക്കാം. അതു വേദനാജനകമാണു്. എന്നാൽ മുഖംമൂടിയണിഞ്ഞു് നീങ്ങരുതു്. നഷ്ടപ്പെട്ട മുഖവുമായി സഞ്ചരിച്ചാൽ കബന്ധങ്ങൾപോലെയാകും. അവ ജീവിക്കും; ജീവിക്കാതെ ജീവിക്കും.

നഷ്ടപ്പെട്ട മുഖം തേടിയുള്ള പ്രയാണത്തിലാണു് മനുഷ്യൻ. മുഖങ്ങൾ പൊയ്മുഖങ്ങളാൽ വിരൂപമാണു്. അന്വേഷണത്തിനു് – സാഹസത്തിനു് – ധൈര്യമാണാവശ്യം.

കടം കയറി പാപ്പരാകുന്നവനു് പണമേ നഷ്ടപ്പെടുന്നുള്ളൂ,
സുഹൃത്തിൻെറ വിരഹം മൂലം അതിൽക്കൂടുതലായി എന്തോ നഷ്ടപ്പെടുന്നു;
എന്നാൽ നഷ്ടധൈര്യനാകുന്ന മനുഷ്യനു് സർവ്വവും നഷ്ടമാകുന്നു.

അതുകൊണ്ടു് നഷ്ടധൈര്യനാകാതെ ധൈര്യം സംഭരിച്ചു് യഥാർത്ഥ മുഖം തേടാം. അന്വേഷണങ്ങൾ പലപ്പോഴും ഉപരിപ്ലവങ്ങളായി നില്ക്കുന്നു. താൽക്കാലികമായി ചില വ്യർത്ഥ സങ്കല്പങ്ങളും മിഥ്യാധാരണകളും കല്പിത വിശ്വാസങ്ങളും ചമച്ചു്, അവൻ തൃപ്തിയടയുന്നു. അന്വേഷണം–വെളിച്ചത്തിനുവേണ്ടിയുള്ള അന്തർദാഹം–മുഖക്കണ്ണാടി കാണാത്തതിലുള്ള ഉൾത്തേങ്ങൽ എല്ലാം മനുഷ്യനെ ഗതി മുട്ടിച്ചിരിക്കുകയാണു്.

മനുഷ്യവ്യക്തിത്വത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണെങ്കിൽ, അതിൻെറ വിവിധരൂപങ്ങൾ കണ്ടെത്താൻ കഴിയും.

ഓരോരുത്തരും ആദർശരൂപമായി കാണുന്ന തങ്ങളുടെ വ്യക്തിത്വം ഉണ്ട്. ഇതു് ഭാവനയിലാണ് അസ്തിത്വം പൂണ്ടിരിക്കുക. സ്വന്തമായ അല്ലെങ്കിൽ സ്വാംശീകരിച്ച ആദർശങ്ങൾ, അഭിലാഷങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ താനാണെന്നു സങ്കല്പിച്ചുവശായിപ്പോകുന്ന ഭാവനാസൃഷ്ടിയായ ആദർശസ്വഭാവരൂപമാണിതു്. ഈ ആദർശവും പ്രകൃതിയും തമ്മിൽ മോരും മുതിരയും പോലെ വേർപെട്ടു നില്ക്കുന്നു.

സുഹൃത്തുക്കൾ ഒരാളെക്കുറിച്ച് സ്വരൂപിച്ചുണ്ടാക്കുന്ന വ്യക്തിത്വരൂപമുണ്ട് – ഇതു് പലപ്പോഴും ഒരുവൻെറ യഥാർത്ഥ വ്യക്തിഭാവത്തിൻെറ അയഥാർത്ഥരൂപമായിരിക്കും.

സ്നേഹത്തിനു കണ്ണില്ലെന്നു പറയുന്നതുപോലെ യഥാർത്ഥ വ്യക്തിത്വത്തെ കാണാൻ എല്ലാ സുഹൃത്തുക്കൾക്കും കഴിഞ്ഞെന്നു വരില്ല.

ഇനി ഒരുവൻെറ തനതായ രൂപമുണ്ട്–നഗ്നരൂപം–പോരിമകളും പോരായ്മകളുംകൂടിയ സ്വഭാവം. സ്വഭാവത്തിൻെറ വികലതകളും, പെരുമാററത്തിൻെറ സമയവ്യത്യാസവും അതിലാണ് തെളിയുക. മാന്യതയുടെ ഉള്ളിലെ മറ നീക്കിയാൽ കാണുന്ന തനിരൂപമാണതു്. ഈ രൂപത്തെ അംഗീകരിച്ച് സ്വീകരിക്കാൻ മടിച്ചിട്ടു കാര്യമില്ല. പോരിമകളെ വളർത്താനും പോരായ്മകളെ തകർക്കാനും സാധിക്കണമെങ്കിൽ തന്നെത്തന്നെ താനായിരിക്കുന്ന സ്ഥിതിയിൽ അംഗീകരിച്ച് സ്വീകരിക്കാതെ പററില്ല. എന്നാൽ പലപ്പോഴും കല്പിതവിശ്വാസങ്ങളുടെയും മിഥ്യാസങ്കല്പങ്ങളുടെയും നിർമ്മിതലോകത്തിൽ വിഹരിക്കുകയാണ് നല്ലൊരു ശതമാനം മനുഷ്യരും.

എത്രയധികം ജീവിത സംഭവങ്ങൾ അനുദിനജീവിതത്തിൽനിന്നും അടർത്തിയെടുക്കാൻ കഴിയും!

1973-ഡിസംബർ 6-ാം തീയതിയിലെ പ്രഭാതമുണർന്നതു് ഡൽഹി നഗരത്തെ മുഴവൻ പിടിച്ചു കുലുക്കിയ ഒരു കൊലപാതകത്തിന്റെ വാർത്തയുമായിട്ടായിരുന്നു. ഡോ. നരേന്ദ്രസിംഗ്ഗ് ജയിൻ ഡൽഹിയിലെ ഏററവും പ്രസിദ്ധനായ നേത്ര ചികിത്സാ വിദഗ്ദ്ധനാണു്. പക്വതയും പാണ്ഡിത്യവും ഒരുപോലെ കൈമുതലായുള്ള മനുഷ്യൻ, തികഞ്ഞ മനുഷ്യസ്നേഹി. അദ്ദേഹത്തെ ഒരിക്കൽ സമീപിച്ചവർക്കു് ആ വ്യക്തിത്വത്തിന്റെ ഔന്നത്യം വിസ്മരിക്കാനാവില്ല. അയാളുടെ ഭാര്യ വിദ്യാ ജയിൻ– സുന്ദരിയായ സ്ത്രീരത്നം–തലസ്ഥാനത്തെ എല്ലാ പ്രമുഖ സംഘടനകളിലും, സാമൂഹ്യസമിതികളിലും സജീവമായി പ്രവർത്തിക്കുന്ന അവർ, ഏവർക്കും സുപരിചിതയാണു്. രണ്ടുപേരെപ്പററിയും ജനങ്ങൾക്കു് ഉയർന്ന മതിപ്പാണു്–കറയററ രണ്ടു സാമൂഹ്യ സേവകർ. സന്തുഷ്ടരായ ഭാര്യാഭർത്താക്കന്മാർ. സമർത്ഥരായ രണ്ടു മക്കൾ, വേണ്ടുവോളം സമ്പത്തു്. എല്ലാ വിധത്തിലും ഒരു സന്തുഷ്ട കുടുംബം. ആർക്കാണു് അവരോടു് അസൂയ തോന്നാതിരിക്കുക. ഇത്രയും, കഥയുടെ പശ്ചാത്തലം. എന്നാൽ 1973 ഡിസംബർ 5-ാം തീയതിയാണു് ആ കഥയിലെ മുഖ്യസംഭവം നടന്നതു്. അന്നു സന്ധ്യാസമയം നരേന്ദ്രസിംഗ്ഗ്ജയിനും വിദ്യാജയിനും ഒന്നിച്ചു് സ്വവസതിയിൽനിന്നുമിറങ്ങി അടുത്തു വഴിയരികിൽ പാർക്കു ചെയ്തിരുന്ന അവരുടെ കാറിനടുത്തേയ്ക്കു നീങ്ങുകയായിരുന്നു. പെട്ടെന്നു് ഇരുട്ടിൽനിന്നു് ഏതാനും പേർ വിദ്യാജയിന്റെമേൽ ചാടിവീണു. അവരുടെ കഠാരകൾ അവളുടെ ദേഹത്തു് പല പ്രാവശ്യം താണിറങ്ങി. ഒടുക്കം അക്രമികൾ വന്നപോലെ അന്ധകാരത്തിൽ മറഞ്ഞു. ഡോ.

ജയിൻ ഉടനെ ഭാര്യയെ അല്പം അകലെയുള്ള ഒരാശുപത്രിയിൽ എത്തിച്ചു. പക്ഷെ അവർ മരിച്ചുകഴിഞ്ഞിരുന്നു. വിദ്യാജയിൻെറ കൊലപാതകം സൃഷ്ടിച്ച ഞെട്ടലിലാണ് പിറേറദിവസം പ്രഭാതമുണർന്നത്. മരിച്ചയാളിനെക്കുറിച്ച് എങ്ങും വിലാപം. ഡോ. ജയിനിനോട് അനുകമ്പ. അക്രമികളോട് കടുത്ത അമർഷം. ജനങ്ങളും പോലീസ്സും ഭരണയന്ത്രവും ഒരുമിച്ചുണർന്നു. ഫലം പെട്ടെന്നായിരുന്നു. അപ്രതീക്ഷിതവും. മറെറാരു ഞെട്ടലിൻെറ തരംഗങ്ങൾ തലസ്ഥാനത്തെ പിടിച്ചുകുലുക്കി – ഡോ. ജയിനാണ് ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടത്. കൊലപാതകത്തിൻെറ സൂത്രധാരൻ ജയിൻതന്നെയായിരുന്നു. തൻെറ രഹസ്യകാമുകിയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഡോ. ജയിൻ ഈ ഉപജാപം ഒരുക്കിയത്. ചന്ദ്രേഷ് ശർമ്മ എന്ന ഇഷ്ടകാമുകിയെ മനസ്സാ വരിച്ച ജയിൻ തൻെറ നിയമാനുസൃത ഭാര്യയെ കൊലചെയ്തു. ആദ്യത്തെ രണ്ടു ശ്രമങ്ങൾ പരാജയപ്പെട്ടതുമൂലം 25000 രൂപ പ്രതിഫലം കൊടുത്തുകൊണ്ടാണ് അയാൾ ഘാതകരെ സംഘടിപ്പിച്ചത്. മുറിവേററശേഷവും വേണ്ടരീതിയിൽ ആ സ്ത്രീയെ പരിചരിക്കാൻ ആ മനുഷ്യാധമൻ കൂട്ടാക്കിയില്ല. 500 ദിവസത്തോളം ദീർഘിച്ച വിചാരണയ്ക്കുശേഷം വിധിവാചകം ഉച്ചരിച്ചുകൊണ്ടു ജഡ്ജി കെ. എസ്സ്. സിന്ധു പറഞ്ഞത് "ചന്ദ്രേഷുമായി ഡോ. ജയിനുണ്ടായിരുന്ന പ്രണയബന്ധം, ഭാര്യയുടെ വിശ്വസ്തതയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സംശയങ്ങൾ, ജയിനെ വിവാഹം ചെയ്യാൻ ചന്ദ്രേഷുവിനുണ്ടായിരുന്ന കത്തിക്കാളുന്ന ആഗ്രഹം എന്നിവയാണ് ജുഗുപ്സാവഹമായ ഈ ഉപജാപത്തിനു് രണ്ടുപേരെയും പ്രേരിപ്പിച്ചതു്" എന്നാണ്.

ഈ സംഭവത്തെ ഉപരിതലത്തിൽനിന്നും വീക്ഷിക്കാതെ അല്പംകൂടി ഗാഢമായി വിശകലനം ചെയ്യുമ്പോൾ

ചില സംഗതികൾ വ്യക്തമാകും. ഡോ. ജയിൻെറ ബുദ്ധിയെ – സ്വയം തീരുമാനത്തിനുള്ള കഴിവിനെ – സംഗതികളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനുള്ള ശക്തിയെ– പ്രവർത്തനരഹിതമാക്കത്തക്കവണ്ണം അദ്ദേഹത്തിൽ ചില ശക്തികൾ വടംവലികൾ നടന്നിരുന്നു. ഒരു തരത്തിൽ അദ്ദേഹം തൻെറ തനതായ വ്യക്തിത്വത്തിൻെറമേൽ പല പല ആവരണങ്ങൾ ഇട്ടുമൂടി. ഭാര്യയുടെ മുമ്പിൽ ഒന്ന് – സമൂഹത്തിൻെറ മുമ്പിൽ മറെറാന്ന് – കാമുകിയുടെ സാന്നിദ്ധ്യത്തിൽ വേറൊന്ന്. ഈ പൊയ്മുഖങ്ങൾ ഡോ. ജയിനിലെ 'ജയിനെ' മറച്ചുകളഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ അയാൾ അന്ധകാരത്തിലായിരുന്നു. ബുദ്ധിയുടെ സ്വാഭാവികപ്രകാശംപോലും നഷ്ടപ്പെട്ടുപോയതായി ഈ സംഭവത്തിൻെറ പൈശാചികത വ്യക്തമാക്കുന്നുണ്ട്. നിത്യപ്രകാശമായ ഈശ്വരനിൽനിന്നും, പ്രകാശം സ്വീകരിച്ച മനുഷ്യൻ ആ പ്രകാശധാരയെ കനത്ത മൂടികളിട്ട് അതാര്യമാക്കുന്നു. സുതാര്യനായ മനുഷ്യൻ അതാര്യനായി മാറുന്നു. ആ പ്രകാശത്തിന് ഈശ്വരനെന്നോ – മനസ്സാക്ഷിയെന്നോ – മതബോധമെന്നോ-ധാർമ്മികതയെന്നോ എന്തു വേണമെങ്കിലും പേർ ഇട്ടുകൊള്ളുക. / തന്നിലേയ്ക്ക്-താനായിരിക്കുന്ന നിലയിലേയ്ക്ക്–ഇറങ്ങിനിന്ന് അവിടത്തെ പുഴക്കുത്തുകളിൽ – ചീഞ്ഞുനാറി പൊട്ടി ഒലിക്കുന്ന അതിലെ വ്രണങ്ങളിൽ– ദിവ്യൗഷധിയായി പ്രവേശിക്കേണ്ടത് ഈ പ്രകാശധാരയാണ്. ആ പ്രകാശം ഏറ്റുവാങ്ങിയാണ് മനുഷ്യൻ ലോകമാകുന്ന നടനക്കളരിയിലേക്കു വരിക. അവൻ ആ പ്രകാശത്തെ മറയ്ക്കുന്നു. ഇവിടെ കാമിനി എന്ന തിമിരം അന്ധകാരം സൃഷ്ടിച്ചുവെങ്കിൽ വേറൊരിടത്ത് കനകം എന്ന മൂടുപടം പ്രകാശിതനായ മനുഷ്യൻെറ വദനത്തിലെ ദിവ്യ ജ്യോതിസ്സിനെ അണച്ചുകളയുന്നു. ഒന്നു വ്യക്തമാണ്. ശരിയായ തീരുമാനത്തിനും നീതിയുക്ത

മായ പ്രവർത്തനത്തിനും മനുഷ്യന് ഒരു പ്രകാശത്തിന്റെ ആവശ്യമുണ്ട്. അല്ലെങ്കിൽ ഷെല്ലി പറഞ്ഞതുപോലെ

"ഹന്ത ഞാൻ വീണുപോയി കൂർത്തുമൂർത്താരീ
ജീവിതത്തിൻ കാരമുള്ളുകൾമേൽ
വാർന്നുപോയ് മമരക്തമെല്ലാമളവെന്യേ"

ജീവിതത്തിന്റെ കൂർത്തുമൂർത്ത മുള്ളുകളിൽ കുരുങ്ങി രക്തം വാർന്നൊഴുകി തളരുന്ന സാഹചര്യങ്ങൾ ഉണ്ടായെന്നു വരാം. ആ അവസരത്തിൽ അന്ധകാരത്തിന്റെ അത്യഗാധഗർത്തത്തിൽ വീണുപോകാനിടയുണ്ട്. ആ വേദനയിൽ തെളിയുന്നൊരു പ്രകാശമുണ്ട്. മനുഷ്യന്റെ പരിത്യക്താവസ്ഥ; അവന്റെ നിസ്സഹായത – അവനെ ദൈവീകതയുടെ അമോഘമേഖലകളിലേയ്ക്ക് ഉയർത്തുന്നുണ്ട്. ആ ദിവ്യപ്രകാശത്തെ കാണാതെ, ദുഃഖത്തിനു പ്രതിവിധി തേടി ആനുഷംഗികങ്ങളിൽ തുങ്ങിയാൽ മനുഷ്യനിലെ മൃഗീയത വളർന്നുയരും. മനുഷ്യൻ ദൈവീകതയിലേയ്ക്കുയരുന്നതിനും മൃഗീയതയിലേയ്ക്കു താഴുന്നതിനും കഴിവുള്ള ഒരു സ്വതന്ത്രജീവിയാണെന്നു പറയാം.

അമേരിക്കൻ തീവ്രവാദി സംഘടനയായ 'സിംബണീസ്സ് ലിബറേഷൻ ആർമി' തട്ടിക്കൊണ്ടുപോയ കോടീശ്വരപുത്രിയായ പട്രീഷ്യാ ഹേഴ്സ്റ്റിനെക്കുറിച്ചു കേൾക്കാത്തവർ അധികം ഉണ്ടാവില്ല. സാൻഫ്രാൻസിസ്ക്കോയിലെ ഒരു പത്ര ഉടമയും കോടീശ്വരനുമായ റണ്ടോൾഫ് ഹേഴ്സ്റ്റിന്റെ അരുമമകളാണ് പാററി ഹേഴ്സ്റ്റ്. പത്തൊമ്പതുകാരിയായ ഈ യുവസുന്ദരിയാണ് അമേരിക്കയിലെ ഒരു ബാങ്കു കവർച്ച ഉൾപ്പെടെ പല ഭീകരപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തത്. ഭീകരപ്രവർത്തക സംഘടനയായ സിംബണിസ്റ്റ് ആർമിയിലെ പത്തൊമ്പതുമാസത്തെ അജ്ഞാതവാസത്തിനിടയിൽ സുന്ദരി

യായ ഈ യുവതിയിൽ വന്നുകൂടിയ പരിവർത്തനങ്ങൾ ഞെട്ടിപ്പിക്കുന്നതത്രെ. മാനുഷികതയുടെയും സാമാന്യമര്യാദയുടെയും സീമകളെ അതിലംഘിക്കുന്ന ഒരു ജീവിതക്രമത്തിന് പാററിയെ പ്രേരിപ്പിച്ച ബാഹ്യസ്വാധീനതകൾ എന്തുതന്നെയായാലും അതവളുടെ ജീവിതത്തിലെ അന്ധകാരാവൃതമായ ഒരു ഘട്ടമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇവിടെയും മനുഷ്യൻെറ പ്രവർത്തനങ്ങളെ പൈശാചികമോ ദൈവീകമോ ആക്കിത്തീർക്കുന്ന പ്രേരണകൾ ഉണ്ടെന്നു തെളിയുന്നു. പ്രകാശിതനായ മനുഷ്യൻ ദൈവീകമായി വർത്തിക്കുന്നു. സ്വയം അന്ധകാരം സൃഷ്ടിക്കുന്നവരും ഇരുട്ടിലേയ്ക്കു വലിച്ചെറിയപ്പെടുന്നവരുമുണ്ട്. പ്രകാശത്തിൻെറ വീചികൾ തങ്ങളിൽ പതിക്കാൻ സ്വയം ഒരുക്കേണ്ടതാവശ്യമാണ്. എങ്കിൽ തീർച്ചയായും തമോനിബിഡമായ ജീവിതത്തിൻെറ സങ്കീർണ്ണതകളിൽ അവൻ വിജയം വരിക്കും.

പ്രകാശം തേടി അലയുന്ന മനുഷ്യൻ; മുഖം നഷ്ടപ്പെട്ട്, മുഖത്തിൻെറ വെളിച്ചമായ കണ്ണുകൾക്കു തിമിരം ബാധിച്ച മനുഷ്യൻ; തൻെറ തെററിനു സമൂഹത്തെ പഴിക്കുന്നു. സമൂഹത്തെ അക്രമപ്രവർത്തനങ്ങളിലൂടെ തകിടം മറിച്ച് ശാന്തിയും സമൃദ്ധിയും സൗഭാഗ്യവും കൈവരുത്താമെന്നവൻ ചിന്തിച്ചുവശാകുന്നു. എന്നാൽ തകരാറ് എവിടെ? എൻെറ മുഖം നഷ്ടപ്പെട്ടതിന് സമൂഹത്തെയൊ രാഷ്ട്രത്തെയൊ ഞാൻ എതിർക്കുന്നതിൽ എനിക്കു് എന്തു ലാഭം കിട്ടും. ഞാനെൻെറ മുഖം കണ്ടെത്തിയില്ലെങ്കിൽ എൻെറ യാത്ര വിഷമകരമായിരിക്കും.

മനുഷ്യജീവിതം ഒരു കലയാണ്.
രൂപഭംഗിയുള്ള കലാശില്പമാവില്ലതു്!
കലാകാരൻ ബ്രഷും ചായങ്ങളും ഉപയോഗിക്കുന്നതിൽ

അശ്രദ്ധനായാൽ, സൂക്ഷിച്ചുപയോഗിക്കു;
കലയുടെ മൗലികസിദ്ധാന്തങ്ങൾ അനുസരിക്കു.

മണലിൽ അടിത്തറ ഇടുന്ന ഒരു ഭവനം പേമാരിയും കൊടുങ്കാററും ഉണ്ടാകുമ്പോൾ തകർന്നടിയുന്നതുപോലെ മൗലികപ്രമാണങ്ങളിൽ അധിഷ്ഠിതമല്ലാത്ത ജീവിതം കാററത്താടുന്ന ഞാങ്ങണപോലെ ചഞ്ചലമായിരിക്കും.

ക്രിസ്തുവിനു് മുന്നൂറു വർഷങ്ങൾ മുമ്പു് ഗ്രീസ്സിലെ അഥീനിയൻ തെരുവീഥിയിൽ നടന്ന ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ടു്.

ഡയോജനിസു് എന്ന ഗ്രീക്കപണ്ഡിതൻ നട്ടുച്ചനേരത്തു് ഒരു റാന്തൽ വിളക്കുമായി അഥീനിയൻ തെരുവീഥിയിൽക്കൂടി നെട്ടായം നടന്നു.

'അഗാധ ബുദ്ധിമാനായ മഹാനുഭാവനു് കിറുക്കു
പിടിച്ചു.'

പൊതുജനങ്ങൾ പറഞ്ഞു.

പട്ടാപകൽ പന്തവും കൊളുത്തി നടക്കുന്ന ഡയോജനിസിനെ കണ്ടിട്ടു് ചോദ്യശരം തൊടുത്തു വിട്ടവരോടു് അദ്ദേഹം മറുപടി പറഞ്ഞു.

''ഞാൻ സത്യസന്ധനായ ഒരു മനുഷ്യനെ അന്വേഷിക്കുന്നു'' എന്നു്.

അദ്ദേഹം അന്വേഷിച്ച സത്യസന്ധനായ–സത്യത്തെ സന്ധാനം ചെയ്യുന്ന–മനുഷ്യനെ കണ്ടെത്തിയോ?

എന്നാൽ ഒരു കാര്യം ശരിയാണു്. മനുഷ്യജീവിതം തന്നെ അനന്തമായ അന്വേഷണത്തിൻെറ – നിരന്തരമായ പ്രയാണത്തിൻെറ–തുടർക്കഥയാണു്. രക്ഷസ്സുവേണ്ടി–പ്രകാശത്തിനുവേണ്ടി–മുഖം തേടി ആദിമമനുഷ്യൻമുതൽ പരിഷ്ക്കാരത്തിൻെറ ഇങ്ങേത്തലയ്ക്കലെത്തിയ ഹിപ്പി വരെ

ഊഷരഭൂമിയിലെ വേഴാമ്പൽകണക്കെ
ദാഹജലത്തിനായി കേഴുകയാണു്.
അന്വേഷണം–തിരച്ചിൽ–പ്രയാണം–സത്യസന്ധ
മാണോ?

മനുഷ്യനിലെ സത്യസന്ധത വളരുകയൊ തളരുകയൊ ചെയ്യാം. സത്യസന്ധത തളരുമ്പോൾ മനുഷ്യൻെറ ആധികാരികമായ തനിമ നഷ്ടപ്പെടുന്നു.

എല്ലാവരും കൃത്രിമമായി പെരുമാറുന്ന ലോകം.
ഒന്നിലും ആർക്കും വിശ്വാസമില്ല.
എന്തുചെയ്യാനും അറപ്പില്ല.
നന്മ വിഡ്ഢിത്തമായി തീർന്നിരിക്കുന്നു.
എല്ലാവർക്കുമുണ്ടു്, ഒരു മുഖംമൂടി.
(എൻ. വി. കൃഷ്ണവാരിയർ)

ഇതാണു് കപടലോകത്തിൻെറ—മുഖം നഷ്ടപ്പെട്ട മനുഷ്യരുടെ സമൂഹത്തിൻെറ—നില. ഈ ലോകത്തിൽ യാഥാർത്ഥമനുഷ്യനെ തേടി അലയുകയായിരുന്നു, ഡയോജനിസ് റാന്തൽ വിളക്കുമായി. ഓരോ മനുഷ്യനും തന്നിലെ സത്യസന്ധനായ മനുഷ്യനെ കണ്ടെത്താൻ കരിന്തിരി കത്തിയ വിളക്കിൽ തിരിയും എണ്ണയും പകരണം. ഏകനായോ? ഒരുമയിലോ? അതെ എല്ലാവരും കൂടിയ ഒരുമയിലാണു് ഓരോരുത്തരുടേയും മുഖം പ്രതിബിംബിക്കുക–ലോകം പ്രകാശിതമാവുക–എങ്കിലും ലോകത്തിലായിരിക്കുക – അസ്തിത്വം പൂണ്ടിരിക്കുക – എന്നുള്ളതിൻെറ പ്രാരാബ്ധങ്ങളും പേറിയാണു് മനുഷ്യരെല്ലാം ഈ ലോകത്തിലേക്കു കടന്നുവരുന്നതു്.

മനുഷ്യനായിരിക്കുക എന്നുള്ളതുതന്നെ വലിയൊരു
ബാദ്ധ്യതയാണവനു്.
പ്രശ്നങ്ങളുടെ മുഖ്യകാരണവും അതുതന്നെ.

വിശ്വമഹാശില്പിയായ ഈശ്വരന്റെ അതിമനോ
ഹര–
ശില്പമാണ് മനുഷ്യൻ.
ലോകമാകുന്ന നാടകരംഗത്ത് അഭിനയിക്കുന്ന
സുന്ദരകഥാപാത്രം!
മനുഷ്യൻ അഭിനയിക്കണം.
അവനുമാത്രം അഭിനയിക്കാൻ പററുന്ന പ്രത്യേക
റോളുകളുമായി,
ഇവിടേയ്ക്കാരോ അവനെ പറഞ്ഞുവിട്ടു.
വേദി ഒന്നുതന്നെ. റോളുകളിൽ മാത്രം വൈവിധ്യം.
അവനൊരു മികച്ച കഥാപാത്രമായി ഉയരാം;
വില്ലനായി അധഃപതിക്കാം.

ജീവിതത്തിന്റെ അന്ധകാരാവൃതമായ മേഖലകളിൽ സാഹസികയാത്ര നടത്തുമ്പോൾ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിൽ തട്ടി ജീവിതയാനം ആഞ്ഞുലയുന്നു.

ഒരു പ്രകാശരേണുവിനായി മനുഷ്യൻ ചുററുപാടും
നോക്കിനിൽക്കുന്നു.
ജീവിതഭാരം ഒന്നിറക്കിവയ്ക്കാൻ അത്താണി തേടി
മനുഷ്യൻ അലയുന്നു.

മനുഷ്യനെ അന്ധനാക്കുന്ന തമസ്കരണങ്ങളെ നീക്കാൻ അവന് പ്രകാശം കൂടിയേ തീരൂ. പ്രകാശത്തിന്റെ പ്രാഥമികധർമ്മം വസ്തുക്കളെ പ്രകാശിപ്പിക്കുക എന്നുള്ളതാണല്ലോ. നഷ്ടപ്പെട്ട മനുഷ്യന്റെ കണ്ണുകൾക്ക്–മുഖത്തിന്– (കാരണം കണ്ണാണല്ലോ പ്രകാശത്തിന്റെ അടയാളം.) പ്രകാശം ലഭിക്കണമെങ്കിൽ — മുഖം വീണ്ടെടുക്കണമെങ്കിൽ–പ്രകാശം കൂടിയേ തീരൂ. ഇലക്ട്രിക്ക് ലൈററുകൾ ഒന്നുമില്ലാത്ത അന്ധകാരാവൃതമായ ഒരു നിശീഥിനിയെപ്പററി ഒന്നു സങ്കല്പിച്ചു നോക്കൂ. പ്രകാശത്തിന്റെ പ്രഭാവം അപ്പോൾ മനസ്സിലാകും. പ്രകാശം ഒരു മാർഗ്ഗ

ദർശിക്കൂടിയാണ്. തുറമുഖങ്ങളിൽ വിളക്കുമരങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു കണ്ടിട്ടില്ലേ. പുറം കടലിൽ കിടക്കുന്ന കപ്പലുകൾക്കു് മാർഗ്ഗനിർദ്ദേശം നല്കാനാണല്ലൊ അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. വഴിവിളക്കുകൾ എന്തിനുവേണ്ടിയാണ്? അവയും, വഴി കാട്ടിക്കൊടുക്കാൻതന്നെ. അപ്പോൾ മാർഗ്ഗം വ്യക്തമാക്കാനുള്ള ഉപാധിയാണ് പ്രകാശം. അതുപോലെതന്നെ പ്രകാശം ചിലപ്പോൾ അപകടസൂചന നല്കുന്നതുമാണ്. അപകടസൂചന കാണിക്കാൻ ചുവന്ന ലൈററുകൾ ഉപയോഗിക്കുന്നു, സുരക്ഷിതത്വത്തെ കാണിക്കാൻ പച്ചലൈററും.

മനുഷ്യനിന്നു് ചുമലിൽ ജീവിതഭാരവുമായി വഴിയറിയാതെ മുടന്തി നടക്കുകയാണ്. അവൻ സ്വയം വിധിയുടെ ബലിമൃഗമായി വിശേഷിപ്പിക്കപ്പെടുന്നു. മോഹങ്ങളും മനുഷ്യബന്ധങ്ങളും ഉണ്ടാക്കിയ ഊരാക്കുടുക്കിലാണവൻ; തൻെറതന്നെ അനന്യതയെപ്പററി (identity) അവനു് ഉറപ്പില്ല ..... എൻെറ ജീവിതം കൊണ്ടു് ഞാനെന്തു ചെയ്യണം, എപ്രകാരം ഞാൻ ഞാനായിത്തീരണം–ഈ പ്രശ്നം ഒരു പ്രതിസന്ധി സൃഷ്ടിക്കുകയാണ്. മനുഷ്യനെ മനുഷ്യനാക്കുന്നതും അഴിക്കുന്നതും അവൻ തന്നെയാണ്, ഒരർത്ഥത്തിൽ വിധിനിർണ്ണായകമായ തീരുമാനങ്ങളുടെ ഒരു ശൃംഖലയാണല്ലൊ ജീവിതം. അനുനിമിഷം ഉത്തരവാദിത്വപൂർണ്ണമായ സ്വന്ത തീരുമാനങ്ങളെടുത്തുകൊണ്ടുവേണം ജീവിതമെന്ന നീണ്ട യാത്ര പൂർത്തിയാക്കുവാൻ. ഈ പ്രത്യേകസ്ഥിതിവിശേഷത്തെയാണ് "ഐഡൻററിററി ക്രൈസിസ്" എന്നു് പ്രസിദ്ധമനഃശാസ്ത്രപണ്ഡിതനായ എറിക്സൺ വിശേഷിപ്പിക്കുന്നതു്. ആധുനിക മനുഷ്യൻെറ ഈ ദുർവിധിയെ ഭംഗിയായി ചിത്രീകരിക്കുന്ന ഒരു അന്യാപദേശം ഉണ്ടു്.

എൽഎസ്ഡി വീടിൻെറ മുൻവശത്തുള്ള തിരക്കാർന്ന തെരുവിൽ ബുദ്ധിമുട്ടി എന്തോ തിരയുകയാണ്.

ഇതുകണ്ടു് യോഗിനി ചോദിച്ചു, എന്താണു് തിര യുന്നതു്?

എൽഎസ്ഡി–എൻെറ താക്കോൽ കാണുന്നില്ല.

യോഗിനി–എവിടെയാണു് വെച്ചതെന്നറിയാമോ?

എൽഎസ്ഡി–വീടിനകത്താണു് വച്ചതു് തീർച്ച.

യോഗിനി–പിന്നെ എന്തിനു തെരുവിൽ തിരയുന്നു?

എൽഎസ്ഡി– ഇവിടെയാണു് വെളിച്ചമുള്ളതു്.

നട്ടുച്ചസമയത്തു് വിളക്കുകൊളുത്തി തെരുവീഥിയിൽക്കൂടി സത്യസന്ധനായ മനുഷ്യനെ അന്വേഷിച്ചു നടന്ന ഗ്രീക്കുചിന്തകനായ ഡയോജനിസിനെപ്പോലെ എൽഎസ്ഡിയെ മഠയനായി ചിത്രീകരിക്കാൻ പലരും ശ്രമിച്ചേക്കാം. എന്നാൽ എൽഎസ്ഡി മഹാസിദ്ധനാണു് അത്ഥഗർഭമായ ഒരു അന്യാപദേശംതന്നെ ഈ കഥ. മനുഷ്യചേതനയെ അനന്തതയിലേയ്ക്കും നിത്യസൗഭാഗ്യത്തിലേയ്ക്കും നയിക്കുന്ന കവാടത്തിൻെറ താക്കോലാണു് അയാൾ ബദ്ധപ്പെട്ടു് തിരയുന്നതായി ഭാവിച്ചതു്. തെരുവാകട്ടെ ബാഹ്യലോകവും. അവിടെയുള്ള പ്രകാശം ബുദ്ധിയുടെയും സാങ്കേതികപുരോഗതിയുടെയും പ്രതീകമാണു്. അന്തരംഗത്തിൻെറ ഇരുട്ടറകളിൽ മറഞ്ഞിരിക്കുന്ന ഈ താക്കോൽ, ആധുനിക മനുഷ്യൻ തൻെറ ബുദ്ധിയുടെ തീക്ഷ്ണപ്രഭകളിൽ തിളങ്ങുന്ന ബാഹ്യലോകത്തിൽ തിരഞ്ഞു നടക്കുന്ന സമ്പ്രദായത്തെ പ്രതീകാത്മകമായി പരിഹസിക്കുകയാണു്, മായാലോകത്തിൻെറ മറുകരകണ്ട ഈ സത്യാന്വേഷി ചെയ്തതു്.

മനുഷ്യൻെറ ബുദ്ധിപ്രഭാവമല്ല യഥാത്ഥത്തിൽ വെളിച്ചം നൽകുന്നതു്. സ്വാഭാവികമായി മനുഷ്യനു ലഭിച്ചിട്ടുള്ള ബുദ്ധി പരിമിതമാണല്ലോ. അതിൻെറ വെളിച്ചത്തിൽ സവ്വരഹസ്യങ്ങളും പ്രകാശിതമാകുമെന്നു് വ്യാമോഹിക്കുന്നതു് അബദ്ധമാണു്. ക്രിസ്തു പറഞ്ഞു

"ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല". ക്രിസ്തുവിനെ ബാഹ്യലോകത്തിൽ കണ്ടെത്തിയെന്നു് വരില്ല. ചന്ദ്രഗോളത്തെയും പിന്നിട്ടു് സൗരയൂഥത്തിൻെറ അന്തിമസീമകരംവരെ ചെന്നെത്തിയിരിക്കുന്ന മനുഷ്യബുദ്ധിയുടെ ദിഗ്്വിജയത്തിൽപ്പോലും മനുഷ്യൻ ദുഃഖനിമഗ്നനാണു്. സന്തോഷത്തിൻെറ വല്ലപ്പൊലിമയിലും ഒരു ശോകച്ഛവി മനുഷ്യമുഖത്തു് നിഴൽ വീശുന്നില്ലേ? മനുഷ്യൻെറ വേദനകളെല്ലാം അവൻെറ ഉള്ളിലാണു്. അതിൻെറ ബാഹ്യലക്ഷണങ്ങരം മാത്രമാണു് പുറമേ കാണുക. രോഗലക്ഷണങ്ങരം മാററിയതുകൊണ്ടു് രോഗം സുഖപ്പെടില്ല. രോഗം കണ്ടുപിടിക്കാനുള്ള തെളിവുകളായി അവയെ ഉപയോഗപ്പെടുത്താമെന്നു മാത്രം. ഉള്ളിലെ വേദനകരംക്കു് വെളിയിൽ പ്രതിവിധി കണ്ടുപിടിക്കാനുള്ള ശ്രമങ്ങളാണു് പരാജയമടയുന്നതു്. ഈ പരാജയങ്ങളുടെ നീണ്ട ചരിത്രമാണു് ആധുനിക ലോകത്തിനുള്ളതു്. റഷ്യൻ ബഹിരാകാശസഞ്ചാരികളായ യൂറി ഗഗാറിൻ ടി റേറാവു് എന്നിവർ പറഞ്ഞു, ആകാശത്തിൻെറ കണ്ണെത്താത്ത വിദൂരതയിലെല്ലാം അന്വേഷിച്ചിട്ടും അവിടെയെങ്ങും ദൈവത്തെ കണ്ടില്ലായെന്നു്!! ബുദ്ധിയുടെയും യുക്തിയുടെയും മേഖലകളിൽനിന്നു് അനുഭൂതിയുടെയും വിശ്വാസത്തിൻെറയും മണ്ഡലത്തിലേയ്ക്കു കടന്നുനിന്നുകൊണ്ടു്, ഹൃദയത്തിൻെറ അഗാധഹ്രദങ്ങളെ പ്രകാശിതമാക്കുന്ന സത്യവെളിച്ചത്തെ മനുഷ്യൻെറ അന്തരാളത്തിൽ സ്വീകരിക്കാതെ പ്രശ്നങ്ങരം പരിഹൃതമാകുകയില്ല.

### മനുഷ്യനൊരു ത്രിമാന കഥാപാത്രം

മനുഷ്യനൊരു ത്രിമാന കഥാപാത്രമാണു് എന്നു പറഞ്ഞാൽ അവൻ തന്നിൽത്തന്നെ ഒരു വലിയ ശക്തി ഉരം

ക്കൊള്ളുന്നുണ്ട്. അതാണ് അവൻെറ ആത്മബോധം, അഥവാ സ്വയാവബോധം. ഈ ആത്മബോധം വൻ കാര്യങ്ങൾ നേടിയെടുക്കാൻ അവനെ സഹായിച്ചിട്ടുണ്ട്. ലോകത്തിലെ മഹാന്മാരുടെ ചരിത്രം ഇതു വിളിച്ചുപറയുന്നു. ഒരു ഗാന്ധിയും നെഹ്റുവും അതുപോലെ തന്നെ മദർ തെരേസായും മാർട്ടിൻ ലൂഥർ കിംഗും ആൽബർട്ട് ഷ്വെയിസ്വറും മററനവധിയാളുകളും ഇതിനുദാഹരണങ്ങളാണ്. ചിലപ്പോൾ അമിതമായ ആത്മബോധം തന്നിക്കുതാൻ പോരിമയിലേക്കും നിരങ്കുശമായ സ്വാതന്ത്ര്യത്തിലേക്കും അവനെ വലിച്ചിഴക്കാറുണ്ട്. അപ്പോൾ അപരനെ സ്വന്തം ഉയർച്ചയ്ക്കും ലക്ഷ്യപ്രാപ്തിയ്ക്കുമുള്ള ചവിട്ടുപടികളായി താഴ്ത്താൻ ശ്രമിക്കുന്നു. വ്യക്തികളെ വസ്തുക്കളായി തരംതാഴ്ത്താനുള്ള ഈ പ്രവണത പ്രാഗ്മാററിസത്തിൻെറതാണ് – ഉപയോഗിതാവാദികളുടെതാണ്, . . . എൻെറ അയൽക്കാരൻ എനിക്കു നരകമാണ് എന്നു അസ്തിത്വവാദിയായ സാർട്ര് പറഞ്ഞപ്പോൾ മനുഷ്യനെ വസ്തുക്കളായി താഴ്ത്തി അവരുടെ വ്യക്തിത്വത്തെ വധിച്ചുകളയുന്ന ഈ പ്രവണതയിലേക്കാണ് വിരൽ ചൂണ്ടിയതു്. പണത്തിനും പ്രൗഢിക്കും സ്വകാര്യ ലാഭത്തിനും വേണ്ടി, മനുഷ്യവ്യക്തിയെ വസ്തുക്കൾക്കുതുല്യം പരിഗണിക്കാൻ അതിരു കടന്ന ആത്മബോധം ഇടയാക്കുന്നു. സ്വന്തം മൃഗീയ വാസനകളുടെ സംതൃപ്തിക്കായി സഹജീവികളെ വേട്ടയാടിപ്പിടിക്കുന്ന കാട്ടാളനായി ചിലപ്പോൾ അവൻ പ്രത്യക്ഷപ്പെടുന്നെങ്കിൽ അതിനു കാരണവും മറെറാന്നല്ല. വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളെ ചൂഷണം ചെയ്തുകൊണ്ട് പണം കുന്നുകൂട്ടുന്നു. ലോകത്തിലെ ആകെ സമ്പത്തിൻെറ മൂന്നിൽ രണ്ടു ഭാഗവും ലോകജനസംഖ്യയുടെ മൂന്നിൽ ഒന്നുപോലുമില്ലാത്ത സമ്പന്നരാജ്യങ്ങളാണ് തിന്നൊടുക്കുന്നതു്. ചുരുക്കത്തിൽ, ആകെയുള്ള ലോകസമ്പത്തിൻെറ 80 ശത

മാനം, ധനവാന്മാർ ആഹരിച്ചൊടുക്കുമ്പോഴും ലോക ത്തിലെ എൺപതുശതമാനം വരുന്ന പാവപ്പെട്ട വിഭാഗ ത്തിന്ന് ജീവൻ നിലനിറുത്താൻ കിട്ടുന്നതു് ആകെ യുള്ള സമ്പത്തിൻെറ വെറും ഇരുപതു ശതമാനം മാത്രം. എന്തൊരു വൈരുദ്ധ്യം:– എന്തൊരു സാമൂഹ്യാനീതി! അവികസിതരാജ്യങ്ങളിൽ കുഴിഞ്ഞ കണ്ണും ഉന്തിയ നെഞ്ചും ശോഷിച്ച കാലുകളുമായി നിത്യദാരിദ്ര്യ ത്തിൻെറ തടവറയിൽ കഴിയുന്നവർക്കു്, സമ്പന്ന രാജ്യങ്ങളിലെ വളർത്തുനായ്ക്കൾക്കു കിട്ടുന്ന ഭക്ഷണ ത്തിൻെറ ഒരംശംപോലും ലഭിക്കാതെപോകുന്നതു് പരി താപകരമല്ലേ?.

സിറിൽ ലമ്പ്രേക്കു് എന്ന ഒരമേരിക്കക്കാരൻ പതി നാലു വർഷത്തെ ജയിൽ വാസത്തിനു വിധിക്കപ്പെട്ടു.

മനുഷ്യക്കരുതി എന്ന കുററത്തിന്നു്.

കാരണമിതാണു്; തൻെറ രക്ഷാനൗകയിൽ ഉണ്ടാ
യിരുന്ന എൺപതു പൗണ്ടുള്ള വളർത്തു പട്ടിക്കു പകരം

തണുത്തു മരച്ചു് മരണവുമായി മല്ലിടുന്ന
മൂന്നു മനുഷ്യജീവികളെ ആ യാനപാത്രത്തിൽ
കയററി രക്ഷപ്പെടുത്താൻ അയാൾ മടിച്ചു.
മനുഷ്യജീവനും മൃഗജീവനും ഒരേ ത്രാസിൽ
തൂങ്ങിയപ്പോൾ,
അമേരിക്കക്കാരൻ മൃഗത്തിന്നു് വിലകൂട്ടിയിട്ടു.
മനുഷ്യജീവനു് വിലയിടിഞ്ഞു!
ഒരു പട്ടിക്കുട്ടിക്കുവേണ്ടി മൂന്നു മനുഷ്യജീവികൾ
പിടഞ്ഞു പിടഞ്ഞു മരിച്ചു.

ഈ നയം തന്നെയാണു് പല രംഗത്തും ഇന്നും ആവ ർത്തിക്കപ്പെടുന്നതു്. പണം നേടാനും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അപരൻ ചൂഷണം ചെയ്യപ്പെടുന്നു. ഇവി

ടെ മനുഷ്യൻെറ പുരോഗതിയിലേക്കുള്ള മുന്നേററം താളം തെററിയിരിക്കുന്നു. കാരണം ജീവിക്കാനുള്ള സഹജീവികളുടെ ന്യായമായ അവകാശം പോലുമിവിടെ മാനിക്കപ്പെടുന്നില്ല. സ്വന്തശക്തിയിലുള്ള അമിത ബോധവും അതിസമ്പത്തും മനുഷ്യനെ സ്വാർത്ഥതയുടെ പര്യായമാക്കിയിരിക്കുന്നു.

**നരൻ, വാനരനോ രാക്ഷസനോ**

സമൂഹജീവിയായ മനുഷ്യൻെറ വേറൊരു പരിമാണമാണ് പരോന്മുഖത. ചിലയവസരങ്ങളിൽ, തൻെറ തന്നെ ലോകത്തിലേയ്ക്ക് ഒതുങ്ങിക്കൂടുന്നെങ്കിലും മിക്കപ്പോഴുമവൻ താൻ ഉൾപ്പെട്ടിരിക്കുന്ന ബാഹ്യലോകത്തിലേയ്ക്കു കടന്നുവരുന്നു.

കാരണം, ജനനവേളയിൽ വെറുമൊരു മാംസപിണ്ഡമായി പലിച്ചിരുന്ന പേലവശിശു വളർന്ന് അതികായനായ മനുഷ്യനായി വ്യക്തിപ്രഭാവം കാണിക്കുന്നതു് സമൂഹത്തിലും സമൂഹത്തിലൂടെയും ആണ്. അപ്പോൾ വ്യക്തിബന്ധങ്ങളും സാമൂഹ്യാചാരങ്ങളും വ്യക്തിത്വവികാസത്തിൻെറ അവശ്യഘടകങ്ങളാണ്. ഇന്നിൻെറ മാനസികപ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനകാരണവും വൈയക്തികവും വ്യക്ത്യന്തരവുമായ ബന്ധങ്ങളിൽ വന്നുകൂടുന്ന തകർച്ചകളാണ്, ഇന്ത്യയിൽ നിലവിലിരിക്കുന്ന അയിത്തവും ജാതിവ്യവസ്ഥയും തന്നെ പരിശോധിച്ചാൽ പലനഗ്നസത്യങ്ങളും ബോധ്യമാകും. 1968 ഡിസംബർ 24-ാം തീയതി ആന്ധ്രാപ്രദേശിലെ കാഞ്ചികാച്ചേർല എന്ന ചെറുപട്ടണത്തിൽ നടന്നതു് ക്രൂരവും നിന്ദ്യവുമായ ഒരു സംഭവമായിരുന്നു. അന്താരാഷ്ട്ര വാർത്താ ഏജൻസികൾ പല തലക്കെട്ടിൽ ആ വാർത്ത പ്രസിദ്ധീകരിച്ചു. "രണ്ടു ഡോളർ മോഷണക്കുററത്തിനു് ഒരു ഇന്ത്യൻ ഹരിജൻ യുവാവിനെ അന്വേഷണം കൂടാതെ ചുട്ടുകരിച്ചു."

ന്യായമായ കേസ്സുവിചാരണ കൂടാതെ ആരെയും ശിക്ഷാ വിധേയനാക്കരുതെന്നു് ഇന്ത്യൻ ശിക്ഷാനിയമം അനുശാസിക്കുന്നുണ്ടെന്നു് ഓർത്തിരിക്കണം.

പത്തൊമ്പതു വയസുള്ള ഒരു ഹരിജൻ യുവാവിനെ പതിനഞ്ചുരൂപ വിലവരുന്ന രണ്ടു ചെമ്പു പാത്രങ്ങൾ ഒരു സവർണ്ണ ഹിന്ദുവിൻെറ വീട്ടിൽ നിന്നും മോഷ്ടിച്ചു എന്ന സംശയാസ്പദമായ കുററത്തിൻെറ പേരിലാണു് ഇങ്ങനെ നിഷ്ഠൂരമായി ചുട്ടുകരിച്ചതത്രെ. പതിനഞ്ചു് രൂപ വിലപിടിപ്പുള്ള ഇൻഡ്യൻ പൗരൻെറ ജീവൻ:– അഹിംസയുടെയും സത്യാന്വേഷണത്തിൻെറയും ഈററില്ലമായ ആർഷഭാരതത്തിൽ ആണ്ടുവട്ടത്തിൽ നടക്കുന്ന നിരവധി ഹരിജൻ ഹിംസകളിൽ ഒന്നുമാത്രമാണിതു്. മനുഷ്യൻ മനുഷ്യനെ മൃഗത്തെപ്പോലെ കടിച്ചുകീറുന്ന ഈ ലോകത്തിൽ മനുഷ്യബന്ധത്തിനെന്തുസ്ഥാനം?

ഇതാ വേറൊരുദാഹരണം, പണ്ടത്തെ സംയുക്ത വാർത്താ ഏജൻസി റിപ്പോർട്ടു ചെയ്തതാണിതു്. അഹമ്മദ് ബാദിലെ ഒരു സവർണ്ണ ഹിന്ദുസ്ത്രീ അത്യാവശ്യമായ ഒരു ഓപ്പറേഷനു് വിധേയയായില്ല. കാരണം ജാംനഗർ ആശുപത്രിയിൽ പ്രസ്തുത ഓപ്പറേഷൻ നടത്തേണ്ടിയിരുന്നതു് അവർണ്ണനായ ഒരു ഡോക്ടറായിരുന്നുപോലും!

‘‘നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെ സ്നേഹിക്കുക’’ എന്നു പറഞ്ഞ ആ ദൈവിക മനുഷ്യനു്– ക്രിസ്തുവിനു മാത്രമെ ഇവിടെ വെള്ളി വെളിച്ചം പകരാൻ സാധിക്കൂ. എട്ടു കോടി മനുഷ്യജീവികൾ അധഃകൃതരായി–അവർണ്ണരായിട്ടാണു് ഇൻഡ്യയിൽ ഇന്നും ജീവിക്കുന്നതു്. അമേരിക്കയിലും, റൊഡേഷ്യയിലും സൗത്താഫ്രിക്കയിലും വർണ്ണത്തിൻെറയും വർഗ്ഗത്തിൻെറയും ജാതിയുടെയും പേരിൽ നടമാടുന്ന അനീതികളും അക്രമങ്ങളും എത്രമാത്രമെന്നു് വിവരിക്കാനാവില്ല. മനുഷ്യനെ മനു

ഷ്യനെതിരായി അണിനിരത്തുന്ന വിഭാഗീയ ചിന്തകളു ടെ വേലിക്കെട്ടുകളും കന്മതിലുകളും തകൎക്കുന്നതോടുകൂടി ഒരൎത്ഥത്തിൽ, ലോകം ഒരു കൊച്ചു ഗ്രാമമായി മാറി ക്കൊണ്ടിരിക്കുന്നു. പക്ഷെ ഈ അടുപ്പവും ഐക്യവും പ്രധാനപ്പെട്ട തലങ്ങളിൽ നടക്കുന്നില്ല.

മനുഷ്യൻ ഒരു കൊച്ചുലോകമാണ്. ഒന്നു തിരിഞ്ഞു നോക്കിയാൽ കാണാം, ഓരോരുത്തരുടെയും കൊച്ചു ലോകത്തു്, ബാഹ്യലോകത്തിൽ നടക്കുന്ന എന്താണ് നടക്കാത്തതെന്നു്. പക്ഷെ അവൻ ഒരു രഹസ്യമാണ്. ആ രഹസ്യ ലോകത്തു് നടക്കുന്നതു് ഇരുമ്പു മറയ്ക്കുള്ളി ലാണ് ആ രഹസ്യ ലോകത്തിൽ പരിവൎത്തനം സൃഷ്ടി ക്കാതെ ബാഹ്യസാമൂഹ്യമാററങ്ങൾ സ്ഥായിയാവില്ല. മനുഷ്യൻെറ മനോഭാവത്തിൽ കാതലായ വ്യത്യാസം ഉണ്ടായേ തീരൂ. പുത്തൻ വ്യവസ്ഥിതിയുടെ അടിത്തറ അവിടെ പണിയപ്പെടുന്നു. സംഹാരാത്മകവും രക്തരൂ ക്ഷിതവുമായ സാമൂഹ്യപരിവൎത്തനമോ വിപ്ളവമോ അല്ല ആവശ്യം. മനുഷ്യ വ്യക്തിത്വത്തിൻെറ അഖണ്ഡ തയെ മാനിച്ചുകൊണ്ട് ജീവിക്കാനും, ജീവിക്കാൻ അനു വദിക്കാനുമുള്ള ഒരു ഹൃദയവികാസമാണാവശ്യം.

## പ്രതീക്ഷയുടെ തീരങ്ങൾ തേടുന്ന മനുഷ്യൻ

എന്നാൽ മനുഷ്യന് എല്ലാത്തിലും അധികമായി തനിക്കതീതമായി നില്ക്കുന്ന എന്തോ ഒന്നിലേയ്ക്കു് ശക്തി യായ ഒരു ഉന്മുഖതയുണ്ട്. അവൻെറ മൂന്നാമത്തെ മാന മാണിതു്. പലപ്പോഴും അറിഞ്ഞോ അറിയാതെയോ, ഇക്കാൎയ്യം സൗകൎയ്യപൂൎവ്വം മറന്നുകളയുകയാണവൻ. അല്ല മറന്നുകളയാൻ വൃഥാ ശ്രമിക്കുന്നു. ഈ ഉന്മുഖതയെ ത്യാജ്യ കോടിയിൽ തള്ളാൻ പരിശ്രമിക്കുന്നതനുസരിച്ച് ഇതി നുവേണ്ടിയുള്ള മനുഷ്യൻെറ അന്തർദാഹം കൂടിക്കൂടി വരു

ന്നു. അവൻെറ കൊച്ചുലോകത്തുണ്ടാകുന്ന ആന്തരീക സംഘട്ടനങ്ങൾക്ക് ബാഹ്യരംഗത്ത് പ്രതിവിധി അന്വേഷിക്കുന്ന മനുഷ്യൻെറ രൂപം ഇത്തരത്തിലുള്ളതാണ്. ജീവിതത്തിലെ അനുദിനസംഭവങ്ങൾ വിശകലനം ചെയ്താൽ ഈ സംഗതി കൂടുതൽ വ്യക്തമാകുന്നതാണ്.

പ്രതീക്ഷകൾ ജീവിതത്തിൽ തെളിഞ്ഞു നില്ക്കുന്നൊരു സത്യമാണ്. മോഹനസ്വപ്നങ്ങളും സുന്ദരപ്രതീക്ഷകളുമാണല്ലോ മനുഷ്യജീവിതത്തെ മുമ്പോട്ട് നയിക്കുന്നത്. പ്രതീക്ഷിക്കുക എന്നു പറഞ്ഞാൽതന്നെ നിലവിലിരിക്കുന്ന വ്യവസ്ഥിതിയേക്കാൾ മെച്ചപ്പെട്ട ഒന്നിനെ അന്വേഷിക്കുക, അതിനായി പരിശ്രമിക്കുക എന്നാണല്ലോ. ഈ പ്രതീക്ഷയുടെ മനഃശാസ്ത്രംതന്നെയാണ് അപകടമേഖലകളെപ്പോലും അതിജീവിക്കാൻ ആത്മബലവും ഉൾക്കരുത്തും മനുഷ്യന് നൽകുന്നത്. കപ്പലപകടത്തിൽപ്പെട്ട മനുഷ്യൻ പ്രതികൂലസാഹചര്യങ്ങളെ ചെറുത്തു നിൽക്കുന്നെങ്കിൽ, ആർത്തിരമ്പി വരുന്ന വെള്ളപ്പാച്ചിലിൻെറ നടുവിലും തല്ലിപ്പതച്ച് കരകയറാൻ പരിശ്രമിക്കുന്നെങ്കിൽ, അതെല്ലാം മനുഷ്യനുമാത്രം സ്വായത്തമായിട്ടുള്ള, അതിജീവിക്കാനുള്ള മരണത്തെ ജയിക്കാനുള്ള-വാസനയുടെ അടയാളമാണ്. മരണത്തെ അതിജീവിക്കാനുള്ള അടങ്ങാത്ത ആവേശമല്ലേ, മരണാനന്തരജീവിതത്തിൽ ഉറച്ചു പ്രതീക്ഷിക്കാൻ, മനഃശാസ്ത്രപരമായി അവനെ തയ്യാറാക്കുന്നത്? പ്രതീക്ഷകൾ അവസാനിക്കുമ്പോൾ മനുഷ്യജീവിതവും തകരുന്നു. ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കുന്ന കാമുകിയും. മക്കളുടെ പ്രാരാബ്ധം താങ്ങാനാവാതെ ദാരിദ്ര്യദുഃഖത്തിൻെറ വേദനയിൽ അവരെ കിണററിലെറിഞ്ഞിട്ടു സ്വന്തം ജീവിതം നശിപ്പിക്കുന്ന മാതാവുമെല്ലാ

മെല്ലാം അതിജീവിക്കാനുള്ള ശക്തി, അല്ലെങ്കിൽ പ്രതീക്ഷ നശിച്ചവരാണ്. പൂർത്തിയായതും പൂർത്തിയാകാനുള്ളതുമായ ഒട്ടേറെ പ്രതീക്ഷകളുടെ സമാഹാരമാണീ മനുഷ്യൻ. സ്വന്ത മാതാവിൻെറ മടിയിൽ തത്തിക്കളിക്കുന്ന അരുമക്കുഞ്ഞിൻെറ പ്രതീക്ഷയും പ്രത്യാശയും ചിന്തയുമായിരിക്കില്ല, പടുവൃദ്ധനായ മനുഷ്യനെ നിയന്ത്രിക്കുക. ജിതേന്ദ്രിയനായ ഒരു യുവയോഗിയുടെ വിചാരവികാരമാവില്ല ഒരു മധുരപ്പതിനേഴുകാരിയുടേതു്. ഒരു വിദ്യാർത്ഥിക്കു് സന്തോഷ സംവാഹകങ്ങളായ പല സുന്ദര പ്രതീക്ഷകളും ഉണ്ടാവാം: പഠിച്ച് ഒരു ഡാക്ടറാവണം, ഒരു മന്ത്രിയാവണം, അല്ലെങ്കിൽ ഒരു ശാസ്ത്ര ഗവേഷകനാകണമെന്നെല്ലാം. ഒരു യുവാവിനു് ഇതോടുകൂടി മററനവധി അഭിലാഷങ്ങളും പ്രതീക്ഷകളും കൂടിച്ചേർന്നിരിക്കും; ആദർശവതിയായ ഒരു യുവതിയെ വിവാഹം കഴിക്കണം, തുടങ്ങിവച്ചിട്ടുള്ള പ്രേമബന്ധം കരിഞ്ഞുണങ്ങാതെ പൂത്തു വിടരണം, എന്നെല്ലാം.

ആശകളും പ്രതീക്ഷകളും പൂവണിയുമ്പോൾ മനസ്സിനു സന്തോഷമുണ്ടാകും. അവ തകർന്നടിയുമ്പോൾ ജീവിതവും കരിഞ്ഞുപോകും. പക്ഷെ പ്രതീക്ഷകൾ തകരുമ്പോഴാണ് മനുഷ്യൻ തന്നെത്തന്നെ മനസ്സിലാക്കുന്നതു്. താനായിരിക്കുന്ന നഗ്നരൂപത്തിൽ, നിസ്സഹായനായ മനുഷ്യൻ തൻെറ അസ്തിത്വത്തെ ദർശിക്കുക അപ്പോഴാണ്. ഇവിടെ അസ്തിത്വത്തിൻെറ – ജീവൻെറ–സ്രോതസ്സിനെ കണ്ടുമുട്ടാനുള്ള അമൂല്യാവസരമാണ്. മനുഷ്യനും അതീതശക്തിയും തമ്മിലുള്ള കണ്ടുമുട്ടൽ നടക്കുക വേദനയിലാണ്. "വേദനകൾ എനിക്കുപകരിച്ചു; അതുമൂലം ഞാൻ ദൈവപ്രമാണങ്ങൾ പഠിച്ചു" എന്നാണല്ലോ ദിവ്യനായ ദാവീദ് പറഞ്ഞിട്ടുള്ളതു്. എന്നാൽ, വേദനയുടെ നടുവിൽ ഭൂമിയെ, കറുത്ത ചക്ര

വാള മതിലുകരം ചുഴന്ന കാരാഗൃഹമായിട്ടും മുകളിൽ ശൂന്യാകാശവും താഴെ നിഴലുകളുമിഴയുന്ന നരകം മാത്രമായിട്ടും കാണാൻ കഴിയുന്നവർ, ജീവിതത്തിൻെറ മൂന്നാമത്തെ പരിമാണത്തെ മനസ്സിലാക്കാതെ പോകുന്നവരാണു്. ദുഃഖത്തിൽകൂടി വേദനയുടെ ആഘാതതരംഗപ്രവാഹമേററു തളരുമ്പോരം മനുഷ്യൻ ഈശ്വരനെ കണ്ടുമുട്ടാറുണ്ടു്. ചിരിക്കുന്ന ദൈവത്തിലേയ്ക്കും കരയുന്ന ദൈവത്തിലേയ്ക്കും ഉയരുക, ഈ അനുഭൂതിയുടെ തലത്തിലൂടെയാണു്. ഇതിനു് മനുഷ്യനു കഴിയണം. ഇനിയും വേറൊന്നുകൂടിയുണ്ടു്. പ്രതീക്ഷകളെല്ലാം സഫലീകരിച്ച മനുഷ്യൻെറ ചിത്രം. പണവും പ്രൗഢിയും മനുഷ്യനെ സന്തുഷ്ടനാക്കുന്നുണ്ടോ? മദ്യവും മദിരാക്ഷികളും അവനെ സൗഭാഗ്യത്തിലെത്തിക്കുന്നുണ്ടോ? ഭൗമികമായി എല്ലാം നേടിയ മനുഷ്യനും തന്നിലേയ്ക്കുതന്നെ തിരിഞ്ഞു്, ആ കൊച്ചു ലോകത്തിൽ നികത്തപ്പെടാത്ത ഒരു അഭിലാഷത്തിൻെറ 'ശൂന്യതലം' ദർശിക്കുന്ന ഏകാന്തനിമിഷങ്ങളുണ്ടു്. ലോകത്തിൽ ലഭിക്കാവുന്നതെല്ലാം അനുഭവിച്ചു എന്നു പറയുന്ന മനുഷ്യനു് ഒരു 'നിശ്ശൂന്യത' പലപ്പോഴും അനുഭവപ്പെട്ടുകൊണ്ടിരിക്കും. വാക്കുകളിൽ, വർണ്ണങ്ങളിൽ, നാദസ്വരത്തിൽ, വർണ്ണിക്കാനാവാത്ത ഒരു ചേതോവികാരം മനുഷ്യനെ അസ്വസ്ഥനാക്കും. അവനനുഭവപ്പെടുന്ന ഈ അസംതൃപ്തിയുടെ ശൂന്യതയുടെ—കാരണമെന്താണു്? എന്തുകൊണ്ടു് ആകാംക്ഷാപൂർവ്വം വാരിപ്പുണരുന്ന സന്തോഷത്തിൻെറ നിമിഷങ്ങളും ഒടുവിൽ ഒരു ശൂന്യത സൃഷ്ടിച്ചിട്ടു് കടന്നു പോകുന്നു? എല്ലാം കടന്നു പോകുന്നു വലിയ മനുഷ്യൻെറ കൊച്ചു ഹൃദയത്തെ നിറയ്ക്കാതെ. എന്തുകൊണ്ടു്?

മനുഷ്യനു്—പ്രത്യേകിച്ചു് പാശ്ചാത്യനാടുകളിലെ മനുഷ്യനു്– അതിസമ്പത്തിൻെറ നടുവിലും നിരന്തരം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന, 'ശൂന്യതാബോധത്തി'നു്

പരിഹാരം കാണാൻ അവൻ നിർബന്ധിതനായിരിക്കുകയാണു്. നിലവിലിരിക്കുന്ന വ്യവസ്ഥാപിത മതങ്ങൾ കൊടുക്കുന്ന ഉത്തരം മനുഷ്യനിലെ 'ശൂന്യതയുടെ' രഹസ്യത്തിനു് മതിയായ മറുപടിയാണെന്നു് അവൻ കരുതുന്നില്ല. തന്മൂലം അനുഷ്ഠാന പ്രധാനമായ മതത്തിന്റെ മാർഗ്ഗം പാടെ വെടിഞ്ഞു് ചിലർ തൽക്കാല ശാന്തിക്കായി ലഹരിപദാർത്ഥങ്ങളുടെയും മയക്കുമരുന്നുകളുടെയും മാസ്മരലഹരിയിൽ അമരുന്നു. പക്ഷെ മനുഷ്യനിലെ 'നിതാന്ത ശൂന്യത' നികത്താൻ മയക്കുമരുന്നിനൊ രാസവസ്തുക്കൾക്കൊ കഴിയുമോ? ഈശ്വരനെ–ജീവിതാനുഭൂതിയിൽ നിന്നുയരുന്ന ഈശ്വരനെ–കണ്ടെത്താതെ ഈ ശൂന്യത നികത്തപ്പെടില്ല. അപ്പോൾ തനിക്കുപരിയായി നില്ക്കുന്ന ആ സത്തയിലേയ്ക്കുള്ള മനുഷ്യന്റെ അദമ്യമായ അഭിനിവേശമാണു്, ഈ 'ശൂന്യത'യുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുക. ഈ ശൂന്യതാബോധത്തിന്റെ ബാഹ്യലക്ഷണങ്ങളാണു് ഇന്നു കാണുന്ന മതേതര നീക്കങ്ങൾ–മയക്കുമരുന്നുകൾ– ഹിപ്പികൾ–യോഗകേന്ദ്രങ്ങൾ എല്ലാമെല്ലാം. ഈ പ്രശ്നത്തെ, തത്വശാസ്ത്രജ്ഞനായ സാർത്ത് എങ്ങനെ വിലയിരുത്തുന്നു എന്നുനോക്കാം. ഇന്നു ജീവിച്ചിരിക്കുന്ന ഫ്രഞ്ചു് അസ്തിത്വ ചിന്തകരിൽ പേരെടുത്ത സാർത്ത് മനുഷ്യന്റെ ജീവൽ പ്രശ്നങ്ങളെ അപഗ്രഥിക്കാൻ ശ്രമിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ദാർശനിക വലയത്തിൽ രൂപമെടുത്ത മനുഷ്യൻ സർവ്വതന്ത്ര സ്വതന്ത്രനാണു്. അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ "മനുഷ്യൻ എന്നു പറയുന്നതു് അവൻ സ്വയം നിർമ്മിക്കുന്ന എന്തോ ഒന്നല്ലാതെ വേറൊന്നുമല്ല". മനുഷ്യനെ ആക്കുന്നതും അഴിക്കുന്നതും ഈ ചിന്തയിൽ അവൻതന്നെയാണു്. അവനു്, പുറത്തൊരു യാഥാർത്ഥ്യത്തെ തെരഞ്ഞിട്ടൊ മുൻകൂട്ടി പ്രതിഷ്ഠിച്ചിട്ടൊ കാര്യമില്ല. മനുഷ്യനാകട്ടെ അവൻ ചെയ്യുന്നതും ചെയ്യ

കൊണ്ടിരിക്കുന്നതുമായ സംഗതികളുടെ ആകെത്തുക യാണ്. അല്ലാതെ അവൻ സ്വപ്നം കാണുന്ന ഏതോ ആദർശസൃഷ്ടിയൊന്നുമല്ല. പരിച്ഛേദമായ സ്വാതന്ത്ര്യം കൈമുതലായുള്ള സാർത്തറുടെ മനുഷ്യൻ തികച്ചും നിരാ ശനാണ്. "സ്വാതന്ത്ര്യം ഒരു പാവനാവകാശമല്ല; പ്രത്യുത അതൊരു ശാപവും അവൻെറമേൽ വച്ചുകെട്ടി യിരിക്കുന്ന ഭാരമേറിയ ഒരു ചുമടുമാണ്, മനുഷ്യൻ സ്വാതന്ത്ര്യത്തിൻെറ കൊലപ്പുള്ളിയാണ്" എന്നു പറ ഞ്ഞു് വിലപിക്കുന്ന സർവ്വതന്ത്ര സ്വതന്ത്രനായ നിരാശ യുടെ മനുഷ്യനും അസ്പഷ്ടമായി തന്നിലെ 'ശൂന്യത'യെ വിളിച്ചു പറയുകയാണ്. ഈ മനുഷ്യനും ദാർശനിക വലയത്തിനു് ഉപരിയായി നിലകൊള്ളുന്ന എന്തോ ഒന്നിലേയ്ക്കു് മുഖം തിരിച്ചിരിക്കുന്നവനാണ്. സാർ ത്തറുടെ മനുഷ്യൻെറ ചിത്രം പൂർണ്ണമല്ലിവിടെ.

എന്തോ ഒന്നു പ്രാപിക്കാനുള്ള മനുഷ്യമനസ്സിൻെറ വ്യഗ്രതയാണ് ഇന്നത്തെ വഴിപിഴച്ച നീക്കങ്ങളുടെ അടി യിൽ അറിഞ്ഞോ അറിയാതെയോ കിടക്കുക. മതം അതിനെ ഈശ്വരൻ എന്നു വിളിക്കുന്നു എന്നാൽ സത്യ ദൈവത്തെ കണ്ടെത്താൻ സഹായകമല്ലാത്ത കള്ളമത ങ്ങളും അവയുടെ കുട്ടിദൈവങ്ങളും പുറംതള്ളപ്പെട്ടു. ഇന്നു് തന്നിലെ 'ശൂന്യത' നീക്കാൻ മനുഷ്യൻ മനുഷ്യനെ തേ ടുന്നു. മുഖംമൂടിയിട്ട സമീപനത്തിൽക്കൂടി ഞാൻ – നീ എന്ന മനുഷ്യബന്ധത്തിൻെറ അഗാധ തലങ്ങളിലേയ്ക്കു് ഊളിയിട്ടിറങ്ങാൻ മനുഷ്യനു കഴിയുന്നില്ല. മനുഷ്യഹൃദ യം അമൂർത്തമായ എന്തോ ഒന്നിലേയ്ക്കുയരാൻ – കൂടിച്ചേ രാൻ ആഗ്രഹിക്കുന്നതുകൊണ്ടു് ഭൗമികവസ്തുക്കൾക്കു് അവ നെ പൂർണ്ണമായി തൃപ്തനാക്കാൻ കഴിയുന്നില്ല. ഐക്യത്തി ൻെറയും അമൂർത്തതയുടെയും ആത്മബോധത്തിൻെറയും തല ത്തിലേയ്ക്കുയരാൻ വെമ്പുന്ന മനുഷ്യ ചേതന, സ്നേഹിത

നായും സഹോദരനായും, കാമുകിയായും, പിതാവായും ശിശുവായുമെല്ലാം അപരന്റെ ഉണ്മയിലേക്കിറങ്ങിച്ചെല്ലാൻ ശ്രമിക്കുന്നു. താൻ 'പൊയ്മുഖം' മാററി വയ്ക്കുമ്പോഴും അപരൻ തന്നെ 'ആവരണ'മിട്ടുകൊണ്ടു് സമീപിക്കുന്നു. പൊയ്മുഖമുള്ള മനുഷ്യൻ – നൂറുമുഖമുള്ള മനുഷ്യർ –. മനുഷ്യനു് മനുഷ്യനെ മുഖംമൂടിവച്ചുകൊണ്ടു് സമീപിക്കാം. എന്നാൽ ജീവന്റെ നാഥനായ ജഗദീശ്വരന്റെ മുമ്പിൽ അസ്തിത്വത്തിന്റെ നഗ്നതയിൽ സ്വയം പ്രത്യക്ഷപ്പെടണം. അപ്പോഴും ഒരു സത്യം ബോധ്യമാകും. താനും തന്റെ അയൽക്കാരനും ഒരേ അസ്തിത്വകേന്ദ്രത്തിൽനിന്നും ഉണ്മയാന്നു് അതിലേയ്ക്കു യാത്രചെയ്യുന്ന പഥികരാണെന്നു്. അപ്പോഴും അപരനാകുന്ന വഴിയമ്പലത്തിലിറങ്ങി ഭയവും ശങ്കയും കൂടാതെ വിശ്രമിക്കാം. കൂട്ടായി യാത്ര ചെയ്യാം.

**'ആൾക്കൂട്ടത്തിൽ തനിയെ'**

നഗരങ്ങളിലെ തിരക്കാന്ന പെരുവഴികളിൽ മനുഷ്യൻ 'ആൾക്കൂട്ടത്തിൽ തനിയെ നിൽക്കുന്നു.' ഗ്രാമങ്ങളിലാണെങ്കിൽ കടുത്ത ദാരിദ്ര്യവും ജീവസന്ധാരണത്തിനവശ്യം വേണ്ട വസ്തുക്കളുടെ ദൗർലഭ്യവും അവന്റെ സുരക്ഷിതത്വബോധം കാന്നു തിന്നുന്നു. ഗ്രാമത്തിലെ പാമരനിലും നഗരത്തിലെ പരിഷ്ക്കാരിയിലും രണ്ടു കൊച്ചു ലോകങ്ങൾ ഉണ്ടു്. രണ്ടിലും പ്രശ്നങ്ങൾ തിങ്ങിനിറയുന്നു. ലാബറട്ടറികളിൽ ടെസ്റ്റ്യൂബ് ശിശുക്കൾക്കു് ജന്മം കൊടുക്കാനുള്ള ശ്രമം ശാസ്ത്രത്തിന്റെ അതിശയകരമായ പുരോഗതിയുടെ വൈജയന്തിയാണു്. ഭൂഗോളത്തെ മാത്രമല്ല സൗരയൂഥത്തെ തന്നെ തന്റെ കരവലയത്തിലൊതുക്കിയാലെന്നു് വ്യാമോഹിക്കുന്ന കൊച്ചുമനുഷ്യൻ, അവൻ ഇന്നുമൊരു കടംകഥയാണു്.

അവൻ സൗഭാഗ്യകാംക്ഷിയാണ്.
ദുഃഖപരിവേഷ്ടിതമാണവൻെറ ജീവിതം.
സ്വതന്ത്രനാണവൻ, പക്ഷെ വ്യക്തിപര
മായ അടപ്പം അനിവാര്യമാണ്.

നാഥനാണെങ്കിലും പലതിൻെറയും ദാസനും. തനതായിട്ടുള്ള സ്വാതന്ത്ര്യം പണയപ്പെടുത്താതെ, ജീവിതം പൂർണ്ണമാക്കാനവനു് സാദ്ധ്യമല്ല. സ്നേഹിക്കാനും സ്നേഹം പകരാനുമുള്ള വാസന അവനു മൗലികമാണ്. മററുള്ളവരുടെ അംഗീകാരം നേടാനും അവരോടുകൂടി ഒന്നായിത്തീരാനുമുള്ള മോഹം ഉൽക്കടമാണ്.

ഈ സാഹചര്യത്തിൽ ഭയവും ദുഃഖവും മോഹവും മോഹഭംഗവും അവനനുഭവപ്പെട്ടുകൊണ്ടിരിക്കും. ടി. എസ് എലിയട്ടിൻെറ ഭാഷയിൽ ഇരുപതാം നൂററാണ്ടു് രൂപംകൊടുത്തിരിക്കുന്നതു് 'പൊള്ളയായ മനുഷ്യ' നാണ്. ഉള്ളിൻെറ ഉള്ളിലെ 'പൊള്ള' – കാമ്പില്ലായ്മ – ഉൾക്കാമ്പ് കണ്ടെത്താനുള്ള വ്യഗ്രതയും നെട്ടോട്ടവുമാണ് നടക്കുന്നതു്. 1962 ആഗസ്റ്റ് 5-ാം തീയതി വിശ്വമോഹിനിയായ ഹോളിവുഡ് സിനിമാതാരം മെർലീൻ മൺറോ മരിച്ചു. അതൊരാത്മഹത്യയായിരുന്നു. ഉറക്കമരുന്ന് കഴിച്ച് ലോകത്തോടു് വിടപറഞ്ഞ സൗന്ദര്യരാജ്ഞിയായ മെർലീൻ മൺറോ ഒരു കാര്യം അനുസ്മരിപ്പിക്കുന്നു. ലൈംഗികാനന്ദങ്ങൾ മതിവരുവോളം ആസ്വദിച്ചാലും മനുഷ്യഹൃദയം പൂർണ്ണമായി തൃപ്തിയടയുകയില്ല. സമ്പത്തും സൗന്ദര്യവും കീർത്തിയും ഒത്തിണങ്ങി, മനുഷ്യഹൃദയങ്ങളെ ഹരം പിടിപ്പിച്ച മൺറോ, ആത്മഹത്യയിൽ എല്ലാം അവസാനിപ്പിച്ചു. അവളുടെ ശാരീരിക സൗന്ദര്യത്തിൽ, നഗ്നമായ അംഗലാവണ്യത്തിലാണ് ജീവിതത്തിൻെറ സുരക്ഷിതത്വവും അന്തഃസത്തയുമവൾ

കണ്ടതു്. മുപ്പതാമത്തെ വയസ്സിൽ കാലം തന്റെ മുഖത്തു് ഏല്പിച്ച ചുളിവുകൾ മുഖക്കണ്ണാടിയിൽ പ്രതിബിംബിച്ചപ്പോൾ അവൾ ഞെട്ടി. ജീവിതത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാതെ മിഥ്യാബോധത്തിൽ അവളുടെ ജീവിതം ആന്ദോളനം ചെയ്തു. അരക്ഷിതമായ ജീവിതത്തിന്റെ വഴിത്തിരിവിൽ വഴികണ്ടെത്താനൊരു ദീപനാളം കാണാതെ കൊടും നിരാശയിൽ ആ സൗന്ദര്യദേവത ജീവിതം വിധിക്കു കൈവിട്ടു.

"യഥാർത്ഥ സ്നേഹമെന്തെന്നു് രുചിക്കാത്ത സ്നേഹദേവത," എന്ന അപരനാമത്തിൽ സിനിമാലോകത്തു് അവൾ അറിയപ്പെടുന്നു. ജീവിക്കാൻ മറന്നുപോയ ഒരു സ്ത്രീ. മററുള്ളവർക്കു വേണ്ടി ജീവിക്കുമ്പോളാണു് ജീവിതം ധന്യമാകുന്നതു്. അപരന്റെ വ്യക്തിത്വത്തിലേക്കും അസ്തിത്വത്തിലേയ്ക്കും ഇറങ്ങിച്ചെല്ലാതെ, പല പുരുഷന്മാരോടുകൂടി ജീവിച്ച മൺറോയുടെ അന്തസ്സത്ത മററുള്ളവരിലേയ്ക്കു കടന്നില്ല. മററുള്ളവരോടുകൂടി ആയിരിക്കുക മാത്രം ചെയ്തു. അവൾ, അപരനു് കാഴ്ചവച്ചതു് അവളുടെ അംഗലാവണ്യത്തിന്റെ വശ്യപ്പൊലിമ മാത്രം. അവളുടെ ഉള്ളു് അവളിലേയ്ക്കു് ചുരുങ്ങിക്കൂടി. തനിക്കുവേണ്ടിത്തന്നെ നിലനില്ക്കുക എന്നതു് വസ്തുക്കളുടെ സ്വഭാവമാണു്. വ്യക്തിയുടെയല്ല. ഇതിന്റെ അന്ത്യം ആത്മഹത്യതന്നെ. ലക്ഷ്യമേതും അറിയാതെ ഉഴലുന്ന മനുഷ്യനാണിതു്. ഈ പരാജയമാണു് മനുഷ്യനു സംഭവിച്ചിരിക്കുന്ന മറെറാരു പിശകു്.

# 2

## —പ്രസ്ഥാനങ്ങൾ വൈകൃതങ്ങൾ—

ആധുനിക യുഗം രണ്ടു ലോകമഹായുദ്ധങ്ങളുടെ തീയും പുകയും കൊണ്ടു് വീർപ്പുമുട്ടി വേദനിച്ചിട്ടുള്ളതാണു്. വിപ്ലവകരമായ പരിവത്തനങ്ങളാണു് രണ്ടു ലോകമഹായുദ്ധങ്ങൾ സംസ്കാരത്തിലും കലയെക്കുറിച്ചുള്ള അവന്റെ സങ്കല്പങ്ങളിലും വരുത്തിവച്ചതു്. നിലവിലിരുന്ന മൂല്യങ്ങളെ തട്ടിത്തകർത്തുകൊണ്ടു്, കപട ധാർമ്മിക നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു നീക്കമായിരുന്നു അതു്. മൂല്യങ്ങളെ പുനരവതരിപ്പിക്കാനുള്ള നൂതന സങ്കേതങ്ങൾ തേടിയുള്ള ജൈത്രയാത്രയാണിന്നു തുടരുന്നതു്. പാശ്ചാത്യസംസ്കാരത്തെ ഒന്നടങ്കം വെല്ലുവിളിക്കുന്ന നീക്കങ്ങളാണു്, കലയിലും സംസ്കാരത്തിലും, രാഷ്ട്രീയത്തിലും, മതത്തിലുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇവയെ നിസ്സാരമായി തള്ളിക്കളയാനാവില്ല. 1916-ൽ ജന്മമെടുത്ത ഡാഡായിസം എന്ന നൂതന പ്രസ്ഥാനം അന്നുവരെ നിലവിലിരുന്ന കലയുടെ അടിസ്ഥാന പ്രമാണങ്ങളെ—പരമ്പരാഗതമായ കലാസങ്കല്പങ്ങളെ—കടപുഴതെറിഞ്ഞു. ഡാഡായിസം മനുഷ്യന്റെ എതിർപ്പിന്റെ—പാരമ്പര്യത്തിലുള്ള അവിശ്വാസത്തിന്റെ— ഒന്നാമത്തെ ബാഹ്യ

 ലക്ഷണമായിരുന്നു.

ലിവർപൂളിൽ ജന്മമെടുത്ത ''ബീററിൽ'' പ്രസ്ഥാനം പോപ്പ് മ്യൂസിക്കിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 1965 വരെ ബീററിൽസ് ലോകശ്രദ്ധയെ പിടിച്ചുപററിയ വീര പുരുഷന്മാരായി നിലകൊണ്ടു. ചുരുങ്ങിയ കാലംകൊണ്ടു് ജോൺ ലെന്നൻ, പോൾ മക്ആർട്ടിനി, ജോർജ് ഹാരിസൻ, റിങ്കോസ്റ്റാർ എന്നീ യുവത്തിടമ്പുകൾ കോടീശ്വരന്മാരായി മാറി. ഒരു 'ബീററിൽ കൾട്ട്'' വീരാരാധനതന്നെയാണ് യൂറോപ്പിൽ അക്കാലത്തു് നടന്നതു്. 1965-ലെ അമേരിക്കൻ പര്യടനത്തോടെ, വിവിധ കുടുംബങ്ങളിൽനിന്നു്, വിവിധ സാംസ്കാരിക പശ്ചാത്തലത്തിൽനിന്നു് ഒരുമിച്ചുകൂടിയ ബീററിൽ സഖ്യം തകർന്നടിഞ്ഞു. എന്നാൽ ബീററിൽസിൻെറ വസ്ത്രധാരണ രീതിയും, ജീവിതക്രമവും നടപടികളും വേറൊരു യുവജനമുന്നേററത്തിനു വളവും വെളിച്ചവും പകർന്നു.

1965-ൻെറ പകുതിയോടുകൂടി അമേരിക്കയിൽ ജന്മമെടുത്ത ഒരു ഉപസംസ്കാരമാണു് 'ഹിപ്പിസംസ്കാര'മെന്നു വിശേഷിപ്പിക്കപ്പെടുന്നതു്. ഹെപ്പ് (HEP) എന്ന ഇംഗ്ലീഷ് നാമവിശേഷണത്തിൽനിന്നും രൂപഭേദം സ്വീകരിച്ച ഒരു പദമാണു് 'ഹിപ്പ്'' (HIP). അതിൻെറ നാമരൂപമാകട്ടെ ഹിപ്പ്സ്റ്റർ (HIPSTER) എന്നും. ഹിപ്പ് എന്ന ധാതുവിൻെറ അർത്ഥം 'അതോടുകൂടിയായിരിക്കുക' (to be with it) എന്നാണു്. സ്നേഹമാണു് ഹിപ്പികളുടെ ധാർമ്മികനിയമം. ജാതിമത വർഗ്ഗവർണ്ണലിംഗ വ്യത്യാസമെന്യേ എല്ലാവരെയും സ്നേഹിക്കുക എന്നുള്ളതാണു് ഇവരുടെ പ്രമാണം. ലോകത്തെ മുഴുവൻ 'പുഷ്പശക്തി'കൊണ്ടു് തകിടംമറിച്ചു് പുതിയൊരു സംസ്കാരത്തിനു രൂപം കൊടുക്കാനുള്ള ഇവരുടെ പരിശ്രമത്തിൽ 'പുഷ്പസന്തതികൾ' എന്നും ഇവർ അറിയപ്പെടുന്നുണ്ടു്. പുഷ്പം ഇവ

രുടെ ഒരു അടയാളമായിരുന്നു, ആദ്യകാലത്തു്. പേലവവും സുകുമാരവുമാണല്ലൊ പുഷ്പം. സ്നേഹത്തിന്റെ പ്രതീകമായിരിക്കാമിതു്. ഹിപ്പികളുടെ തറവാട്ടം തീർത്ഥാടന കേന്ദ്രവുമായിരുന്നു ഒരിക്കൽ, സാൻഫ്രാൻസിസ്കോ നഗരത്തിലുള്ള ഹൈററ് ആഷ്ബറി. പക്ഷെ ഇന്നിതിനൊരു നാശത്തിന്റെ –ട്രാജഡിയുടെ– കഥയാണു് പറയാനുള്ളതു്. 1965 നോട്ടുകൂടിയാണു് സാൻഫ്രാൻസിസ്കോയിലെ "ടോപ്പ്ലെസ് – ബോട്ടംലെസ്" – അയഞ്ഞ ജീവിതരീതി – യിലൂടെയാണു് ഹിപ്പിപ്രസ്ഥാനം വളർന്നുയർന്നതു്. പുരോഗമനാശയക്കാരായ അവിടത്തെ മുതിർന്നവർ പിൻതലമുറയ്ക്കു സർവ്വസ്വാതന്ത്ര്യവും അംഗീകരിച്ചുകൊടുത്തു. മനുഷ്യന്റെ വികാരങ്ങളെ വരിഞ്ഞുകെട്ടി മുറുക്കി വയ്ക്കുകമൂലമാണു് മാനസികമായ പല പ്രശ്നങ്ങളും രതിവൈകൃതങ്ങളും ഉടലെടുക്കുക എന്നുള്ള ഫ്രോയിഡിന്റെ ചിന്താഗതി, ഒരുതരം അനുവദനീയത അംഗീകരിച്ചു കൊടുക്കാൻ പാശ്ചാത്യ സമൂഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടു്. മനുഷ്യന്റെ വികാരങ്ങളെ ഒരു പരിധിവരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്നുള്ളതിനോടു് ആരും വിയോജിക്കുമെന്നു തോന്നുന്നില്ല, ഈ സ്വാതന്ത്ര്യം എന്തും ചെയ്യുന്നതിനുള്ള ലൈസൻസായി മാറുന്നതു് ദോഷകരമായിരിക്കും. ഗോൾഡൻ ഗേററ് പാർക്കിനടുത്തു് വസിച്ചിരുന്ന ഈ ജനവിഭാഗം സാമ്പത്തികമൊ, സാംസ്കാരികമൊ ആയി അത്ര മെച്ചപ്പെട്ട നിലവാരത്തിലുള്ളവരായിരുന്നില്ല. ഇവിടെയുള്ള യുവാക്കൾ സായംവേളകളിൽ ഒരുമിച്ചുകൂടി വീടുകൾ തോറും നടന്നു് പാട്ടുപാടി കൂട്ടംകൂടി രസിക്കുക പതിവായിരുന്നു. ക്രമേണ ആ ഭാഗത്തു് ഒരു ചെറിയ കാപ്പിക്കടയും മദ്യശാലയും ഉയർന്നുവന്നു. കാലക്രമത്തിൽ ഇക്കൂട്ടർ സമൂഹത്തിന്റെ അംഗീകൃതാചാരങ്ങളിൽനിന്നും മര്യാദവിധികളിൽനിന്നും വഴുതിമാറി വ്യവസ്ഥാപിത സംസ്കാരത്തി

ൻെറ ധ്വംസകരായിത്തീൎന്നു.

തലമുടി നീട്ടിവളൎത്തി.
പ്രത്യേകതരം ചെരിപ്പുകഠം ധരിച്ചു.
പററംകൂടി ആദം ഹവ്വാമാരെപ്പോലെ
നടക്കാൻ തുടങ്ങി.

ഏകദേശം എണ്ണൂറുപേരുടെ ഒരു സംഘമായിരുന്നതു്. അവിടെ വിദേശികളൊ, വിനോദസഞ്ചാരികളൊ അന്നു് ഉണ്ടായിരുന്നില്ല. പരസ്പരം സഹായിച്ചും സഹകരിച്ചും അവർ കൂട്ടായി ജീവിച്ചുതുടങ്ങി. ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതി അവിടെ രൂപപ്പെടുന്നതുപോലെ കാണപ്പെട്ടു. അമേരിക്ക മുഴവൻ ഈ പുത്തൻ ജീവിതരീതിയുടെ അനുകരണം ഉണ്ടായി.

ദ്രുതഗതിയിൽ യുവതികളും യുവാക്കളും
വികാര തരളിതരായി ഹിപ്പികളുടെ
പുണ്യനഗരത്തിലേക്കു് ഓടിക്കൂടി.

പാശ്ചാത്യ സംസ്കാരത്തിൻെറ യാതനകളിൽ മനംമടുത്തു് കഴിഞ്ഞിരുന്ന യുവാക്കഠംക്കും യുവതികഠംക്കും അവരെ വീൎപ്പുമുട്ടിക്കുന്ന പ്രശ്നങ്ങളുടെ പരിഹാര കേന്ദ്രമാണു്, ഹൈററു് ആഷ്ബറി എന്നുള്ള മിഥ്യാധാരണ പടൎന്നു പിടിച്ചു. സാമൂഹ്യ സമ്പൎക്ക മാദ്ധ്യമങ്ങഠം, വാൎത്താപ്രക്ഷേപണങ്ങഠംവഴി ഈ കൊച്ചു ഗ്രാമത്തെ പ്രശസ്തിയിലേയ്ക്കുയൎത്തി. അങ്ങനെ പുതിയൊരു ജീവിത ക്രമവും അതിനിണങ്ങിയ പ്രത്യേക കോഡ്ഭാഷയും മുദ്രാവാക്യങ്ങളും വസ്ത്രധാരണരീതിയും രൂപമെടുത്തു. ഹിപ്പിഗാനങ്ങളും ഹിപ്പിമന്ത്രങ്ങളും അവിടെ അലയടിച്ചുയൎന്നു.

സ്നേഹമെന്ന മന്ത്രവും ചൊല്ലി, പുഷ്പദളങ്ങളുമേന്തി
ഹിപ്പികളും ഹിപ്പിണികളും അലഞ്ഞുതിരിഞ്ഞു.

വ്യവസ്ഥാപിത മതത്തിൻെറ നിയന്ത്രണങ്ങളും അനുഷ്ഠാനങ്ങളും തകൎത്തു് ദൈവീകാനുഭൂതിക്കായി ഇവർ

അഭയം തേടിയതു് മയക്കമരുന്നുകളിലാണു്. എൽ എസ്ഡി ഉറക്കഗ്ഗുളികകൾ, ഹിറോയിൻ, കൊക്കെയിൻ തുടങ്ങി മനസ്സിനെ ഹരം പിടിപ്പിക്കുന്ന എന്തും ഇവർ ഉപയോഗിക്കുന്നു. അവർ ആദിമനുഷ്യരെപ്പോലെ ആടിപ്പാടി മേളിച്ചു നടക്കുന്നു. തങ്ങളുടെ ഉള്ളിലെ വേദനകൾ ഒളിച്ചു് മറവിയുടെ മാറിൽ ഉറങ്ങാൻ വേണ്ടിമാത്രം.

വീട്ടിൽ നിന്നും ഒളിച്ചോടിയവർ,
സമൂഹവുമായി ഇണങ്ങിച്ചേരാത്തവർ,
ആൾക്കൂട്ടത്തിൽ തനിയെ നിൽക്കുന്നവർ,
മുഖം നഷ്ടപ്പെട്ടവൻ – അന്യവൽകൃതൻ,
ഏകാന്തതയുടെയും അപരിചിതത്വത്തിൻെറയും ഭാരം പേറുന്നവർ, മോഹഭംഗം സംഭവിച്ചവർ, യുവ കുററവാളികൾ,

എല്ലാം എല്ലാം ഈ പുണ്യസങ്കേതത്തിൽ ദാഹജലത്തിനായി ഓടിക്കൂടി. അവരിൽ ചിലർ ഒരു ന്യൂയോർക്കുകാരി ഹിപ്പിണി ബൈബിളിലെ ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൻെറ പാരഡി (ഹാസ്യാനുകരണം) എഴുതിയുണ്ടാക്കിയതു പാടി.

23-ാം സങ്കീർത്തനത്തിൻെറ പാരഡി.

“ഹിറോയ്ൻ” എൻെറ ഇടയനാകുന്നു
എനിക്കു ബുദ്ധിമുട്ടുണ്ടാകുകയില്ല.
അതു് എന്നെ അഴുക്കുചാലുകളിൽ കിടത്തുന്നു;
അതു് എൻെറ ആത്മാവിനെ നശിപ്പിക്കുന്നു
അതിൻെറ തീരുമാനത്തിനു വേണ്ടി
എന്നെ നരകത്തിൻെറ മാർഗ്ഗങ്ങളിൽ നടത്തുന്നു.
മരണത്തിൻെറ കൂരിരുൾതാഴ്‌വരയിൽ കൂടി
നടന്നാലും

ഞാൻ ഒരനത്ഥവും ഭയപ്പെടുകയില്ല.
എന്തുകൊണ്ടെന്നാൽ 'ഹിറോയ്ൻ' എൻെറ
കൂടെയുണ്ടല്ലോ
എൻെറ സിറിഞ്ചും സൂചിയും എന്നെ ആശ്വ
സിപ്പിക്കുന്നു.
എൻെറ ശത്രുക്കളുടെ മുമ്പിൽ നീ എന്നെ ലജ്ജി
തനാക്കുന്നു.
ഉന്മാദംകൊണ്ട് എൻെറ തലയെ നീ അഭിഷേ
കം ചെയ്യുന്നു,
എൻെറ പാനപാത്രത്തിൽ നിന്നു് ദുഃഖം കവി
ഞ്ഞൊഴുകുന്നു.
വിദ്വേഷവും തിന്മയും എൻെറ ആയുഷ്ക്കാലം
മുഴുവൻ എന്നെ പിന്തുടരും
ഞാൻ ദുരിതത്തിൻെറയും അവമാനത്തിൻെറയും
ആലയത്തിൽ ദീർഘകാലം വസിക്കും.

ഒരു ഹിപ്പിണിയുടെ ശവശരീരത്തിനടുത്തു കിടന്നിരുന്ന പൂട്ടപ്പെട്ട കാറിൽ നിന്നു കണ്ടെടുത്തതാണീ 'കാവ്യം'. ഇരുപത്തിമൂന്നു വയസ്സ് പ്രായമുള്ള ഒരു യുവതി, ഹിപ്പിപ്രസ്ഥാനവും മയക്കുമരുന്നും ഒരു മരീചികയായിരുന്നു എന്നു തെളിയിക്കുന്നതാണല്ലോ ഈ പാരഡി. ഹിപ്പികളുടെ പുണ്യനഗരത്തിൽ ബലാൽ സംഗങ്ങൾ നിർവിഘ്നം നടന്നു. അവിവാഹിതകളായ മാതാക്കൾ പെരുകി. കവർച്ചയും കൊള്ളിവയ്പും നിത്യസംഭവമായി. കൊലയും ചൂഷണവും ധാമ്മിക നീതിയായി മാറി. ഒരു മോഹന സുന്ദരവാഗ്ദാനത്തിൻെറ പ്രണേതാക്കൾ സ്നേഹം എന്ന അനുഗ്രഹമന്ത്രം മാററി ദ്വേഷത്തിൻെറ ശാപമന്ത്രം ഉരുവിട്ടു. അനിയന്ത്രിതമായ സുഖഭോഗത്തിനും രതിവൈകൃതങ്ങൾക്കുമുള്ള ലൈസൻസായി 'ഹൈററ് ആഷ്ബറി' രൂപഭംഗപ്പെട്ടു. മയക്കുമരുന്നുകളും മോഹിനികളും

അവരെ വീണ്ടും നാശത്തിൻെറ അഗാധതലങ്ങളിലേക്കു തള്ളിയിട്ടതോടുകൂടി ഹിപ്പിസംസ്കാരം ഒരു കാനനൻ ജലമാണെന്നും, മൃഗതൃഷ്ണയാണെന്നും ബോദ്ധ്യമായി. നിരാശരായി നിരാശ്രയരായി പലരും വഴിമുട്ടിനിന്നു. ചിലർ സ്വഭവനങ്ങളിലേയ്ക്കു തുറന്ന ക്ഷമാപണവുമായി, ധൂർത്തപുത്രനേപ്പോലെ മടങ്ങി. തങ്ങൾ സ്വപ്നം കണ്ട ഹൈററ് ആഷ്ബറി എന്ന 'വിശുദ്ധനഗരം' തകർന്നടിയുന്നതു കണ്ടപ്പോൾ ഹിപ്പികളും ഹിപ്പിണികളും പരിഭ്രാന്തരായി. വറചട്ടിയിൽ നിന്നും അടുപ്പിലേക്കെന്നുള്ള അവസ്ഥയാണവരുടേതു്. ഇന്നു ജീവിക്കുന്നതു ഹിപ്പികളുടെ 'സ്റ്റൈൽ' മാത്രമാണു്. ചിതറിക്കപ്പെട്ട ഒരു ജനാവലിയെപ്പോലെ ഹിപ്പികൾ അന്യദേശങ്ങൾതേടി അലഞ്ഞുതിരിയുകയാണു്. യോഗികളെപ്പോലെ ഹിപ്പികളും ഒരുതരം അന്വേഷണത്തിൽ തന്നെ. അവരിൽ ചിലരുടെയെങ്കിലും ആത്മാർത്ഥതയെ ചോദ്യം ചെയ്തിട്ടു കാര്യമില്ല. നിലവിലിരുന്ന പാശ്ചാത്യകപട സംസ്കാരത്തിൻെറ പൊയ്മുഖങ്ങൾ വലിച്ചെറിയുവാനുള്ള ധീരമായ ശ്രമത്തിൽ, അംഗീകൃത സ്വാർത്ഥ സംസ്കാരത്തിനെതിരെ ഒരു മറുസംസ്കാരം രൂപപ്പെടുത്തുന്നതിൽ ഹിപ്പികൾ പരാജയമടഞ്ഞെങ്കിൽ, ആ പരാജയം തന്നെ ആധുനികലോക മനസ്സാക്ഷിയുടെ മുമ്പിൽ ഒരു വൻചോദ്യചിഹ്നമായി ഉയർന്നു നില്ക്കും.

യുവതലമുറയെ വിപ്ലവകരമായ പരിവർത്തനത്തിൻെറ സമരകാഹളം മുഴക്കാൻ പ്രേരിപ്പിക്കുന്ന കാരണങ്ങൾ മുഖ്യമായി സാമൂഹ്യമായവ, മന:ശാസ്ത്രപരമായവ എന്നു രണ്ടായി വകഞ്ഞു നിറുത്താം. മുൻതലമുറ കല്പിച്ചുറപ്പിച്ചതും കൈമാറി തന്നതുമായതെല്ലാം, ഇന്നിൻെറ മനുഷ്യനെ സൗഭാഗ്യത്തിലേക്കോ, മാനസിക സമാധാനത്തിലേക്കോ നയിക്കുന്നില്ല. തലനരച്ചവർ യുവതലമു

റയ്ക്കു മൂടക്കുന്ന പല സാമൂഹ്യവിരുദ്ധ നടപടികളും രഹസ്യ മായി മുതിന്നവർ നിർവ്വിഘ്നം തുടരുകയാണ്. മയക്ക മരുന്നുകഠം ഉപയോഗിക്കരുതെന്നു വിലക്കുന്ന മാതാപി താക്കഠം, ആരോഗ്യത്തിനു ഹാനികരമായ എത്ര പാക്ക ററ് സിഗററാണ് വലിച്ചു കൂട്ടുന്നത്. അധ്വാനത്തി ൻെറയും ത്യാഗത്തിൻെറയും മാർഗ്ഗത്തിൽ ചരിക്കാൻ ഉപ ദേശിക്കുന്നവർ കള്ളപ്പണവും കരിഞ്ചന്തയും നോട്ടിരട്ടി പ്പും നിത്യതൊഴിലായി സ്വീകരിച്ചതായി അവർ കുററ പ്പെടുത്തുന്നു. വിവാഹേതര ലൈംഗിക ബന്ധങ്ങഠംക്ക് മൊറട്ടോറിയം കല്പിക്കുന്നവർ വേശ്യാലയങ്ങളിലെയും രഹസ്യവെപ്പാട്ടികളുടെയും പൂജാരികളല്ലേയെന്ന് അവർ ചോദിക്കുന്നു. അക്രമവും ബലപ്രയോഗവും സാമൂഹ്യ വിരുദ്ധ നടപടികളായി മുദ്രകുത്തുന്നവർ നിയമ നിർമ്മാ ണകേന്ദ്രങ്ങളായ അസംബ്ളികളിലും സെനററുഹൗസി ലും കസേര എടുത്ത് ശക്തിപരീക്ഷണത്തിനു മുതിരുന്നെ ങ്കിൽ അതെല്ലാം ഒരു തരം കപട ധാർമ്മികതയായിട്ടാ ണ് യുവതലമുറ മുദ്രകുത്തുന്നത്. പ്രസംഗം ഒന്ന്, പ്രവ ർത്തനം മറെറാന്ന്. ഈ വൈരുദ്ധ്യം കഴിഞ്ഞ തലമുറയി ലും അതിൻെറ മൂല്യവ്യവസ്ഥയിലുമുള്ള ആത്മവിശ്വാസ ത്തെ നശിപ്പിക്കുന്നു. ഈ പ്രതിസന്ധിയാണ് സമര ത്തിൻെറ ഒരു കാരണം. ഈ മുഖംമൂടി വലിച്ചുപൊക്കി കപടസംസ്ക്കാരത്തിൻെറ പച്ചയായ സ്വഭാവം ലോക ത്തെ കാണിക്കണം. ജീവിക്കുന്ന മനുഷ്യൻെറ—വേദനി ക്കുന്ന മനുഷ്യൻെറ—യാതനകഠംക്കു പരിഹാരം കണ്ടെത്താ നുള്ള സത്യാന്വേഷകരാണ് ഇന്നിൻെറ തലമുറ. ഇതി ൻെറ അതിരുകടന്ന കാഹളമാണ്.....

"വിദ്യാദാനം ചെയ്യുന്ന ഗുരുവിനെ പരിഹസിക്കുക
നിങ്ങളുടെ മാതാപിതാക്കഠംക്ക് കീഴടങ്ങാതിരി
ക്കുക",

നിങ്ങളുടെ ജീവിതം ഒരു സ്വപ്നമാണെന്നും നിങ്ങളുടെ

സ്വപ്നങ്ങൾ മനുഷ്യനിർമ്മിതങ്ങളായ മിഥ്യകളാണെന്നും അറിയുന്നില്ലേ? ആ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന്റെ രഹസ്യം ഞാനും നിങ്ങളും സ്വപ്നത്തെ യാഥാർത്ഥ്യമായി പരിഗണിക്കുന്നതാണ്. ധനവാന്മാർ സമ്പന്നരായതു് അവർ കള്ളന്മാരായതുകൊണ്ടാണ്. പാവപ്പെട്ടവർ ആ നിലയിൽ കഴിയുന്നതു് മററുള്ളവരുടെ ബലിയാടുകളായതുകൊണ്ടാണെന്നും ധരിക്കുക, എന്നിപ്രകാരം പോകുന്നു ''ന്യൂലെഫ്ററു്'' പോലുള്ള പ്രസ്ഥാനങ്ങളുടെ മുദ്രാവാക്യങ്ങൾ.

നേരത്തെ കണ്ടതുപോലെ വ്യക്തിയുടെ അനന്യത അഥവാ തനിമ (Identity) യെക്കുറിച്ചുള്ള തീച്ച്ക്കുറവും കുറെയൊക്കെ നൂതന പരീക്ഷണങ്ങൾക്കും എതിപ്പ്കൾക്കും വഴിയൊരുക്കുന്നുണ്ടു്. ''യുവജനങ്ങളുടെ, പ്രത്യേകിച്ചു് വിദ്യാർത്ഥികളുടെ, അവകാശാധികാരങ്ങൾക്കുവേണ്ടിയുള്ള ഇന്നത്തെ പല പുത്തൻ നീക്കങ്ങളും നീതിക്കു വേണ്ടിയുള്ള അവകാശവാദങ്ങളല്ല, പ്രത്യുത വ്യക്തിത്വത്തിനു് അംഗീകാരവും സ്വീകാര്യതയും ലഭിക്കുന്നതിനു വേണ്ടിയുള്ള ഉല്ക്കടമായ ദാഹത്തിന്റെ പ്രതിഫലനമാണ്.'' സുപ്രസിദ്ധ സാമൂഹ്യചിന്തകനായ മാർഷൽ മക്‍ലൂഹന്റെ അഭിപ്രായമാണിതു്. യന്ത്രവൽകൃതലോകത്തിൽ വ്യക്തിത്വത്തിനു് അനുനിമിഷം വിലയിടിഞ്ഞു കൊണ്ടിരിക്കുകയാണ്. അതിൽനിന്നുളവാകുന്ന ഭീതിയും ആകുലതയും മനുഷ്യനെ അസ്വസ്ഥനാക്കുന്നുണ്ടു്. സാമൂഹ്യഘടനയുടെ വദ്ധിച്ച പരിവത്തനം സ്വയം കണ്ടെത്താനും തന്നെത്തന്നെ സ്ഥാപിക്കാനുമുള്ള-അസ്റ്റിത്വത്തിനു വിലയും നിലയും ആഴവും അത്ഥവും കല്പിക്കാനുള്ള-അവസരം നഷ്ടമാക്കുന്നുണ്ടു്. എപ്പോൾ ആത്മവത്ത-അതു വ്യക്തിയുടെതാവാം, സമഷ്ടിയുടേതാവാം-അപകടത്തിലാക്കുന്നുവോ അപ്പോൾ മാററത്തിനു വേണ്ടി

യുള്ള ശംഖൊലി മുഴങ്ങുന്നു. അതു് സമരത്തിലേയ്ക്കും വിപ്ലവത്തിലേയ്ക്കും നീങ്ങുന്നു. കാരണം സമരവും എതിർപ്പും മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന, സ്വയം കണ്ടെത്തലിനുള്ള ദാഹത്തിൻെറ ബഹിർസ്ഫുരണമാണു്. സമരത്തിലൊ, വിപ്ലവത്തിലോ, സ്വയം ആഴ്ന്നിറങ്ങി ക്കൊണ്ടു് ഈ ആകുലതയിലും ഭീതിയിലുംനിന്നു് സ്വല്പ നേരത്തേയ്ക്കെങ്കിലും മാറിനില്ക്കാൻ അവർ പരിശ്രമിക്കുന്നു. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോഠം നവ്യമായൊരു സാമൂഹ്യധാർമ്മിക വ്യവസ്ഥിതിക്കുവേണ്ടി പരിശ്രമിച്ച ഹിപ്പികഠം പഴയതിനേക്കാഠം അധഃപതിച്ച ഒന്നിനു വഴിവെട്ടുകയായിരുന്നു എന്നു പറയാം. ലക്ഷ്യം നന്നായിരുന്നെങ്കിലും ശരിയായ നേതൃത്വമോ, ക്രമീകൃതവും മൂല്യാധിഷ്ഠിതവുമായ കർമ്മപരിപാടിയൊ ഇല്ലാതെ ഈ പ്രസ്ഥാനം പരാജയമടഞ്ഞു. ലക്ഷ്യം നന്നായിരുന്നെങ്കിലും മാർഗ്ഗങ്ങഠം ലക്ഷ്യത്തിൽ എത്താൻ ഉപയുക്തമല്ലായിരുന്നു. ഇന്നിൻെറ തലമുറ കർമ്മനിരതമാണു്. അപരൻെറ ഉന്നതിക്കുവേണ്ടി ആത്മാഹുതി ചെയ്യാൻ അവൻ സന്നദ്ധനാണു്. നിലവിലിരിക്കുന്ന അനീതിയെ –രാഷ്ട്രീയവും ധാർമ്മികവും ആയവയെ– തച്ചുടച്ചു് അതിൻെറ ശവക്കല്ലറയിൽ നവ്യമായ ഒന്നിനെ പണുതുയർത്തണം; അതാണവരുടെ മോഹം. ഉദാരമനസ്കത, അർപ്പണബോധം, മാനുഷികത എന്നിവ യുവതലമുറയുടെ മുഖമുദ്രകളാണു്. എന്നാൽ ഉദ്ദിഷ്ട ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെപ്പററി വ്യക്തമായ ധാരണകളില്ലവർക്കു്. തന്മൂലം ഈ പരാജയത്തിലെ ഉദ്ദേശശുദ്ധിയെ മാനിക്കാതിരിക്കാൻ പററില്ല.

ഹിപ്പിപ്രസ്ഥാനത്തിൻെറ ശവപ്പറമ്പിലെ ചാരക്കൂമ്പാരത്തിൽനിന്നു് ഉയിർക്കൊണ്ട ഒരു നൂതന സമൂഹമാണു് 'യേശുപ്രസ്ഥാനം' എന്നു പറഞ്ഞാൽ അതിശയോ

ക്തിയില്ല. ഹിപ്പികളെപ്പോലെ ഇവരെയും അപമാനസ്സരോ, മനോരോഗികളോ, ഫാഷൻ പ്രേമികളോ ഒക്കെ ആയി തള്ളുന്നവർ കണ്ടേക്കാം. അതെങ്ങിനെയുമാകട്ടെ, ഇക്കൂട്ടത്തിൽ ധാരാളം പൂർവ്വഹിപ്പികളുണ്ടെന്നതു വാസ്തവമാണു്. ഹിപ്പികളുടെ പ്രവാചകനായ ജാക്കു് കൊറോക്കു് പറഞ്ഞു 'ഹിപ്പിതലമുറ സത്യാന്വേഷികളുടേതാണു്' എന്നു്. എന്താണവരന്വേഷിക്കുക? ദൈവത്തെ–ഈശ്വരനെ– അവർക്കു നേരിട്ടുകാണണം. മദ്യവും മയക്കുമരുന്നുകളും മാദകസുന്ദരികളും പരാജയമടഞ്ഞപ്പോൾ പാശ്ചാത്യയുവലോകം യേശുവിങ്കലേയ്ക്കു തിരിഞ്ഞു. നൂററാണ്ടുകൾക്കുമുമ്പു് ഡയോജനിസ് അന്വേഷിച്ചിറങ്ങിയ 'സത്യസന്ധനായ മനുഷ്യനെ' യേശുവിൽ ആധുനിക തലമുറ കണ്ടെത്തിയെന്നു് ബില്ലിഗ്രാം പറയുന്നു. യേശുവിൽ അവർ അന്വേഷിക്കുന്ന സത്യത്തെ-യഥാർത്ഥമുഖത്തിന്റെ ശരിപ്പകർപ്പിനെ– അവർ കണ്ടു. അന്ധകാരാവൃതമായ മർത്യമാനസങ്ങളിൽ വെള്ളിവെളിച്ചം തളിക്കുന്ന ധവള പ്രകാശപാളിയാണു് അവിടുന്നു്.

യേശു നിങ്ങളുടെ സഹോദരനാകുന്നു,
യേശു ഏകമാർഗ്ഗമാകുന്നു,
യേശു ഇന്നും ജീവിക്കുന്നു.

ഒന്നു പുഞ്ചിരിക്കു. ദൈവം നിങ്ങളെ സ്നേഹിക്കുന്നു. എന്നിത്യാദി മുദ്രാവാക്യങ്ങൾ ഒരുതരം മന്ത്രംപോലെ യുവാക്കൾ കൂട്ടം കൂടി ഉരുവിടാൻ തുടങ്ങി. ഒരു തരത്തിൽ പറഞ്ഞാൽ, അമേരിക്കൻ തലമുറ മുഴുവൻ യേശുമയമായി മാറി. 'യേശു എന്റെ കർത്താവാകുന്നു' എന്നെഴുതിയ കുപ്പായങ്ങളും ഇന്നു പരസ്യവിപണിയിൽ കാണാം. ജീസസ് വാച്ചുകൾതന്നെ പുറത്തിറങ്ങിയിട്ടുണ്ടു്. യേശു പ്രസ്ഥാനത്തിന്റെ ചിഹ്നമാകട്ടെ ഉയർത്തിയ മുഷ്ടിയിൽ ഉതിർന്നു നില്ക്കുന്ന ചൂണ്ടുവിരലും. രക്ഷയിലേയ്ക്കും വിമോചനത്തിലേയ്ക്കുമുള്ള ഏകമാർഗ്ഗം യേശുവാണെന്നു് ഇതു

സൂചിപ്പിക്കുന്നു. യേശുമുന്നേററത്തിൻെറ സ്ഥാപകനേതാവായ ബിൽബ്രൈററ് പറഞ്ഞു. "യേശുവിൻെറ സുവിശേഷചൈതന്യംകൊണ്ടു് അമേരിക്ക മുഴുവൻ 1976–ൽ നിറയ്ക്കണമെന്നാണു് ഞങ്ങളുടെ പ്ലാൻ; 1980–ൽ ലോകം മുഴുവനും. എങ്കിലും കർത്താവു് അതിനു് അല്പം സാവകാശം ആവശ്യപ്പെട്ടന്നെങ്കിൽ അതിനും സമ്മതമാണു്." ഇതിനെ വെറുമൊരു ഫാഷൻ ആയി–വീരാരാധനയായി– തള്ളുന്നവർ കണ്ടേക്കാം. *എന്നാൽ യേശു പ്രസ്ഥാനത്തെ അകമഴിഞ്ഞു സ്നേഹിക്കുകയും അതിനെ അപഗ്രഥിക്കുകയും ചെയ്ത ബില്ലിഗ്രാം പറയുന്നു; "ഇതൊക്കെ ഒരു ഫാഷനായിരിക്കാം; പക്ഷെ ഈ ഫാഷനെ ഞാൻ സ്വാഗതം ചെയ്യുന്നു." ഇങ്ങനെയൊരു പ്രസ്ഥാനം ആവശ്യമായിരുന്നു. യുവജന മുന്നേററങ്ങളെല്ലാം യേശുവാകുന്ന സത്യപ്രകാശ കേന്ദ്രത്തിലേയ്ക്കു തിരിഞ്ഞുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ തെററില്ല. ഇന്നത്തെ യുവതലമുറ ഈശ്വരാനുഭൂതിക്കൊ, മതാത്മക ജീവിതത്തിനൊ എതിരില്ല. സ്ഥാപിത താല്പര്യസംരക്ഷണാർത്ഥം ആരോ ഉണ്ടാക്കിവച്ച പാരമ്പര്യങ്ങളെയും മനുഷ്യത്വത്തെ കുരുതികഴിക്കുന്ന നിയമബദ്ധമായ ആചാരാനുഷ്ഠാനങ്ങളെയുമാണവർ എതിർക്കുന്നതു്. ഈ അർത്ഥത്തിലല്ലെ, താത്വികനായ നീഷേയും പറഞ്ഞതു് "ഒരേ ഒരു ക്രിസ്ത്യാനിയെ ഉണ്ടായിരുന്നുള്ളു; അദ്ദേഹം കുരിശിൽ മരിച്ചു" എന്നു്. ഇന്നു് ക്രിസ്തുവിൻെറ യഥാർത്ഥരൂപങ്ങൾ ജീവിക്കുന്നില്ല. അതിനാൽ ദൈവമായിരുന്ന അവിടുന്നു് മൃതപ്രായനാണു്. ഇതു മനസ്സിലാക്കിക്കൊണ്ടു്, ജീവിതത്തിൻെറ മാർഗ്ഗദീപമായ ക്രിസ്തുവിനെ അവ്യവസ്ഥമായ ലോകത്തിനു കാണിച്ചുകൊടുക്കാൻ കഴിഞ്ഞാൽ ശാന്തിയും സമാധാനവും സമൃദ്ധിയും വിളയാടും.

## 3

# –കലയിലെ പുതിയ മനുഷ്യൻ–

ആധുനിക സാഹിത്യത്തിൽ വിശിഷ്യാ, നോവലുകളിൽ തെളിഞ്ഞു നിൽക്കുന്ന ജീവിതവീക്ഷണം മൂല്യത്തകർച്ചയുടേതാണ്. മൂല്യനിഷേധമാണ് അവിടെ പ്രസംഗിക്കപ്പെടുന്നത്. ടി. എസ് എലിയട്ടിൻെറ ''ഊഷര ഭൂമിയിലും (Waste land) ഡി. എച്ച് ലോറൻസിൻെറ ലേഡി ചാററർലിയുടെ കാമുകനിലും (Lady chatterley's lover) ഗ്രയാംഗ്രീൻെറ 'ഹാർട്ട് ഓഫ് ദിമാററർ' ബേൺട് ഔട്ട് കേസ് എന്നിവയിലും ഫ്രാൻസ് കഫ്ക്കായുടെ കേസ്‌വിസ്താരം (The trial) കോട്ട (Castle) എന്നീ നോവലുകളിലും മിഴിവാർന്നനിൽക്കുന്നതു് ആധുനിക മനുഷ്യൻെറ ദുർവിധിയാണ്. താളം തെററിയ മനുഷ്യൻ–ഈ യാത്ര തുടങ്ങിയതെവിടെനിന്നോ, ഇനിയൊരു വിശ്രമം എവിടെ ചെന്നോ, എന്നറിയാത്ത മനുഷ്യൻ. ഗ്രീൻെറ മിക്ക നോവലുകളും സമകാലീന മനുഷ്യൻെറ മതപരവും ധാർമ്മികവുമായ ആന്തരികസംഘട്ടനങ്ങളിലേയ്ക്കു് ഉൾക്കാഴ്ച നല്കുന്നതാണു്. 'ഹാർട്ട് ഓഫ് ദി മാററർ' എന്ന നോവലിൽ ഹെൻറി സ്ക്കോബിയെ എന്ന പട്ടാള ഉദ്യോഗസ്ഥൻെറ കരുണാരുന്ദ്രമായ ജീവിത സംഘട്ടനത്തിൻെറ കഥ

യാണ് കലാഭംഗിയോടെ വരച്ചു കാണിക്കുന്നത്. "ഞാൻ ബലിയല്ല കരുണ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞ ക്രിസ്തുവിൻെറ വാക്കുകളെ സ്കോബിയെ അക്ഷരശ്ശഃ പാലിക്കാൻ ശ്രമിക്കുന്നതായി തോന്നുന്നു. മിക്കപ്പോഴും നിയമത്തിൻെറ കൂർത്തുമൂർത്ത മുനയിൽനിന്നുകൊണ്ട് എല്ലാററിനെയും അളക്കാതെ കരുണാർദ്രമായി പ്രവർത്തിക്കാൻ അയാറം തയ്യാറാകുന്നു. മാനുഷികമായ സമീപനത്തിലൂടെ അപരൻെറ സൗഭാഗ്യം കാത്തുസൂക്ഷിക്കുവാൻ, നിയമത്തിൻെറ അഷ്ടബന്ധത്തിനു പുറത്തുകടക്കാൻ സ്കോബിയെ മടിക്കുന്നില്ല. രണ്ടാമത്തെ ഭാഗത്ത് ഭാര്യ വിശ്രമത്തിനായി ദൂരദേശത്തേക്കു പോയിരിക്കുന്ന കാലഘട്ടത്തിലെ സംഭവവികാസങ്ങളാണ് വർണ്ണിക്കുക. ആകസ്മികമായി തൻെറ ജീവിതത്തിലേയ്ക്കു കടന്നു വരുന്ന ഹെലൻ റോറംട്ട് എന്ന വിധവയാണ് സ്കോബിയെയുടെ ജീവിതത്തെ പിടിച്ചുലയ്ക്കുന്നത്. നാശത്തിൽപ്പെട്ട ഒരു കപ്പലിൽനിന്ന് രക്ഷപ്പെട്ട അല്പപ്രാണയായ ഒരു യുവതിയാണ് ഹെലൻ. ഈ പ്രത്യേക മാനസികാവസ്ഥയിൽ സ്കോബിയെ എന്ന പുരുഷനോട് ഉള്ളുതുറന്നു സംസാരിക്കാം എന്നുള്ള ഏകകാരണത്താൽ ഹെലന് അയാളെ ആവശ്യമാണ്. ആരെങ്കിലും തന്നെ അംഗീകരിക്കാനും തൻെറ പുരുഷത്വത്തിൻെറ വില വകവച്ചു കൊടുക്കാനും ഉണ്ടാകേണ്ടത് സ്കോബിയായുടെ ആവശ്യവും. ജീവിതത്തിൽ രണ്ടുപേർക്കും കടുത്ത ഏകാന്തതയും അന്യതാബോധവും അനുഭവപ്പെടുന്നു. പക്ഷെ ഹെലനുമായിട്ടുള്ള ബന്ധം പരസ്ത്രീസംഗമമാണ്, മതത്തിൻെറ മുമ്പിൽ. മനുഷ്യൻ അവൻെറ ദുഃഖത്തിൻെറ കാസയുമേന്തി സ്വകാര്യ ഗദ്സേമനിയിൽ മാനസിക വ്യഥ അനുഭവിക്കുന്നു. ആരോടും വെളിപ്പെടുത്താനാവാത്ത ദുഃഖത്തിൻെറ കനത്ത ഭാരവും പേറി സ്കോബിയെ നടക്കുന്നു.

പുരോഹിതനെ സമീപിച്ചാൽ ഈ ബന്ധം അറത്തു മുറിച്ച്, മുളയിലെ നുള്ളിക്കളയാൻ പറയും. ഹെലനോടു പറഞ്ഞാൽ മതം അവരുംക്കൊരധികപ്പററാണ്.

മൂന്നാമത്തെ ഭാഗത്തിൽ തൻെറ ജീവിതപ്രശ്നത്തിനു പരിഹാരം കാണാതെ കുഴങ്ങുന്ന പാവം മനുഷ്യൻെറ ചിത്രമാണു വീണ്ടും പ്രത്യക്ഷപ്പെടുന്നതു്. ഹെലനെ ഉപേക്ഷിക്കാൻ തീരുമാനിച്ചെങ്കിലും കരുണ അയാളെ അതിനനുവദിക്കുന്നില്ല. തൻെറ നിയമാനുസൃത ഭാര്യ ലൂയിസയോട് അവിശ്വസ്തത കാണിക്കാനും പാടില്ല. തൻെറ സുഹൃത്തായ യൂസഫിൻെറ ഉപദേശമനുസരിച്ച് രണ്ടു ഭാര്യമാരെ സൂക്ഷിക്കാനും പാടില്ല. രണ്ടുപേരുടെയും മതാത്മക വീക്ഷണം വ്യത്യസ്തമാണെന്നതുതന്നെ. അവസാനം ആരെയും വേദനിപ്പിക്കാതെ മോർഫിയാ കുത്തിവച്ച് സ്റ്റോബെറിയെ ജീവിതം അവസാനിപ്പിക്കുന്നു. ഈശ്വരൻ ഈ മനുഷ്യനോട് കരുണ കാണിക്കുമോ, ഇയാളുടെ പ്രവൃത്തി എങ്ങനെ ന്യായീകരിക്കപ്പെടും? ജീവിതത്തിൻെറ പ്രശ്നങ്ങളുമായി മല്ലടിക്കുന്ന മനുഷ്യന് പ്രകാശവും തൻെറ ശരിയായ 'മുഖവും' കണ്ടെത്തേണ്ടതാവശ്യമാണ്. തൻെറ പരിമിതിയെ അതിജീവിക്കുന്ന പ്രകാശത്തിനു മാത്രമേ മനുഷ്യനെ ശക്തിപ്പെടുത്താനാവൂ. സമൂഹത്തെയും മനുഷ്യനെയും ദൈവത്തെയും ഒരുമിച്ച് പ്രീണിപ്പിക്കാനാവാതെ ജീവിത വഴിയാത്രയിൽ തളർന്നു വീഴുന്ന മനുഷ്യന് ബലവും ഉന്മേഷവും ലഭിക്കേണ്ടതു് "അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്ന നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ" എന്നു പറഞ്ഞ ക്രിസ്തുവിൽ നിന്നാണ്. "നാഥാ എൻെറ ബലഹീനതയിൽ എനിക്കു ശക്തി പകരണമെ"യെന്ന് വി. പൗലോസിനെപ്പോലെ ഹൃദയം നൊന്തു പ്രാർത്ഥിക്കുന്നവൻ സ്വീകരിക്കപ്പെടും.

ആധുനികമനുഷ്യൻെറ ശരിയായ രൂപം വരച്ചുകാട്ടുന്ന ഒരു നോവലിസ്റ്റാണ് ഫ്രാൻസ് കഫ്കാ. ജീവിതകാലത്ത് അധികമൊന്നും ശ്രദ്ധേയനാകാതെപോയ ഒരു സാഹിത്യകാരനാണിദ്ദേഹം. അദ്ദേഹത്തിൻെറ 'കോട്ട' 'കേസുവിസ്താരം' എന്നീ നോവലുകൾ ഇതിനുദാഹരണമാണ്. മനുഷ്യവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന ഊരും പേരുമില്ലാത്ത 'കേ' എന്ന മനുഷ്യൻെറ ആദ്ധ്യാത്മിക യാത്രയും ഈ യാത്രയ്ക്കിടയ്ക്ക് അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ച മനുഷ്യവർഗ്ഗത്തിൻെറ തലയിലെഴുത്തിനെ നിയന്ത്രിക്കുന്ന ശക്തികളുടെ സ്വഭാവത്തിൻെറ ഏതാനും അംശങ്ങളുമാണ് കേസുവിസ്താരം എന്ന നോവലിൻെറ പ്രമേയം.

"ഒരു ദിവസം രാവിലെ രണ്ടു വാർഡൻമാർ 'കേ' യുടെ ഭവനത്തിൽ പ്രവേശിച്ച് അദ്ദേഹത്തെ അറസ്റ്റു ചെയ്യുന്നു. അറസ്റ്റിനുള്ള കാരണം നോവലിസ്റ്റ് പറയുന്നില്ല. പ്രതിയെ അറസ്റ്റുചെയ്തതായി വാർഡൻമാർ പ്രഖ്യാപിച്ചെങ്കിലും അദ്ദേഹത്തിൻെറ സ്വാതന്ത്ര്യത്തിന് അവർ ഒരു തടസ്സവും ഉണ്ടാക്കുന്നില്ല. അതിനാൽ ഒരു ബാങ്കു ജീവനക്കാരനായ പ്രതി തൻെറ ജോലിസ്ഥലത്തേക്കു പോകുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം കോടതി സമക്ഷം ഹാജരാകുവാൻ 'കേ'യിക്കു സമൺസ് കിട്ടുന്നു. നിയമാനുസൃതം കോടതിയിൽ പെരുമാറുകയും ചെയ്യുന്നു. അന്യായമായ ഈ അറസ്റ്റിൽ ഒരു പ്രതിഷേധഭാവം അദ്ദേഹം കോടതിയിൽ പ്രകടിപ്പിക്കുന്നുണ്ട്. തന്മൂലം ആരംഭത്തിൽ തന്നെ നിയമ കോടതിക്ക് 'കേ'യോട് ഒരു പ്രതികൂല മനഃസ്ഥിതിയുണ്ടാകുന്നു. ഈ നോവലിൻെറ പ്രത്യേകത എല്ലാ മച്ചിൻപുറങ്ങളിലും കോടതികൾ ഉണ്ടെന്നുള്ളതാണ്. ഈ കോടതികളിലെ അഴുക്കും, ഇരുട്ടും, ശ്വാസംമുട്ടിക്കുന്ന അന്തരീക്ഷവും കഫ്ക ഭയജ

നകമാകുംവണ്ണം വിവരിക്കുന്നുണ്ട്. ദിവസങ്ങൾ കഴി ഞ്ഞപ്പോൾ തന്നിലെ ധിക്കാരഭാവം കുറഞ്ഞുവന്നു. കാരണം, കേ കാണുന്ന എല്ലാ മനുഷ്യരും അയാളുടെ വിസ്താരവുമായി ഒരു തരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ ബന്ധപ്പെട്ടവരാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമാകുന്നു. അവരെല്ലാം, തന്നെ കുററപ്പുള്ളിയായി പരിഗണിക്കുന്നുണ്ടെന്നും തോന്നിത്തുടങ്ങി. നിയമത്തിൻെറ ഗന്ധം പോലും അറിയാത്തവരാണു പലരും. സ്വകാര്യ ലാഭത്തിനു വേണ്ടി ഏതു പൊയ്മുഖവും ധരിക്കുന്ന ഈ കോടതിയിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാരുമായിട്ടുള്ള ഇടപഴകലിൻെറ വഞ്ചനകളിൽ നിന്നും ജീവിത നവീകരണത്തിന് പരിശ്രമിക്കുന്ന ഒരു മനുഷ്യനെ, സ്വന്ത വിധിയെ മാററിയെടുക്കാൻ നല്ല ശ്രമം ചെയ്യുന്ന മനുഷ്യനെ, നശിപ്പിക്കാൻ എന്തും ചെയ്യാൻ മടിക്കാത്ത ഒരു സംഘം അവിടെ ഉണ്ടെന്നു് അനുവാചകക്ക് ബോദ്ധ്യമാകും. അവസാനം 'കേ' ഒരു വക്കീലിനെ തനിക്കുവേണ്ടി വാദിക്കാൻ നിയുക്തനാക്കുന്നു. ഈ വക്കീൽ തനിക്കു സഹായമായിത്തീരുമോ, അയാൾ ജഡ്ജിമാരെ കണ്ട് തൻെറ ഭാഗം വാദിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി ഇപ്പോൾ 'കേ'യിക്ക് ആശങ്കയില്ല—ചിന്തയില്ല. കലാകാരനും വൈദികനും മാത്രമേ കോടതിയിലെ ജഡ്ജിമാരുമായി സമ്പക്ക്പ്പെടാനാവൂ എന്ന് നോവലിൽ നിന്നും വ്യക്തമാണ്. ഈ കലാകാരനും പുരോഹിതനുമായി 'കേ' വാദപ്രതിവാദത്തിൽ ഏപ്പെടുന്നുണ്ട്. ഒരു ഉദാഹരണമെടുക്കാം.

പുരോഹിതൻ: മനുഷ്യൻ നീതിന്യായം തേടിവരുക മാത്രമാണു ചെയ്യുന്നതു്. മുമ്പുതന്നെ നീതിന്യായവുമായി ബന്ധപ്പെട്ടിട്ടുള്ളവനാണ് കോടതിയുടെ കവാടപാലകൻ. നീതിയും ന്യായവുമാണ് അയാളെ ആ ജോലിയിൽ നിയമിച്ചതു്. അതിനാൽ അയാളെപ്പററി സംശയിക്കുന്നതു് നീതിന്യായത്തെ സംശയിക്കുന്നതിനു തുല്യമാണ്.

കേ: ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. എന്തെന്നാൽ അതിനെ സ്വീകരിക്കുന്നതായാൽ ദ്വാരപാലകൻ പറയുന്നതെന്തും സത്യമാണെന്നു് സമ്മതിക്കേണ്ടി വരും. അതു് അസാദ്ധ്യമാണെന്നു് നിങ്ങൾ തന്നെ സമ്മതിച്ചിട്ടുണ്ടല്ലോ!!

വൈദികൻ: വേണ്ട. പറയുന്നതെല്ലാം സത്യമാണെന്നു് വിചാരിക്കേണ്ടതില്ല; അതെല്ലാം ആവശ്യമാണെന്നു് സമ്മതിച്ചാൽ മതി.

കേ: ഇതു് കള്ളം പറയുന്നതിനെ സാർവ്വത്രികമായ തത്വമാക്കിച്ചമയ്ക്കുന്നതുകൊണ്ടു സ്വീകാര്യമല്ല.

ക്രമേണ 'കേ'യുടെ നില അപകടപൂർണ്ണമായി. ഒടുവിൽ കോടതി അയാളെ വധശിക്ഷയ്ക്കു വിധിച്ചു. ഇതോടെ നോവൽ അവസാനിക്കുന്നു. പ്രതീകാത്മകമായ ഒരു നോവലാണിതു്. ഇതിലെ എല്ലാ പാത്രങ്ങളും പലതിനെ പ്രതിരൂപേണ അഭിവ്യഞ്ജിപ്പിക്കുന്നുണ്ടു്.

അറിയാത്ത കുററത്തിൻെറ പാപഭാരം ചുമന്നു നടക്കുന്ന മനുഷ്യൻ. അവൻെറ ശക്തിക്കതീതമായ സത്തയിലേക്കു വലിച്ചുടുപ്പിക്കപ്പെടുന്ന ദൈവീക മനുഷ്യൻ. സമൂഹത്തിൽ നിന്നു വേർപെട്ട അന്യവൽകൃതനും അപമാനിതനുമായ വ്യക്തി. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ താളപ്പിഴകൾ സംഭവിച്ച മനുഷ്യൻ. കമിതാവിൻെറ സ്നേഹം കിട്ടാതെ മോഹഭംഗത്തിൽ തകരുന്ന മനുഷ്യജീവി. ഇതെല്ലാമാണു് കഫ്കാ അവതരിപ്പിക്കുന്ന മനുഷ്യൻെറ ചിത്രം. ഇവിടെ കാണുന്ന ഒരു പ്രത്യേകത അധഃപതിച്ച മനുഷ്യനെ ചിത്രീകരിക്കുന്നുണ്ടെങ്കിലും അതിൽ നിന്നും കര കയറാൻ ശ്രമിക്കുന്ന സത്യാന്വേഷിയുടെ പ്രതിരൂപവും കൂടി ധ്വനിപ്പിക്കുന്നു എന്നുള്ളതാണു്.

മനുഷ്യൻ– അവൻ തൻെറ ഐശ്വര്യപൂർണ്ണവും ദൈവികവുമായ കേന്ദ്രത്തിൽനിന്നും വേർപെട്ടുപോയി. എ

ന്നാൽ ഇതു് അവൻെറതന്നെ യഥാൎത്ഥ അന്ത്യത്തിൽനി ന്നും വേർപെട്ടുപോയി എന്നുള്ളതുതന്നെയാണു്. ധാൎമ്മി കത, നൈതികമൂല്യം എന്നൊക്കെപ്പറയുന്നതു്, സത്ത യിൽ മതാത്മകമാണു്. മനുഷ്യൻ, അവൻ യഥാൎത്ഥ ത്തിൽ എന്തായിരിക്കുന്നുവോ അതു് അവശ്യം ആയി ത്തീരുക എന്നുള്ളതാണു് ധാൎമ്മിക കല്പന അല്ലെങ്കിൽ നൈതികമൂല്യം. മനുഷ്യൻ, തൻെറ ത്രിമാനങ്ങളെയും സമഞ്ജസമായി കേന്ദ്രീകരിച്ചു് അനന്യമായ ഒരു വ്യക്തി യായി, സമഗ്രതയും ഐക്യവുമുള്ള ഒരു ജീവിയായി മാറണം. ഓരോ ധാർമ്മിക പ്രവൃത്തിയും അവനെ ഒരു വ്യക്തിയായി സ്ഥാപിക്കണം. സ്വയം തീരുമാന ത്തിലൂടെ ലക്ഷ്യസ്ഥാനത്തേയ്ക്കാനയിക്കുന്ന കൎമ്മമായിരി ക്കണം ഓരോ പ്രവൎത്തനവും. ബാഹ്യനിയമങ്ങളുടെയൊ മുടക്കുകളുടെയോ, യാന്ത്രികമായ അനുസരണമോ, കൃത്യ മായ അനുഷ്ഠാനമോ മനുഷ്യനെ ധാൎമ്മികവ്യക്തിയാക്കു ന്നില്ല. ആന്തരിക നിയമത്തിൻെറ പ്രചോദനമാണു് ഒരുവനെ അവൻെറ തന്മ അല്ലെങ്കിൽ മുഖം കണ്ടെത്താൻ യഥാൎത്ഥത്തിൽ പ്രാപ്തനാക്കുന്നതു്. തന്മ കണ്ടെത്താതെ യാന്ത്രികമായി ചെയ്യുന്ന പ്രവൃത്തികളെല്ലാം കപടധാ ൎമ്മികതയാണു്. അവിടെയെല്ലാം മനുഷ്യൻെറ മുഖം വിരൂപമാകുന്നു. മനുഷ്യൻെറ തന്മ നഷ്ടപ്പെടുമ്പോൾ– അന്ത്യത്തിലേക്കുള്ള പ്രയാണം തടസ്സപ്പെടുമ്പോൾ–പ്രതി സന്ധിയുയരുന്നു. പൊയ്മുഖങ്ങൾ വീണ മുഖത്തിനു കുട്ടി കൂടുമ്പോൾ ഉള്ളിൻെറ ഉള്ളിൽ അവനു 'കുററബോ ധം' ഉറഞ്ഞു കൂടുന്നു. ഉള്ളിൽ ഒരു വലിയ വടംവലി– ആന്തരിക സംഘട്ടനം നടക്കുന്നു. ചിരിക്കുമ്പോഴും കളിക്കുമ്പോഴും ഒന്നിച്ചുനടക്കുമ്പോഴും അവൻ ഏകാ കിയാണു്. തൻെറതന്നെ തന്മ–ദൈവോന്മുഖതയ്ക്കെതിരെ പായുന്ന തൻെറ പ്രവണത – അവനിൽ ഒരു 'അപരാധ ബോധം' സൃഷ്ടിക്കുന്നു. ഈ 'അപരാധബോധം' പരോ

ക്ഷമായി അവനിൽ ഉണ്ട്. ഇക്കാര്യത്തെ പ്രതീകാത്മകമായി കഫ്ക്കാ ചിത്രീകരിക്കുകയല്ലേ?

ഈ പ്രവണതകളുടെയെല്ലാം പ്രതിധ്വനി മലയാള നോവലുകളിലും കുറെയൊക്കെ കാണുന്നുണ്ട്. ആനന്ദിൻെറ "മരണ സർട്ടിഫിക്കററ്" ഇത്തരത്തിലുള്ള ഒന്നാണ്. അതിലെ കഥാപാത്രങ്ങൾക്കൊന്നും പേരില്ല. അവരുടെ ഔദ്യോഗികനാമം കൊണ്ടറിയപ്പെടുന്നവർ. 'മരണസർട്ടിഫിക്കററ്'തേടി ജീവിതം മുഴുവനലയുന്ന ഒരു മനുഷ്യൻെറ ചിത്രം. അയാളുടെ ചില ആത്മഗതങ്ങൾ ശ്രദ്ധിക്കുക.

"പ്രശ്നങ്ങളുടെയും ദുഃഖത്തിൻെറയും തീക്ഷ്ണത
അല്പം കുറയ്ക്കാൻ വേണ്ടിയാണു മനുഷ്യർ
തമ്മിൽ തമ്മിൽ അടുക്കുന്നതും സംസാരിക്കുന്നതും.
ഈ സ്നേഹവും സമ്പർക്കവുമെല്ലാമാകട്ടെ പുതിയ
കൊളുത്തുകൾ ഉണ്ടാക്കുന്നു."

"ദുഃഖിക്കാൻ കൂടി സ്വാതന്ത്ര്യമില്ലാത്ത ഒരു അവസ്ഥയിൽ
എത്തുന്നുവെന്നതാണോ മരണത്തിൻെറ ഏററവും
വലിയ ദുഃഖം? ചുററുപാടുകളുമായുള്ള ബന്ധം വിട്ട്
ഒരാൾ താനെന്ന കൂട്ടിൽ കിടന്ന് അസ്വാതന്ത്ര്യമായി
പിടയുന്ന അവസ്ഥ?"

അവസാനം മരണ സർട്ടിഫിക്കററു തേടിയുള്ള അയാളുടെ വേദനയുടെ അർത്ഥം വ്യക്തമാകുന്നതു ശ്രദ്ധേയമാണ്. "ഈ ദുഃഖം എൻേറതാണ്. എനിക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന എൻെറ കൂടക്കാകുന്ന എൻെറ വേദന. എനിക്കിതിനെ എല്ലിൻ കിഴികൾ പോലെ മാററിയെടുക്കാനോ, രശീതികൾപോലെ കൈമാറാനോ കഴിയില്ല. ഇതു് എൻെറ അംശമാണ്. ഞാൻ തന്നെ."

"അതെ, ഈ വേദന നിങ്ങളുടേതാണ്. നിങ്ങളുടെ സമ്പത്താണ്....അതിലൂടെ നിങ്ങൾ കണ്ണു തുറന്നു. കണ്ണുതുറന്നപ്പോൾ നിങ്ങൾ നിങ്ങളായി. ഈ വേദന

മാത്രമാണ് നിങ്ങളുടേതു്. അതിനു കാരണമായ വിധിയൊ, അതിന് അറുതിയായ മോക്ഷമൊ നിങ്ങളുടേതല്ല. അവ പൊതുവാണ്. പൊതുവായ വിധിയിൽ നിന്നു് പൊതുവായ മോക്ഷത്തിലേക്കുള്ള മാർഗ്ഗത്തിൽ.''

നിങ്ങളുടെ വേദന നിങ്ങൾക്കു

'നിങ്ങളെ നിങ്ങളായി'ക്കാണാൻ അവസരം നല്കി–

അതെ. മനുഷ്യജീവിതത്തിൻെറ വേദനയുടെ രൂപത്തെ വിധിയായും, വേദനയുടെ വിധിയിലൂടെ, തന്നെത്തന്നെ കണ്ടെത്തി മുക്തിയിലേക്കുയരാനുള്ള മാർഗ്ഗമായും വേദനയെ നോവലിസ്റ്റ് വർണ്ണിക്കുന്നു. മനുഷ്യൻെറ വേദന, 'നിങ്ങളെ നിങ്ങളായിരിക്കുന്ന' രീതിയിൽ കണ്ടെത്താനുള്ള പേററുനോവാണ്. ആ കണ്ടെത്തലാണ് മുക്തി. ഈ കണ്ടെത്തലിനു് –നിങ്ങളിലെ നിങ്ങളെ കണ്ടെത്താൻ– തെളിവുകൾ തേടി, 'മരണസർട്ടിഫിക്കററും' തേടി അലയുന്ന ദുഃഖിതനായ ആ മനുഷ്യനെ സഹായിക്കാൻ, അയാളോടു സഹതപിക്കുവാൻ ഈ നോവലിൽ ഒരു ലൈബ്രേറിയനും മുൻസിപ്പൽ ഓഫീസറും കടന്നുവരുന്നു. അവർ ചെറിയൊരു 'സമൂഹമായിത്തീൻ്റ.' അതെ, ഈ കണ്ടെത്തലിനു് സഹായിക്കുന്നതിലാണ് ഓരോരുത്തരും, പരസ്പരം 'മുഖം' കണ്ടെത്തുന്നതു്. 'മരണസർട്ടിഫിക്കററി'നുവേണ്ടിയുള്ള തെരച്ചിൽ അവസാനം 'ജീവിത സർട്ടിഫിക്കററായി'ത്തീരുന്നു.

## –അമർത്ത്യതയുടെ അധിത്യകയിലേയ്ക്കു്–

ആധുനിക സാഹിത്യ സൃഷ്ടികളിൽനിന്നു് ചിലതെല്ലാം അടർത്തിയെടുത്തു് ഇവിടെ കാണിച്ചതു് നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ മറികടന്നു് ഒരു അതിമാനുഷനായി വളരാനുള്ള മനുഷ്യൻെറ പ്രയാണത്തിലുള്ള വേദനെ –മുക്തിക്കുമുമ്പുള്ള വേദന– എടുത്തു കാണിക്കാൻ വേ

ണ്ടിയാണ്. മനുഷ്യൻെറ അവ്യവസ്ഥയ്ക്ക് –അവനു വന്നു പിണഞ്ഞ അപഭ്രംശം തിരുത്തി യഥാർത്ഥ മുഖം കണ്ടെത്തുന്നതിനു് ഈശ്വരൻെറ അനന്തകാരുണ്യം കൂടിയേ തീരൂ. തന്നിൽതന്നെ കുടുങ്ങിക്കിടക്കുന്ന മനുഷ്യനെ മുക്തിയുടെ അമോഘതലത്തിലേയ്ക്കുയർത്താൻ അന്ധകാരപൂർണ്ണമായ ജീവിതപാതകളിൽ വഴികാട്ടിയായി 'മേഘത്തൂണിനെ' അയയ്ക്കാൻ അവൻ യാചിക്കുന്നുണ്ടു്. 'അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും മർത്ത്യതയിൽനിന്നു് അമർത്ത്യതയിലേയ്ക്കും നയിക്കണമെ' എന്നുള്ള ഋഷിമന്ത്രത്തിനു് ചരിത്രത്തോളം തന്നെ പഴക്കമുണ്ടു്. അനന്തനും അപരിമേയനുമായ ഈശ്വരൻെറ അനന്തകാരുണ്യമാണു ക്രിസ്തു. മനുഷ്യൻെറ സമൂല വിമോചനം സാധിതമാക്കാനാണു് ദൈവത്തിൻെറ സ്വാതന്ത്ര്യദാനമായ ക്രിസ്തു ലോകത്തിലേയ്ക്കു കടന്നു വന്നതു്. പാപം, മരണം, നിയമം എന്നിവയുടെ ദാസ്യത്തിൽനിന്നു് വിമോചിപ്പിച്ചു് മനുഷ്യകുലത്തിനു് സാക്ഷാത്തായ സ്വാതന്ത്ര്യവും സൗഭാഗ്യവും കൈവരുത്തിയതു് ക്രിസ്തുവാണു്. ദൈവീകജീവൻ മനുഷ്യനിലേയ്ക്കു സംക്രമിപ്പിക്കുന്നതുവഴി മനുഷ്യൻ ദൈവപുത്രനായി മാറുന്നു. പിതാവായ ദൈവത്തിൻെറ ജീവനാണു് ക്രിസ്തുവിലൂടെ ലോകത്തിൻെറ ജീവനായി മാംസം ഉടുത്തതു്. ''അവർക്കു ജീവൻ ഉണ്ടാകേണ്ടതിനും അതു സമൃദ്ധമായി ഉണ്ടാകേണ്ടതിനുമാണു് ഞാൻ ലോകത്തിലേയ്ക്കു വന്നതു്'' എന്നു് അവിടുന്നു് അരുൾചെയ്തിട്ടുണ്ടു്. ജീവിതപരിവർത്തനത്തോടുകൂടി ദൈവത്തിൻെറ സ്നേഹദാനമായ ക്രിസ്തുവിൽ വിശ്വസിക്കുകയാണു് ജീവനിലേയ്ക്കുള്ള മാർഗ്ഗം. ക്രിസ്തു ലോകത്തിൻെറ പ്രകാശവും എല്ലാത്തിനെയും പ്രകാശിപ്പിക്കുന്ന ആദിപ്രകാശവും തന്നെ. അപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസമാണു് മനുഷ്യ പ്രശ്നങ്ങൾക്കുള്ള ഉത്തരം.

വിശ്വാസമെന്നു് പലപ്പോഴും കേൾക്കാറുണ്ടു്. വെറും വസ്തുനിഷ്ഠമായ ഒരു വിശ്വാസമല്ല ഇവിടെ വിവക്ഷിക്കുന്നതു്. രണ്ടും രണ്ടും കൂടിയാൽ നാലു് ആണെന്നുള്ളതു് വസ്തുനിഷ്ഠമായ സത്യമാണു്. അതുകൊണ്ടു് എൻെറ

വ്യക്തിനിഷ്ഠമായ സ്വകാര്യ ജീവിതത്തിന് കാര്യമായ ഗുണമൊന്നും ഉണ്ടാകുന്നില്ല. എന്നാൽ വസ്തുനിഷ്ഠമായ സത്യം വ്യക്തിപരമായ ഒരനുഭവമായി മാറുമ്പോഠം അതു കർത്തൃനിഷ്ഠമായി. സത്യത്തോട്ട് ആഭിമുഖ്യം ലഭിക്കു ന്നതിനുള്ള പ്രാഥമികപടി വിശ്വാസമാണ്. സത്യം എനിക്ക് ഒരു അനുഭവമായിത്തീരുമ്പോഠം അതെൻെറ ആത്മനിഷ്ഠമായ വിശ്വാസമായി. എന്നാൽ വസ്തുനിഷ്ഠ മായ സത്യമൊ, വിശ്വാസമോ ആത്മനിഷ്ഠമായിക്കൊള്ള ണമെന്നില്ല. ആത്മനിഷ്ഠമായ വിശ്വാസത്തിലൂടെയേ പരാശക്തിയിലേയ്ക്കുയരുവാൻ സാധിക്കു. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു" എന്ന് ക്രിസ്തുനാഥൻ തന്നെ അരുഠം ചെയ്തിട്ടുണ്ട്.

"എന്നിൽക്കൂടിയല്ലാതെ ആരും പിതാവിൻെറ പക്ക ലേയ്ക്കു വരുന്നില്ല" (ജോൺ 14:6) തൻെറ തിരുസുതനെ ലോകത്തിനു നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്യധികമായി സ്നേഹിച്ചു. ആ സ്നേഹത്തിലൂടെ, ക്രി സ്തുവിൽ അവിടുന്നു സമസ്ത സൃഷ്ടിജാലത്തെയും ഒന്നാക്കി. ഇതിലൂടെ നാം പുത്രസ്വീകാര്യം പ്രാപിക്കുകയും ദൈവ മക്കളായിത്തീരുകയും ചെയ്തു. വിശ്വാസം ദൈവത്തി ൻെറ വചനമായ ക്രിസ്തുവിനുള്ള സമർപ്പണമാണ്. അവി ടുന്ന് ദൈവത്തിൻെറ കല്പനയും സ്വരവുമാണ്. വിശ്വാ സത്തിലൂടെ ദൈവതിരുമുമ്പിൽ സംപ്രീതനായിത്തീന്ന അബ്രാഹം വിശ്വാസത്തിൻെറ മാതൃകയുമാണ്. ഉൽപ ത്തിയുടെ പുസ്തകത്തിൽ പതിനേഴാം അദ്ധ്യായത്തിൽ യാവേ അബ്രാമിനോട്ട് ചെയ്ത ഉടമ്പടിയും അബ്രാം നൽ കിയ പ്രത്യുത്തരവും ഭംഗിയായി വിവരിക്കുന്നുണ്ട്. അവിടുന്ന് അബ്രാമിനോട്ട് അരുളിചെയ്തു. "ഞാൻ സർവ്വശക്തനായ ദൈവമാകുന്നു. നീ എൻെറ മുമ്പിൽ നടന്ന് പരിപൂർണ്ണത പ്രാപിക്കുക. നമ്മഠം തമ്മിൽ ഞാൻ ഒരു ഉടമ്പടിയുണ്ടാക്കും, നിന്നെ ഞാൻ അത്യധികം വദ്ധി

പ്പിക്കുകയും ചെയ്യും.'' അപ്പോൾ അബ്രാം സാഷ്ടാംഗം വീണു. ദൈവം അദ്ദേഹത്തോട് അരുളിചെയ്തു. ''ഇതാ, നിന്നോടുള്ള എൻെറ ഉടമ്പടി. നീ നിരവധി ജനതകളുടെ പിതാവായിത്തീരും.'' അബ്രാഹത്തിൻെറ വിശ്വാസം ആത്മനിഷ്ഠമായിരുന്നു. മരിച്ചവരിൽ നിന്നുപോലും സന്താനങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ ദൈവത്തിനു കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചു. മച്ചിയായിരുന്ന സാറാ വാർദ്ധക്യകാലത്തു് ഗർഭംധരിക്കുമെന്നും താൻ അനേക ജനപദങ്ങളുടെ പിതാവായിത്തീരുമെന്നും പറഞ്ഞപ്പോൾ അതിശക്തനായ യാവേയിൽ അബ്രഹാം മനം ഊന്നി നിന്നു. പിന്നീടു് തൻെറ ഏകപുത്രനെ ബലിയർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഇതൊരു വിരോധാഭാസമായി അബ്രഹാമിനു തോന്നി. ദൈവം ചെയ്ത വാഗ്ദാനം നിറവേറേണ്ടതു് ഏകപുത്രനായ ഇസഹാക്കിലൂടെ ആണല്ലോ. തൻെറ അരുമ സുതനെ – ഇസഹാക്കിനെ – ബലിയിടാൻ യാവേ അരുളിച്ചെയ്തപ്പോൾ അദ്ദേഹം അതിശക്തമായ മാനസിക പീഡ അനുഭവിച്ചു. എങ്കിലും അബ്രഹാം യാവേയുടെ കല്പന അനുസരിച്ചു. ആത്മനിഷ്ഠമായ വിശ്വാസത്തിൽ അന്തർലീനമായിരിക്കുന്ന രണ്ടു സവിശേഷതകളാണു് വിരോധാഭാസം, മാനസികവ്യഥ എന്നിവ. ഇവിടെ അവ്യക്തതയും നിരാശതയും അനുഭവപ്പെടും. ആ തീവ്രമായ മാനസിക സംഘർഷത്തിനിടയിൽ അബ്രഹാം അന്ധകാരപൂർണ്ണമായ നിശ്ശൂന്യതയിലേയ്ക്കു എടുത്തു ചാടി. അബ്രഹാം നിരുപാധികം ഒരു ഉറച്ച തീരുമാനമെടുത്തു. ഈ തീരുമാനം അബ്രാഹത്തെ ഈശ്വരനിൽ ഉറപ്പിച്ചു. തന്നോടു വാഗ്ദാനം ചെയ്തിരിക്കുന്ന ആൾ, തന്നെ ഉപേക്ഷിക്കയില്ലെന്നു് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. ഇതാണു് യഥാർത്ഥത്തിലുള്ള ക്രൈസ്തവവിശ്വാസത്തിൻെറ മാതൃക. ഹെബ്രായർക്കുള്ള ലേഖനത്തിൽ വി. പൗലോസ് വിശ്വാസത്തിൻെറ ആവശ്യം, ദൈവ

സംപ്രീതിക്കുള്ള ഏകവും അനിവാര്യവുമായ അടിസ്ഥാനഘടകമായിപ്പറയുന്നുണ്ട്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. വിശ്വാസംമൂലമാണ് മൂശയുടെ മാതാപിതാക്കൾ രാജകല്പന ഭയപ്പെടാതെ മൂന്നു മാസത്തേയ്ക്ക് ശിശുവിനെ ഒളിച്ചുവച്ചത്. വിശ്വാസത്താൽ ആബേൽ കായേൻേറതിനേക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു സമർപ്പിച്ചു. ആകയാൽ അദ്ദേഹം നീതിമാനാണെന്ന സാക്ഷ്യം ലഭിച്ചു. വിശ്വാസംമൂലമാണ് ഇസ്രായേൽജനം കരയിലൂടെ എന്നവണ്ണം ചെങ്കടൽ കടന്നത്. അവരെ പിന്തുടന്ന ഈജിപ്ത്കാർ മുങ്ങിപ്പോവുകയും ചെയ്തു. വിശ്വാസത്തോടെ ഏഴുദിവസം ജെറീക്കോയ്ക്ക് വലംവച്ചപ്പോൾ അതിൻെറ കോട്ടകൾ ഇടിഞ്ഞുവീണു. ഗെദയോൻ, ബാറാക്ക്, സാംസൺ ജെഫ്തെ, ദാവീദ്, സാമുവൽ എന്നിവരെയും പ്രവാചകന്മാരെയുംപററി ചിന്തിക്കുക. അവർ വിശ്വാസം വഴി രാജ്യങ്ങൾ പിടിച്ചടക്കി; നീതിനടത്തി; വാളിൽ നിന്നും രക്ഷപ്പെട്ടു. രോഗങ്ങളിൽനിന്നു സുഖംനേടി; യുദ്ധത്തിൽ ശക്തരായിത്തീന്നു; സൈന്യങ്ങളെ പലായനം ചെയ്യിച്ചു.''

മനുഷ്യനിന്ന് തന്നിലെയും ലോകത്തിലെയും പ്രശ്നങ്ങളുടെ പരിഹാരത്തിനായി നെട്ടോട്ടം നടത്തുകയാണ്. ഐക്യത്തിനും ഒരുമയ്ക്കും വേണ്ടിയുള്ള ആഹ്വാനം– ശാന്തിക്കും സമാധാനത്തിനും സൗഭാഗ്യത്തിനും വേണ്ടിയുള്ള ഭഗീരഥ ശ്രമങ്ങൾ. പക്ഷേ, മനുഷ്യനെ സ്വതന്ത്രനാക്കി ഒന്നാക്കി നിത്തുന്ന ഈശ്വരനെവിടെ! 'എ പാസ്സേജ്ററു ഇൻഡ്യ' എന്ന ഇ. എം. ഫോസ്റ്ററുടെ നോവലിലെ പ്രമേയം വളരെ ചിന്താർഹമാണ്. പൊതുവിൽ മൂന്നു ഭാഗങ്ങളായി ഈ നോവൽ തിരിച്ചിരിക്കുകയാണ്, നോവലിസ്ററ്. ബ്രിട്ടീഷുകാർ ഇൻഡ്യയെ അടിമ

ത്തത്തിൽ വച്ചുകൊണ്ടിരുന്ന പശ്ചാത്തലത്തിൽ എഴുതിയതെങ്കിലും കാലത്തെ അതിജീവിക്കുന്ന ചില നിത്യനൂതന സന്ദേശങ്ങൾ അനുവാചകനിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു സ്രോതസ്സാണീ ഗ്രന്ഥം. സനാതനവും പരമോന്നതവുമായ സൗഭാഗ്യത്തെ പുണരാനുള്ള മനുഷ്യന്റെ ശമിക്കാത്ത ദാഹത്തിന്റെ– മുക്തിക്കുവേണ്ടിയുള്ള വേദനയുടെ– ആർത്തനാദമാണ് ഇതിലെ പ്രമേയമെന്നു പറയാം. ആ സനാതന സൗഭാഗ്യം– സത്യം– സ്നേഹമാണെന്ന ക്രൈസ്തവസങ്കല്പം തന്നെയാണ് ഹേസ്സും പരോക്ഷമായി ചൂണ്ടിക്കാണിക്കുക. മനുഷ്യവർഗ്ഗത്തിന്റെ സൗഹാർദ്ദപൂർണ്ണമായ കൂടിച്ചേരലിനു്, മനസ്സുകളുടെ ഐക്യത്തിനു്, ഒരുമയ്ക്കു്, വിശ്വത്തെ സൃഷ്ടിച്ചുപരിപാലിക്കുന്ന പരംപൊരുളിന്റെ ദിവ്യചൈതന്യത്താൽ പൂരിതമായി മനുഷ്യൻ ആന്തരിക പരിവർത്തനം നേടണമെന്നു് ഭംഗ്യന്തരേണ ഈ നോവൽ തെളിയിക്കുന്നു. സ്ത്രീ, പുരുഷനുവേണ്ടിയും പുരുഷൻ, സ്ത്രീക്കുവേണ്ടിയും ദാഹിക്കുന്നു. ഏതോ ഒരു ദേവകോപത്താൽ, ഒന്നായി സൃഷ്ടിക്കപ്പെട്ടിട്ട് വിധിവൈപരീത്യത്താൽ വേർപെട്ടവരാണ് സ്ത്രീയും പുരുഷനും എന്നാണല്ലോ യവനപുരാണം. നഷ്ടപ്പെട്ട പകുതിയെ തേടിയുള്ള പ്രയാണം – വിരഹം നീക്കി ഒന്നിക്കാനുള്ള മോഹമാണ് ഈ ശിഥിലീകരണം. സ്ത്രീയും പുരുഷനും തമ്മിൽ മാത്രം സംഭവിച്ചതല്ല– പ്രപഞ്ചത്തിന്റെ തന്നെ സമതോലനവും സമഗ്രതയും, അഖണ്ഡതയും– ഒക്കെ നഷ്ടപ്പെടുത്തിയതാണ് മനുഷ്യന്റെ പാപം. മനുഷ്യന്റെ ഭാഗത്തുനിന്നുള്ള ഈ അവിശ്വസ്തത എല്ലാമതങ്ങളുടെയും അടിസ്ഥാന ചിന്താധാരയിൽ ഉൾച്ചേർന്നിരിക്കുന്നതായി കാണാവുന്നതാണ്. സ്നേഹം തന്നെയായ ഈശ്വരന്റെ സ്നേഹത്തിൽ ഒന്നായിരുന്ന വിശ്വത്തിന്റെ യോജിപ്പിനും അഖണ്ഡതയ്ക്കും, പരസ്പരബന്ധത്തിനും തകർച്ച സംഭവിച്ചതോടുകൂടി മനുഷ്യൻ മനു

ഷ്യനെതിരായി; എൻെറ സഹോദരൻെറ കാവൽക്കാരനല്ല ഞാൻ എന്ന എതിപ്പിൻെറ ശബ്ദം ഉയൎന്നു. ദൈവത്തെപ്പോലെ ആകുവാനുള്ള മനുഷ്യൻെറ അതിരുകടന്ന ആഗ്രഹത്തിൻെറ മറുവശമായിരുന്നു അതു്. അതോടൊപ്പം സൎവ്വചരാചരങ്ങളും മനുഷ്യനു് എതിരായി. നഷ്ടപ്പെട്ടുപോയ 'ഒരുമയുടെ' മധുരസ്മരണകളുടെ മങ്ങിയ നിഴലുകാം മനുഷ്യൻെറ മനസ്സിൻെറ അഗാധനീലിമയിൽ തങ്ങിനില്ക്കുന്നതിൻെറ തെളിവായിരിക്കാം, ശാന്തിക്കും സമാധാനത്തിനും ഐക്യത്തിനും ഒന്നായിത്തീരുന്നതിനുമുള്ള പ്രപഞ്ചത്തിൻെറ അപ്രതിഹതമായ ആവേശം.

പലപ്പോഴും ഉപരിപ്ലവമായ ചില ബന്ധനങ്ങൾ സൃഷ്ടിച്ചുകൊണ്ടു് അന്തഃസത്തയിൽ നിന്നു് അഥവാ ചേതനയിൽനിന്നും നിൎഗ്ഗളിക്കേണ്ട യഥാൎത്ഥ ബാന്ധവം സാധിച്ചതായി മനുഷ്യൻ ഭ്രമിച്ചുപോകുന്നു. ഉദാഹരണത്തിനു് ഇ. എം. ഫോസ്റ്ററുടെ നോവലിലെ ആദ്യത്തെ ഭാഗമായ 'മോസ്ക്കു്'– മുസ്ലീം പള്ളി– തന്നെയെടുക്കാം. ഇതൊരു പ്രതീകമാണു്. പ്രപഞ്ചത്തിൽ കാണാവുന്ന വിഘടനങ്ങളുടെയും സംഘൎഷങ്ങളുടെയും ചേരിതിരിവുകളുടെയും വിവേചനത്തിൻെറയും അകൽച്ചയുടെയും എല്ലാം സാമാന്യമായ ഒരു ചിത്രീകരണം ഇതിലുണ്ടു്. ഇതിൽ ഇംഗ്ലീഷുകാരനും ഇൻഡ്യാക്കാരനും തമ്മിലുള്ള മാനസികവും വൈകാരികവുമായ അകൽച്ചയുണ്ടു്. ഇംഗ്ലീഷുകാരനും, ഇംഗ്ലീഷുകാരനും തമ്മിലുള്ള ചേരിതിരിവുണ്ടു്.

ഇൻഡ്യാക്കാർതന്നെ ജാതിയുടെയും വൎണ്ണത്തിൻെറയും വൎഗ്ഗത്തിൻെറയും മതത്തിൻെറയും പേരിൽ നൂറുഗണങ്ങളും ഉപഗണങ്ങളും, ഉപഗണങ്ങളിൽ ഉപവലയങ്ങളുമായി തിരിഞ്ഞിരിക്കുന്നു. അതിൽ രണ്ടു പ്രധാന വിഭാഗങ്ങൾ ഹിന്ദുക്കളും മുസ്ലീങ്ങളും; എന്നുമുതൽ തുടങ്ങിയ

താണീ മത മാത്സര്യങ്ങൾ? കൽക്കട്ടായിലെ നവഖാലിയിലും ശ്രീറാംപൂരിലും രക്തപ്പുഴകൾ ഒഴുകിയതു് ഇതിൻെറ പേരിലല്ലേ? ഓരോ രാജ്യക്കാർ, മതത്തിൻെറ പേരിൽ കെട്ടിയുയർത്തിയ കന്മതിൽക്കെട്ടുകൾ!! രാഷ്ട്രങ്ങൾ രാഷ്ട്രങ്ങളെ വർണ്ണത്തിൻെറ പേരിൽ ചൂഷണം ചെയ്യുന്നു. മാനസികവും വൈകാരികവുമായ പൊരുത്തപ്പെടൽ സാധിക്കാത്ത വ്യക്തി, ആന്തരിക സംഘട്ടനം അനുഭവിക്കുന്നു. വസ്തുത ഇതാണെങ്കിലും എങ്ങും ഒരുമയ്ക്കുവേണ്ടിയുള്ള ശ്രമങ്ങളാണു്. വിശ്വമാനവനും ലോകഗവൺമെൻറും ക്ഷേമരാഷ്ട്രവുമെല്ലാം ഇതിൻെറ മുന്നോടികൾ തന്നെ. പക്ഷെ ഒന്നാമതായി മനുഷ്യൻ തന്നോടുതന്നെ ഐക്യപ്പെടണം. ആദിപാപത്തെ ആധുനികബൈബിൾ വിജ്ഞാനീയത്തിൻെറ പശ്ചാത്തലത്തിൽ എങ്ങനെ വിലയിരുത്തിയാലും മനുഷ്യനു് ആന്തരികമായി ഒരു പാളിച്ച–അപഭ്രംശം–സംഭവിച്ചുപോയിട്ടുണ്ടു്. അതു മനസ്സിലാക്കിത്തിരുത്തുകതന്നെയാണു് അതിനുള്ള പോംവഴി. അകത്താണു് പാളിച്ചയുടെ കാരണം. ആന്തരികപരിവർത്തനമാണു് ക്രിസ്തുവിലുള്ള വിശ്വാസവും അരൂപിയിലുള്ള മാമ്മോദീസായും ആവശ്യപ്പെടുന്നതു്. ആന്തരിക പരിവർത്തനം സാധിക്കാതെയുള്ള ഒരുമയുടെ യത്നങ്ങൾ വിജയപ്രദമാവില്ല. 'മോസ്ക്' അകൽച്ചയുടെയും വിയോജിപ്പിൻെറയും ഒരു സിംഫണി കാണിക്കുമ്പോഴും ഉപരിതലത്തിൽ നടക്കുന്ന യോജിപ്പിൻെറ ഒരു സിംഫണിയും ഉയർത്തുന്നുണ്ടു്. കാരണം അതിൽതന്നെ വേർപെട്ടു നിൽക്കുന്ന ഇൻഡ്യാക്കാർ ഇംഗ്ലീഷുകാരുടെ മുമ്പിൽ ഒററക്കെട്ടാണു്. ഐക്യവും സൗഹാർദ്ദവും പുലർത്തുന്നവരാണു്. ഈ ഐക്യം സാർവ്വത്രികമല്ല; കറകളഞ്ഞ സ്നേഹമല്ല. ഒരു വിഭാഗത്തെ ഒഴിച്ചുനിറുത്താൻവേണ്ടി താൽക്കാലിക താല്പര്യങ്ങളുടെ പേരിലുള്ള ഒരുതരം ഒന്നുചേരലാണു്. അരൂപിയുടെ

തലത്തിലേയ്ക്കു കടക്കാത്ത ചില സ്വാത്ഥതാല്പര്യങ്ങളു ടെയും സ്ഥാപിത ലക്ഷ്യങ്ങളുടെയും പേരിലുള്ള ഒരുമ വേറൊരു രീതിയിലും ഐക്യം സൃഷ്ടിക്കാം. സന്മനസ്സ്, സഹാനുഭൂതി, ഔദാര്യം, പരോപകാരപ്രവൃത്തികഠം എന്നിവവഴി, മനുഷ്യസഹജമായ അനൈക്യവും ചേരി തിരിവും നീക്കിക്കളയാം. അസ്സീസ്സ് എന്ന മുഹമ്മദീ യനും മിസ്സുസ് മൂർ എന്ന ഇംഗ്ലീഷ് വനിതയും തമ്മി ലുള്ള സുഹൃദ്ബന്ധം ഇത്തരത്തിലുള്ള സഹകരണത്തി ൻേറതാണ്. അതുപോലെതന്നെ അഡെലാ ക്വെസ്റ്റഡ് എന്ന യുവതിയും ഫീൽഡിങ് എന്ന ഇംഗ്ലീഷ്കാരനും തമ്മിലും നോവലിൻെറ ആദ്യഭാഗത്തു് മനുഷ്യർ തമ്മി ലുള്ള വിള്ളലുകളെ ഏതാണ്ടൊരു രൂപത്തിൽ മൂടിപ്പൊ തിഞ്ഞു് ഒരു തരം ആത്മസംതൃപ്തിയും സമാധാനവും നേടുവാൻ വ്യക്തിയും സമൂഹവും ശക്തിയായി പരിശ്രമി ക്കുന്നുണ്ടു്. ഈ ഒട്ടിച്ചുചേക്കലും ഒന്നാകലും തീത്തും അത്ഥശൂന്യമാണെന്നു് പറയുന്നില്ല. പക്ഷെ ഈ സ്നേഹ ബന്ധങ്ങളുടെ തായ്വേരുകഠം ആഴത്തിൽ ഓടി ഇറങ്ങി യിട്ടില്ല. അതുകൊണ്ടാണല്ലോ പരസ്പരവിരുദ്ധമായ പ്രവത്തനങ്ങളിലൂടെ മനുഷ്യൻ പ്രശ്നമായി മാറുന്നതു്. നീർച്ചുഴിയിൽപ്പെട്ടു്, മരണവക്ത്രത്തിലെത്തിയിരി ക്കുന്ന അയൽക്കാരൻെറ ഭാര്യയെ രക്ഷിയ്ക്കാൻ ജീവൻ പണയംവച്ചുകൊണ്ടുതന്നെ ജലഗർഭത്തിലേയ്ക്കു് ഊളിയി ട്ടിറങ്ങുന്ന യഥാത്ഥ സ്നേഹിതനായ മനുഷ്യൻെറ ചിത്രം ഒരുവശത്തു്; ആ സ്നേഹിതൻതന്നെ അയൽക്കാരൻെറ ഭാര്യയെ മോഹിച്ചു് അവളുമായി അവിഹിത വേഴ്ച യിൽ ഏർപ്പെടുന്ന വേറൊരുചിത്രം അതിൻെറ മറുവ ശത്തു്. രണ്ടിൻെറയും കർത്തൃത്വം ഒരേ വ്യക്തിയിൽ തന്നെ ആരോപിക്കാം. എന്താണിതിനു കാരണം.?

നോവലിൻെറ രണ്ടാമത്തെ ഭാഗമായ ''കേവ്'' (ഗുഹ) ലേയ്ക്കു് കടന്നാൽ മനുഷ്യൻ നിർമ്മിച്ച ബന്ധങ്ങളും

ഐക്യവും ഞൊടിയിടയിൽ തകൎന്നടിയുന്ന ദുഃഖകരമായ അനുഭവമാണു്. മാർബാർ ഗുഹകളിലേയ്ക്കു് ഉല്ലാസ യാത്ര നടത്തുന്ന മൂന്നു പേരാണു് അസ്സീസ്സു്, മിസ്സു് അഡെലാ കൊസ്റ്റെഡു്, മിസ്സസ്സു് മൂർ എന്നിവർ. ഉററ സുഹൃത്തുക്കളായി ഗുഹയിലെ, പ്രാചീന ചിത്രകലകാം കണ്ടാൽ ഉള്ളിൽ കടക്കുന്ന രണ്ടു സ്ത്രീകളിൽ വ്യതിരിക്ത മായ അനുഭൂതികളാണു് ഗുഹയിൽ നിന്നും പ്രതിധ്വ നിച്ച ശബ്ദം ഉളവാക്കിയതു്. തൻെറ തന്നെ സ്വരത്തി ൻെറ പ്രതിധ്വനി കേട്ടിട്ടു് പ്രജ്ഞയററ അഡെലകൊ സ്റ്റെഡു്, അവളെ ബലാൽസംഗം ചെയ്യാൻ തുനിയുന്ന അസീസ്സിനെ ഭാവനയിൽ കാണുന്നു. അസീസ്സു് ഈ കാര്യത്തിൽ നിർദ്ദോഷിയായിരുന്നു. അവളുടെ ഇച്ഛയ്ക്കെ തിരായി ഒരു പുരുഷനോടു് നിർബ്ബന്ധിത വിവാഹ ത്തിനു് കരാറുണ്ടാക്കിയ ആ സ്ത്രീയുടെ മാനസികാവസ്ഥ യുടെ ഒരു 'പ്രൊജക്ഷൻ' മാത്രമായിരുന്നു ആ ബലാൽ സംഗശ്രമം. എന്നാൽ മിസസ്സു് മൂറിലാകട്ടെ 'നിതാന്ത ശൂന്യതയുടെ ദൈവീകാനുഭൂതി'യാണു് ആ സ്വരം ഉളവാ ക്കിയതു്. കഥയവിടെ നിൽക്കട്ടെ. ആത്യന്തികമാ യി ദൈവീകാനുഭൂതിയിലൂടെ മാത്രമേ സാക്ഷാത്തായ ഐക്യവും സ്നേഹവും സാധിതമാകു എന്നുള്ളതിൻെറ സാക്ഷ്യമാണു് മൂർ എന്ന സ്ത്രീ. അതുപോലെതന്നെ അരൂപിയുടെ തലത്തിലല്ലാതെ മനുഷ്യൻ നടത്തുന്ന യോ ജിപ്പിനും ഒരുമയ്ക്കും വേണ്ടിയുള്ള അനുരഞ്ജനശ്രമങ്ങളെ ല്ലാം നിമിഷംകൊണ്ടു് തകൎന്നടിയുമെന്നുള്ളതിൻെറ പ്രകാ ശനമാണു് കൊസ്റ്റെഡു്. ഈ കേസ്സു് വലിയൊരു കൊ ടുംകാററു് ഉയൎത്തിവിട്ടു. ഇംഗ്ലീഷുകാരും ഇന്ത്യാക്കാരും രണ്ടു ചേരിയായി നിന്നു കേസ്സു് നടത്തി. അവസാനം അസ്സീസു് വിജയിക്കുന്നു.

കഥയുടെ മൂന്നാമത്തെ ഭാഗത്തു് ഒരു അമ്പലമാണു് നോവലിസ്റ്റു് പ്രതീകാത്മകമായി കൊണ്ടുവരുന്നതു്.

ആദ്ധ്യാത്മികജീവിതത്തിലൂടെ, ജിതേന്ദ്രിയനായ– നിസ്സംഗനായ– ഒരു യോഗിയുടെ രൂപമാണു് ഈ രംഗത്തിൽ ആദ്യം കാണുക. ഭൗമികതലവും ചേതനയുടെ തലവും സമഗ്രമായി സമ്മേളിച്ചാൽ മാത്രമേ മനുഷ്യനു് ശാശ്വതവും പരിപൂർണ്ണവുമായ ശാന്തിയും സമാധാനവും ലഭിക്കൂ എന്ന സന്ദേശമാണീ യോഗി നൽകുന്നതു്. മനുഷ്യനിൽ നന്മയും തിന്മയും ഉണ്ടു്. രതിയും വിരതിയും കൂടിയ, സങ്കരമാണവൻ. മനുഷ്യനെന്ന കടം കഥയ്ക്കുത്തരം കണ്ടെത്താൻ ഈശ്വരന്റെ അനന്തകാരുണ്യം ആവശ്യമാണു്. മനുഷ്യനെ ഒന്നാക്കി സാർവ്വത്രികമായി ഈശ്വരസ്നേഹത്തിൽ ഉറപ്പിക്കുന്നതു് ക്രിസ്തുവാണു്. മനുഷ്യനെ സ്വതന്ത്രനാക്കി, ഒരു സമൂഹമായി, ഒന്നാക്കി ചെയ്യുന്നതു് ദൈവത്തിന്റെ അരൂപിയാണു്. ദൈവത്തെ ആബാ– അപ്പാ– എന്നു വിളിക്കുന്ന ആ പുത്രഭാവത്തിന്റെ അരൂപിയിലൂടെ മാത്രമേ മനുഷ്യനു് ശാന്തിയിലേയ്ക്കും സമാധാനത്തിലേയ്ക്കും നടന്നടുക്കുവാൻ സാധിക്കുകയുള്ളൂ. മൃതവസ്തുക്കൾക്കു് ഒന്നിനൊന്നോടു ചേർന്നു് അടുത്തു കിടക്കാൻ കഴിയും. അതുപോലെ മനുഷ്യനും ഒരേ ബഞ്ചിൽ ഇരുന്നു പഠിക്കാം. ഒരേ കിടക്കയിൽ കിടന്നുറങ്ങാം. ചുംബനത്തിലൂടെ സ്നേഹം പകരുന്നു എന്നു ധരിപ്പിക്കാം; വാക്കുകളിലൂടെ സ്വയം വെളിപ്പെടുത്തുന്നു എന്നു വിശ്വസിപ്പിക്കാം. എന്നാൽ അരൂപിയുടെ പ്രവർത്തനമില്ലെങ്കിൽ ഇതെല്ലാം കപട നാട്യങ്ങളായിരിക്കും. അവിടെ സംലഭ്യതയില്ല – ആത്മദാനമില്ല. സംപൂർണ്ണമായ സമർപ്പണമില്ല. കല്ലുകൾ ഒന്നിച്ചുകൂട്ടിയാൽ കിടക്കുന്നതുപോലെ വെറും ശാരീരികമായ ഒന്നിച്ചുകൂടൽമാത്രം. എന്നാൽ അരൂപിക്കു്– ചേതനയ്ക്കു്– ആത്മാവിന്റെ ഉള്ളിലേക്കു് കടക്കാൻ കഴിയും. അരൂപിയിൽ ബന്ധിതരാണു് ദൈവത്തിന്റെ മക്കൾ. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും വഴി പുത്തൻ ചൈതന്യമാണു് മനുഷ്യൻ ഉൾക്കൊണ്ടിരിക്കുന്നതു്.

**നീയെൻെറ 'മുഖം' ഞാൻ നിൻെറ 'മുഖം'**

വചനം–ജീവൻ–പ്രകാശം എന്നീ പ്രതീകങ്ങറം മാറി മാറി ഉപയോഗിച്ചുകൊണ്ടാണ് വി. ജോൺ ക്രിസ്തുവിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതു്. വചനം ഒരുവൻെറ ഉള്ളിൻെറ പ്രകാശനമാണു്. അവൻെറ ആത്മാവിഷ്ക്കരണമാണതു്. വചനത്തിൽ ജീവനുണ്ടു്. അറിവുണ്ടു്–സ്നേഹമുണ്ടു്.

തന്നതില്ല പരനുള്ളകാട്ടുവാ–
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നുഭാഷയത പൂർണ്ണമിങ്ങഹോ
വന്നുപോംപിഴയുമർത്ഥശങ്കയാൽ!

എന്നു ചിന്തിച്ച കവി അപൂർണ്ണമെങ്കിലും ഉള്ളുകാട്ടുവാൻ ഈശ്വരൻ തന്നിരിക്കുന്ന ഏകഉപാധി, ഭാഷയാണെന്നു സമർത്ഥിക്കുന്നു. ഈ അർത്ഥത്തിൽ ക്രിസ്തു പിതാവിൻെറ വചനമാണെന്നു പറയുമ്പോറം അവിടുന്നു പിതാവിൻെറ സ്നേഹത്തിൻെറയും ജീവൻെറയും അറിവിൻെറയും മാംസം ധരിച്ച രൂപമാണെന്നു മനസ്സിലാക്കണം. മനുഷ്യനെ ദൈവീകജീവനിലേയ്ക്കുയർത്തി പുതിയ സൃഷ്ടിയാക്കിത്തീർക്കുന്ന പിതാവിൻെറ സ്നേഹമാണു് ക്രിസ്തു. ആ സ്നേഹം ജീവനാണു്; പ്രകാശമാണു്. ദൈവത്തിൻെറ സ്നേഹദാനമായ ക്രിസ്തുവിനെ ഉള്ളു തുറന്നു സ്വീകരിക്കുന്നവൻ രക്ഷിതനാകും. ഞാൻ ലോകത്തിലേയ്ക്കു വന്നതു് അവർക്കു ജീവൻ ഉണ്ടാകേണ്ടതിനും അതു സമൃദ്ധമായി ഉണ്ടാകേണ്ടതിനുംവേണ്ടിയാണെന്നു് ക്രിസ്തുനാഥൻ പറഞ്ഞിട്ടുണ്ടു്. ക്രിസ്തു ലോകത്തെ സ്നേഹിച്ചുകൊണ്ടാണു് ലോകത്തെ രക്ഷിച്ചതു്. ഒരു ഹീബ്രൂവിനു് ഏററവും അപമാനകരമായ കുരിശുമരണം സ്വയം ഏററെടുത്തുകൊണ്ടു്, ലോകദൃഷ്ടിയിൽ ഭോഷത്തമായ ഒരു മാർഗ്ഗത്തിലൂടെയാണു് ക്രിസ്തു ലോകത്തെ വിമോ

ചിപ്പിച്ചതു്. കുരിശു് ഒരു പ്രതീകം അഥവാ പ്രതിരൂപം മാത്രമാണു്. അതൊരു വിരോധാഭാസം കൂടിയാണു്. പണ്ടു് അതു് പരാജയത്തിന്റെയും അപമാനത്തിന്റെയും ചിഹ്നമായിരുന്നു. എന്നാൽ ഇന്നതു് ജീവന്റെയും മഹത്വത്തിന്റെയും അടയാളമാണു്. കുരിശു കാണുമ്പോഴും, കുരിശെന്നുകേൾക്കുമ്പോഴും, ഒരു ഞെട്ടൽ ഇന്നും സ്വാഭാവികമാണു്. അതേസമയം കുരിശിനോടു് വൈകാരികമായ ഒരു ഭക്തിയും. ഇങ്ങനെ സമ്മിശ്രമായ വികാരങ്ങളും മാനസികാവസ്ഥകളുമാണു് കുരിശുണർത്തുക. പൗലോസു് ശ്ലീഹ പറയുന്നു, "യഹൂദന്മാർക്കു് ഇടർച്ചയും വിജാതീയർക്കു് ഭോഷത്തവുമായ ക്രൂശിതനായ മിശിഹായെയാണു് ഞങ്ങൾ പ്രസംഗിക്കുന്നതെ"ന്നു് (1കോ. 1–23). എന്നാൽ കുരിശിൽ ദൈവത്തിന്റെ അനന്തജ്ഞാനമുണ്ടു്. നിത്യനും അപരിമേയനും സർവ്വജ്ഞനുമായ ദൈവം സ്വയം തിരഞ്ഞെടുത്ത മാർഗ്ഗമാണു് കുരിശു്. ലോകത്തിന്റെ മാർഗ്ഗമല്ല, ദൈവത്തിന്റെ വഴികൾ അതിന്റെ ജ്ഞാനമല്ല ദൈവീകജ്ഞാനം. കുരിശു്–സഹനം–വേദന അതിൽത്തന്നെ അഭികാമ്യമല്ല. മനുഷ്യപ്രകൃതിക്കു രുചിക്കുന്നതുമല്ല. വേദന അകററിനിറുത്തി സുഖം അനുഭവിക്കാനാണു് മനുഷ്യന്റെ സ്വാഭാവിക വാസന. ക്രിസ്തുവാകട്ടെ ദാസന്റെ–അടിമയുടെ–വേഷം സ്വീകരിച്ചുകൊണ്ടു് സ്വയം ശൂന്യനാക്കി. അതും കുരിശു മരണത്തോളം. അതായിരുന്നു നവജീവൻ–നിത്യജീവൻ മനുഷ്യനിലേയ്ക്കു് പകർന്നു കൊടുക്കാൻ ദൈവമായിരുന്ന അവിടുന്നു് സ്വീകരിച്ച മാർഗ്ഗം.

കുരിശിന്റെ അന്തരാത്മം എന്താണു്? സ്നേഹത്തിന്റെ ഒരു അവിഭാജ്യ ഘടകമാണു് കുരിശു്. സ്നേഹമാകട്ടെ അപരനിലേയ്ക്കുള്ള ആത്മവ്യാപനമാണു്– സ്വയംദാനമാണു്– സ്വയം മററുള്ളവക്കു സംലഭ്യമാക്കുകയാണു്

സ്നേഹത്തിൻെറ ധർമ്മം. ആത്മദാനത്തിൽ ഞാനായിരിക്കുന്നതും എനിക്ക് ഉള്ളതും പരോന്മുഖമായി ചലിക്കുന്നു. എനിക്ക് ഉള്ളത് അപരന് കൊടുക്കുന്നതിൽ വലിയവേദനയില്ല. എന്നാൽ എന്നെത്തന്നെ – എൻെറ അന്ത:സത്ത– പകരുന്നതിൽ വേദനയുണ്ട്. ഈ വേദനയാണ് കുരിശ്. ക്രിസ്തുനാഥൻ തന്നെത്തന്നെയും, തൻെറതായിരുന്നതും മനുഷ്യ രക്ഷയ്ക്കുവേണ്ടി വ്യയംചെയ്തു. അപ്പോഠം മാനുഷികമായി അവിടുന്നു ഭയന്നു; രക്തം വിയർത്തു; കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ എന്നു പ്രാർത്ഥിച്ചു. അസ്തിത്വത്തിൻെറ പരിമിതിയിൽ അവിടുന്ന് മാനസിക വ്യഥ അനുഭവിച്ചു. മനുഷ്യൻെറ അസ്തിത്വപരമായ നിരാശയിലും ഉല്കണ്ഠയിലും ഭയത്തിലും ക്രിസ്തു പൂർണ്ണമായി പങ്കുചേർന്നു. എന്നാൽ അതിനെ മറികടന്ന്, അതിനുപരിയായി തന്നെത്തന്നെ സ്ഥാപിച്ചു; അതിനെ നിഷ്പക്ഷമായി വിധിച്ചു. അതുകൊണ്ട് അവിടുന്ന് പിതാവിൽനിന്നോ, മനുഷ്യരിൽ നിന്നോ, തന്നിൽ നിന്നുതന്നെയോ വേർപെട്ടു പോയില്ല. അതു സാധിച്ചതും വിശ്വാസത്തിലൂടെ, സർവ്വാതിശായിയായ ഈശ്വരാസ്തിത്വത്തിൽ നിരുപാധികം, തന്നെ ഉറപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. ഇതാണ് വിശ്വാസം, വിശ്വാസത്തിലൂടെ പിതാവിൻെറ ജ്ഞാനവും മനസ്സുമായി പൊരുത്തപ്പെട്ട തിരുസ്സുതൻ കുരിശിനെ തഴുകി അതിൽ കിടന്നുറങ്ങി. അതിലൂടെ ലോകരക്ഷയും സ്വന്തനിർവൃതിയും നേടി. ആ വിശ്വാസത്തിൽ മനോവ്യഥയും, അവ്യക്തതയും വൈരുദ്ധ്യാത്മകതയുമെല്ലാം ഉണ്ടായിരുന്നു. കുരിശിലെ ആ സ്വയം ദാനത്തിൽ നിന്നും പുതുജീവൻ വാർന്നൊഴുകി. നാശത്തിൻെറ അടയാളമായിരുന്ന കുരിശ് പുഷ്പിതമായി– ജീവൻെറ– നവജീവൻെറ–ഉറവിടമായി. കുരിശുകഠം നീക്കിക്കളയുകയല്ല ക്രിസ്തുനാഥൻ ചെയ്തത്. കുരിശിന്– സഹനത്തി

ൻ്– പുതിയ മൂല്യം നൽകി. കരിശിൽ സ്നേഹമുണ്ട്– സേവനമുണ്ട്–; സ്നേഹത്തിൽ നിർവൃതിയുണ്ട്. അവിടുന്നു പറഞ്ഞു, നാഥനും ഗുരുവുമായ, ഞാൻ സ്വയം ശൂന്യനാക്കി നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങൾ പരസ്പരം ശൂന്യരാക്കി പാദങ്ങൾ കഴുകണമെന്നു്. ''ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനാണു് വന്നതു്.'' ''നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യരാണെന്നു ലോകം അറിയും. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം.'' സ്നേഹം ആത്മദാനസന്നദ്ധവും പരോന്മുഖതയും പരാപ്പിതഭാവുമാണെങ്കിൽ അതിൽ വേദനയുണ്ടു്. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക' എന്നു പറഞ്ഞപ്പോൾ ഈ വേദന സഹിച്ചുകൊണ്ടു് അന്യരിലേയ്ക്കു് ഇറങ്ങി ചെല്ലാനാണു് അവിടുന്നു് പറഞ്ഞതു്. ക്രിസ്തുനാഥൻ പിതാവിൻെറ വചനവും പിതാവിൻെറ കല്പനയുമാണു്. ദൈവം പറഞ്ഞ സുന്ദരമായ വാക്കു മാത്രമല്ല, മനുഷ്യനോടു് പറയാൻ ദൈവത്തിനുള്ള ഉത്തമവചനവും കൂടിയാണു് മനുഷ്യൻ. ആ മനുഷ്യനിന്നു് സാമ്പത്തിക ദാരിദ്ര്യത്തെക്കാളേറെ വൈകാരിക ദാരിദ്ര്യമനുഭവിക്കുകയാണു്. അവനിന്നു് അനുകമ്പയും ദയയുമല്ല, സ്നേഹവും സഹാനുഭൂതിയുമാണാവശ്യം. വോളിയറുടെ നാടകത്തിലെ ഡോൺജ്ജുവാനെപ്പോലെ ഉത്തരവാദപൂർണ്ണമല്ലാത്ത സ്നേഹമല്ലാവശ്യം– ഡോൺജ്ജുവാൻെറ ഹോബിയാണു് പ്രേമിക്കൽ. സ്വന്തം ആഗ്രഹനിവൃത്തിക്കായി ഒരേ സമയം ഡോൺ പലരുമായി അടുക്കുന്നു. ആവശ്യം കഴിയുമ്പോൾ വസ്ത്രം മാറുന്നതുപോലെ അവരെ അഴുക്കുവസ്ത്രം കണക്കെ ദൂരെയെറിയുന്നു. ഈ നടപടിയെ ''സ്നേഹമെന്നു പറഞ്ഞുകൂടാതാനും.'' സ്നേഹമെന്ന ആ ചെറിയ വാക്കിൽ നിറഞ്ഞിരിക്കുന്നിടത്തോളം നുണയും ചതിയും ഇന്നു്

മററൊരു വാക്കിലുമില്ല എന്നു് നാടകകൃത്തായ ഇബ്
സൺ പറഞ്ഞതിനു കാരണമിതാണു്. കുരിശിലെ സ്നേ
ഹത്തിലൂടെ ലോകത്തിനു വിമോചനമരുളിയ ക്രിസ്തുവി
ൻെറ പുതിയ കല്പനയാണു് സ്നേഹം. നോവുംവിധം
സ്നേഹിക്കുന്നതിലാണു് ഓരോരുത്തരും സ്വന്തം മുഖം
കണ്ടെത്തുക. മുഖം മൂടി മാററി ഉള്ളു് പകരുന്ന സ്നേഹമാ
ണു് നിർവ്വതിയുടെ മാർഗ്ഗം. ഞാനും നീയും കൂടിയ
രണ്ടംഗങ്ങളുടെ, വ്യക്തിപരമായ പാരസ്പര്യത്തിലാണു്
ഈശ്വരൻ സന്നിഹിതനാവുക. ആ ഈശ്വരൻെറ രൂപം
സ്നേഹമാണു്. പൊയ്മുഖം മാററി അപരൻെറ ഉണ്മയി
ലേക്കിറങ്ങുമ്പോൾ ഞാൻ ഞാനായി– ഞാൻ നിർവ്വതി
പ്രാപിക്കുന്നു. കാലികവും പരിമിതവുമായ മനുഷ്യബ
ന്ധത്തിനു് നിത്യവും ശാശ്വതവും പൂർണ്ണവുമായ അർത്ഥം
നല്കുന്നതു് ക്രിസ്തുവിൻെറ സ്നേഹമാണെന്നുമാത്രം. ക്രിസ്തു
വിൻെറ കുരിശിനെ നാം കണ്ടെത്തേണ്ടതു് ജീവിക്കുന്ന
ചെറിയവരായ ഈ മനുഷ്യരിലാണു്. ജീവിക്കുന്ന മനു
ഷ്യദൈവങ്ങളെ നിരാകരിച്ചിട്ടു് ദൈവത്തിൻെറ ഒഴി
ഞ്ഞ ശവകുടീരത്തിലിരുന്നു കരയുന്നവരാണു് ഇന്നു ലോ
കത്തിലധികംപേരും. ഇവിടെ സ്വർഗ്ഗം സൃഷ്ടിക്കാൻ
സാധിക്കണമെങ്കിൽ മുഖംമൂടിമാററി അപരനിലേയ്ക്കു്
ഇറങ്ങണം. ഈ വേദന സഹിക്കാൻ പററുകയില്ലെ
ങ്കിൽ സ്വർഗ്ഗം ഒരു മരീചിക ആയിരിക്കും. അതുകൊ
ണ്ടാണു് ഗാന്ധി പറയുന്നതു് കുരിശിലെ മരണവേദന
യിൽ കൂടിയേ ലോകത്തിനു് എന്തെങ്കിലും നന്മചെയ്യാൻ
സാധിയ്ക്കുകയുള്ളൂ എന്നു്. യഥാർത്ഥസ്നേഹത്തിൻെറ മാ
തൃക കാണുന്ന ഒരു നോവലാണു് കുററവും ശിക്ഷയും. വി
ശ്വോത്തര നോവലിസ്റ്റായ ഫിയദോർ ഡോസ്റ്റോയെ
വ്സ്കി 'കുററവും ശിക്ഷയും' എന്ന തൻെറ നോവലിൽ–
അനുവാചകരിൽ ചലനം സൃഷ്ടിക്കുന്ന–മിഴിവാർന്ന
രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ടു്. സാധാ

രണ്ട നോവലുകളിൽ കാണുന്ന പാത്രങ്ങളിൽ നിന്നും വ്യത്യസ്തരാണിവർ. കാരണം നോവലിലെ കഥാപാത്രങ്ങളെ ടൈപ്പ് കഥാപാത്രങ്ങൾ, പരന്ന പാത്രങ്ങൾ, സജീവകഥാപാത്രങ്ങൾ, പൂർണ്ണകഥാപാത്രങ്ങൾ, ഇരുണ്ട കഥാപാത്രങ്ങൾ, ത്രിമാനപാത്രങ്ങൾ എന്നിങ്ങനെ തിരിക്കാറുണ്ട് നോവൽ വിമർശകർ. ഈ രണ്ടു കഥാപാത്രങ്ങൾ പൂർണ്ണകഥാപാത്രങ്ങളാണ്. കാലക്രമത്തിൽ ഉള്ളിൽനിന്നും വളച്ച് പ്രാപിക്കുന്നതുകൊണ്ട് സജീവങ്ങളുമാണ്.

റസ്കോൾനിക്കോവ് എന്ന യുവകൊലപാതകിയും സോണിയാ എന്ന സുന്ദരിയായ വേശ്യയും റസ്കോൾനിക്കോവ് കുററവും ശിക്ഷയും ഒരുമിച്ചനുഭവിക്കുന്നു. രണ്ട് സ്ത്രീകളുടെ കൊലപാതകത്തിൻെറ രക്തക്കറ പുരണ്ട് പങ്കിലമാണ് അയാളുടെ കരവും മനസ്സും. ഇതാണയാളുടെ കുററം. ഈ കുററത്തിൻെറ ശിക്ഷയാകട്ടെ ചെയ്യരുതാത്തതു ചെയ്തതുമൂലമുണ്ടാകുന്ന പാപബോധത്തിൻെറ അപ്രതിഹതമായ വേദന.

സോണിയാ.... അവളൊരു വേശ്യയാണ്...... സാഹചര്യത്തിൻെറ സൃഷ്ടി .... വേശ്യ ...... ശരീരത്തിൻെറ ശുദ്ധി നഷ്ടപ്പെട്ടെങ്കിലും അകതാരിൽ ദൈവീകചൈതന്യം നിറഞ്ഞു നിൽക്കുന്ന പാരിജാതം. സാമൂഹ്യ സമ്മർദ്ദത്താൽ വേശ്യാവൃത്തിയിലേയ്ക്കു വലിച്ചിഴയ്ക്കപ്പെട്ട ഒരു സാധുപെൺകുട്ടി ........ ആത്മാവിൻെറ പരിശുദ്ധി കളഞ്ഞിട്ട് ബാഹ്യമായ ശരീരത്തിൻെറ പരിശുദ്ധി കാത്തു സൂക്ഷിക്കുന്നത് അതിൽതന്നെ നല്ലതൊ? മനസ്സിൻെറ വ്യഭിചാരമല്ലേ യഥാർത്ഥത്തിൽ നരകം സൃഷ്ടിക്കുന്നത്?

ഈ രണ്ട് കഥാപാത്രങ്ങളും ഒരുമിച്ച് ഒരു മെഴുകുതിരിയുടെ വെളിച്ചത്തിലിരുന്ന് നടത്തുന്ന ഒരു സംഭാഷണ

മുണ്ട്. കുററബോധത്തിൻെറ പീഡയും കൊലയുടെ അനന്തരഫലങ്ങളും പേറി നിരാശനായി ജീവിതത്തിൻെറ നാൽക്കവലയിൽ മനമിടിഞ്ഞു നിൽക്കുന്ന റസ്കോംനിക്കോവ്. കുററത്തിൻെറ സാമൂഹ്യശിക്ഷ ഏററുവാങ്ങാൻപേടിച്ച് വിവശനായി മരിക്കാതെ മരിക്കുന്ന പരിഭ്രാന്തനായ ആ മനുഷ്യനെ ആശ്വസിപ്പിക്കാൻ കടന്നുവരുന്ന സോണിയാ.

'എനിക്കു പ്രത്യാശയില്ല–ദൈവം എവിടെ–ഞാൻ തളന്നു' എന്നു പറഞ്ഞു് സഹനത്തിൻെറ കയ്പുനീർ കുടിക്കാൻ കഴിയാത്ത ആ മനുഷ്യനെ ആശ്വസിപ്പിച്ചുകൊണ്ടു് സോണിയാ പറഞ്ഞു:

അവരം കഴുത്തിൽ അണിഞ്ഞിരുന്ന കുരിശു് എടുത്തു് ഉയർത്തിക്കൊണ്ടു് പറഞ്ഞു:–

ഈ കുരിശെടുത്തു ധരിക്കു
നമുക്കൊരുമിച്ചു സഹിക്കാം.

നിരാശയുടെ, ഉൽക്കണ്ഠയുടെ, വ്യഗ്രതയുടെ, ഭയത്തിൻെറ വേദനയിൽ ആ മനുഷ്യനിലേക്കു് ഒഴുകി വരുന്ന സ്നേഹം–സോണിയാ–ദൈവിക ജീവനാണു്. കുരിശാകുന്ന പ്രതീകത്തിലൂടെ സോണിയാ അവളുടെ ആത്മാവിനെ ദാനം ചെയ്യുകയായിരുന്നു. ആത്മദാനവും ആത്മവ്യാപനവും ഇവിടെ നടക്കുന്നു. പരോന്മുഖതയും പരാർപ്പണവുമാണു് സ്നേഹത്തിൻെറ കാതൽ. ഈ സ്നേഹത്തിൽ, ആത്മവ്യാപനത്തിൽ വേദനയുണ്ടു്, കുരിശുണ്ടു്. എന്നാൽ കുരിശു് മനുഷ്യൻെറ വിധിയാണു്. സ്നേഹം മനുഷ്യൻെറ ആവശ്യവും. ഈ വിധിയിലൂടെയാണു് മനുഷ്യൻ മുക്തനാകേണ്ടതു്. തന്മൂലം സ്നേഹത്തിലെ വേദനയിലൂടെ, മനുഷ്യൻ വിധിയെ മറി കടന്നു് മുക്തനാകുന്നു. ദുഃഖത്തിൻെറ വിധിയിൽ നിന്നുള്ള മുക്തിയാണു് സ്നേഹം. അതേസമയം ഈ സ്നേഹത്തിൽ,

മുക്തിയിൽ വേദനയുമുണ്ട്. ആ വേദന-തന്നെ മുക്തി-മിസ്റ്റിസിസം-ആയി പരിണമിക്കണം. ചുരുക്കത്തിൽ ആത്മദാനസന്നദ്ധമായ അസ്തിത്വമാണ് മുക്തി. വേദന വിധിയാണെന്നു പറയുമ്പോഠം അതു ജീവിതത്തിൻെറ സഹയാത്രികനാണെന്നുകൂടി മനസ്സിലാക്കണം. പക്ഷെ ഈ വേദന-കരിശ്ശ്-ജീവനിലേയ്ക്കുള്ള മാഗ്ഗമാണ്. കുരിശുവഹിക്കാൻ പരസ്പരം സഹായിക്കുമ്പോഠം ഓരോരുത്തരും സ്വന്തം മുഖം കണ്ടെത്തുന്നു.

ഒരു പുതിയ കല്പന നിങ്ങഠംക്കു ഞാൻ തരുന്നു.
നിങ്ങഠം അന്യോന്യം സേവിക്കണം
ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളും പരസ്പരസ്നേഹം കൊണ്ടുവേണം;
എൻെറ ശിഷ്യരാണെന്നു് ലോകം ധരിക്കേണ്ടതു്.
(ജോൺ 3: 34-35)

''ഞാൻ നിങ്ങളോടു ചെയ്തതെന്തെന്നു്
നിങ്ങഠംക്കു മനസ്സിലായൊ'' ക്രിസ്തു ചോദിച്ചു
നിങ്ങളെന്നെ ഗുരുവെന്നും
കത്താവെന്നുമാണല്ലൊ വിളിക്കുന്നതു്
അതുശരിതന്നെ; ഞാൻ അങ്ങനെതന്നെയാണ്.
നിങ്ങളുടെ ഗുരുവും കത്താവുമായ
ഞാൻ നിങ്ങളുടെ പാദങ്ങഠം കഴുകിയെങ്കിൽ,
നിങ്ങളും പരസ്പരം പാദങ്ങഠം കഴുകേണ്ടതാണ്.
ഞാൻ നിങ്ങഠംക്കൊരു മാതൃക നല്കിയിരിക്കുന്നു.
ഞാൻ നിങ്ങളോടു ചെയ്തതുപോലെ
നിങ്ങളും ചെയ്യണം.
(ജോൺ. 13:13-16)

അപരനിലേയ്ക്കു് വ്യാപിക്കാൻ കഴിയാത്തതാണ് നരകം. മുഖംമൂടിമാററാതെ അപരനിലേയ്ക്കിറങ്ങിച്ചെല്ലാൻ കഴിയുകയില്ല. സോണിയായെപ്പോലെ ആത്മ

ദാനപരമായി 'നമുക്കൊരുമിച്ച് സഹിക്കാം' എന്നു പറയുമ്പോൾ മാനസികമായും വൈകാരികമായും വ്യഥ അനുഭവിക്കുന്ന അയൽക്കാരനു് വഴിയമ്പലം ഒരുക്കുകയാണു്. ഇതു സാധിക്കുമൊ? ........... ഇവിടെ നഷ്ടപ്പെട്ട മുഖം വീണ്ടെടുത്തു്, ലോകമാകുന്ന നടനക്കളരിയിലെ പൂർണ്ണകഥാപാത്രങ്ങൾ അല്ലെങ്കിൽ സജീവ നടന്മാരാകുന്ന മനുഷ്യർ. അയൽക്കാരനിലേക്കു് അടുക്കുമ്പോഴും "നിങ്ങളിലെ നിങ്ങളെ" നിങ്ങളായി തന്നെ കാത്തുസൂക്ഷിക്കാൻ കഴിയണം. വ്യക്തിപരമായ സമഗ്രതയെ നഷ്ടമാക്കിക്കൊണ്ടല്ല; ഒന്നാകൽ സാധിക്കുകയെന്ന വലിയ തത്വം വിസ്മരിക്കാനാവില്ല. ഇതൊരു വിരോധാഭാസമാണെങ്കിലും സത്യമാണു്.

# പ്രകാശം പബ്ളിക്കേഷൻസ്

## തത്വം – നിരൂപണം – ശാസ്ത്രം.

1. വിചാരദർശനം — ഡോ. സി. കണിച്ചായ് 2.00
2. വിചിന്തനം — ജോർജ്ജ് ഇരുമ്പയം 2.00
3. കലയും ജീവിതവും — ടോം ജോസ് 2.50
4. ജരാൾഡിൻെറ അലങ്കാരശാസ്ത്രം — സാമുവൽ ചന്ദനപ്പള്ളി 2.50
5. മരണമറക്കപ്പുറത്ത് (സിംപോസിയം) 4.25

## ബൈബിൾ വിജ്ഞാനം.

1. മുക്തിമാർഗ്ഗം (വി. മ. സുവിശേഷം) — ആബേൽ 2.50
2. തീർത്ഥാടന ബൈബിൾ (Paper back) — ജോർജ്ജ് വല്ലാട്ട് M. A; B. L. 17.50
3. ബൈബിളിലെ പ്രേമകാവ്യം — ഇസഡ്. എം. മൂഴൂർ 3.00
4. ക്രൈസ്തവ വിജ്ഞാനകോശം 60.00

---

മുഖംതേടുന്ന മനുഷ്യൻ വില 2.50